ജീവദീപ്തി

jeevadeepthi@gmail.com

January 2019 Book 01 Vol 09

പ്രത്യാശാപ്രഭയിൽ
പുത്തനാണ്ട്

" അവിടുത്തെ വചനം ശ്രവിച്ചാൽ ഈ അനുഗ്രഹങ്ങളെല്ലാം നിന്റെ മേൽ ചൊരിയും.
നഗരത്തിലും വയലിലും നീ അനുഗ്രഹീതനായിരിക്കും.
നിന്റെ അപ്പക്കുട്ടയും മാവ് കുഴക്കുന്ന കലവും അനുഗ്രഹിക്കപ്പെടും.
സകല പ്രവൃത്തികളിലും നീ അനുഗ്രഹീതനായിരിക്കും" – നിയമാവർത്തനം 28 : 3 – 6

വൈപ്പിൻകരയിലെ
സുപ്രസിദ്ധ തീർത്ഥാടന
കേന്ദ്രമായ
മാനാട്ടുപറമ്പ്
തിരുഹൃദയ
ദൈവാലയത്തിൽ

2019 ജനുവരി 4 വെള്ളി

ഊട്ടുതിരുനാൾ

2019 ജനുവരി 6 മുതൽ 10 വരെ
വൈകിട്ട് 3.30 മണി മുതൽ 8.30 വരെ

വൈപ്പിൻ ബൈബിൾ കൺവെൻഷൻ

ഫാ. നോർബിൻ പഴമ്പിള്ളി, വികാരി

ദുരന്തങ്ങളോട് പടപൊരുതുന്നവന്റെ പേരാണ് മനുഷ്യൻ. ദുരന്തങ്ങളോട് പൊരുതി പടക്കളത്തിൽ വിജയിക്കുവാനുള്ളതാണ് ജീവിതമെന്നത് സദ്‌വാർത്ത. പ്രതീക്ഷയുടെ തിരിനാളം കൊളുത്തി '2019' എന്ന പുതുവർഷത്തിന് സ്വാഗതം.

ഒന്നാമത്തെ മെഴുതിരിവെട്ടം: സ്നേഹത്തിന്റെ, സംഗീതത്തിന്റെ സിംഫണിയായി മാറിയവന്റെ പേരാണ് വുഡിബിംഗ് വാൻ ബീഥോവൻ.

ബധിരത എന്ന വൈകല്യം ബിഥോവനെ ഭ്രാന്തുപിടിപ്പിച്ച പ്പോഴും സംഗീതം ഒരു ലഹരി യായി അയാളുടെ ഉള്ളിൽ കിടന്നു. പിന്നീടത് മരണത്തെപ്പോലും തോൽപ്പിക്കുന്ന ജീവിതത്തിന്റെ ലഹരിയായി മാറി.

"ഞാൻ എല്ലാവരിലും നിന്നും അകന്ന് ഏകനായി ജീവിക്കണം. എന്റെ അരികത്തു നില്ക്കുന്ന യാൾക്ക് വിദൂരതയിൽ നിന്നും ഊറി വരുന്ന വേണുഗാനം കേൾക്കാം. എനിക്കാവില്ല എന്നു പറഞ്ഞാൽ എന്തു പരിഹാസ്യമാണ്. ഇടയരാഗം ഒരാൾക്ക് കേൾക്കാം. എനിക്കാവില്ല. ഇത് എന്നെ നിരാശനാക്കുന്നു. എന്റെ ജീവിതം എറിഞ്ഞുടയ്ക്കാൻ തോന്നുന്നുവെങ്കിലും എന്റെ ദിവ്യ സംഗീതം എന്നെ ജീവിതത്തി ലേക്ക് പിടിച്ചുവലിക്കുന്നു. സൃഷ്ടി ക്കാൻ കഴിയുന്നതെല്ലാം സൃഷ്ടി ക്കണം. എങ്കിൽ മാത്രമേ എനിക്ക് ഈ ലോകം വെടിയുവാൻ കഴിയു കയുള്ളൂ.' ബധിരത മുറിവേൽപ്പിച്ച അക്ഷരങ്ങൾകൊണ്ടാണ് ബിഥോ വൻ ഇങ്ങനെ കുറിച്ചത്. എങ്കിലും ആത്മാവിന്റെ പള്ളിയകത്തുനിന്നു യരുന്ന ദിവ്യസിംഫണികൾക്കു വേണ്ടി ബിഥോവൻ തപസ് ചെയ്തു.

ബിഥോവൻ ചിട്ടപ്പെടുത്തിയ അപൂർവ്വ രാഗങ്ങൾ ഒന്നുംതന്നെ കേൾക്കുവാൻ അദ്ദേഹത്തിനു കഴി ഞ്ഞില്ല. എങ്കിലും ജീവിതത്തിലെ തന്റെ ഭാഗം അദ്ദേഹം നന്നായി അഭിനയിച്ചു. ഒരിക്കൽ ബിഥോ വനെ പറ്റി മൊസോട്ട് ഇങ്ങനെ പറഞ്ഞു: 'ഇയാളെ ശ്രദ്ധിക്കൂ, ഒരു ദിവസം ഈ ലോകത്തിന്റെ മുഴു വൻ ശ്രദ്ധ പിടിച്ചു പറ്റുന്ന ശബ്ദം ഇയാൾ പുറപ്പെടുവിക്കും.' പ്രവ ചനം തെറ്റിയില്ല. ബിഥോവന്റെ ഒന്നാം സിംഫണി പാശ്ചാത്യ സംഗീത ചരിത്രത്തിലെ നാഴികക്ക ല്ലായിരുന്നു; പിന്നീട് ഒൻപതു സിംഫണികളും.

ബധിരത ബിഥോവനെ ഭ്രാന്തുപിടി പ്പിച്ചപ്പോൾ തളരാതെ ദൈവം നൽകിയ സംഗീതം എന്ന സർഗ്ഗാ ത്മകത ഒരു ലഹരിയാക്കി മാറ്റിയ പ്പോൾ ഈ ചരിത്രം മരണത്തെ പ്പോലും തോൽപ്പിക്കുന്ന ജീവിത ത്തിന്റെ വസന്തമായി മാറി.

ജീവിതത്തിന്റെ രണ്ടാം മെഴുതിരി വെട്ടം: ആൻഫ്രോങ്ക്.

ആ ഡയറിക്കുറിപ്പുകൾ ഇങ്ങനെ അവസാനിക്കുകയാണ്. 1944-ലെ ജൂലൈ 21, വെള്ളി. 'അടുത്ത ഒക്ടോബറിൽ ഞാനെന്റെ ക്ലാസ്സ് മുറിയിലെ ബെഞ്ചിലിരിക്കുകയാണ് എന്നാലോചിക്കുമ്പോൾ സന്തോ ഷംകൊണ്ട് ഞാൻ മതിമറന്നുപോ കുന്നു. 1944 ഓഗസ്റ്റ് 1, ചൊവ്വ, 'മറ്റാരും ഈ ലോകത്തിലില്ലെങ്കിൽ എന്റെ ആഗ്രഹങ്ങൾക്കനുസരിച്ചു ഒരു പെൺകുട്ടി ആയിത്തീരുവാൻ കഴിയുമല്ലോ എന്ന് ഞാനാഗ്രഹിച്ചു പോകും.'

ഹിറ്റ്ലറുടെ ആത്മകഥയായ 'മെയിൻ കാംഫ്' ..... ആൻഫ്രോങ്കിന്റെ ഡയറിക്കുറിപ്പു കൾ ലോകജനത നെഞ്ചിലേറ്റി. കഠിന ദുഃഖങ്ങളുടെയും ഭീതിയു ടെയും നൂൽപ്പാലത്തിലൂടെ സഞ്ച രിച്ച ഈ യഹൂദപെൺകുട്ടി, ഹിറ്റ്ല

എഡിറ്റോറിയൽ

ജീവിതത്തിന്റെ അഞ്ചു മെഴുതിരി വെട്ടങ്ങൾ

ഫാ. ജെൻസൺ ലിവേര

റിന്റെ സൈന്യത്തെ ഭയന്നുള്ള ഒളിത്താവളത്തിലുള്ള തന്റെ വിരസമായ പകലുകളെ ഒരു ഡയറിക്കുറിപ്പിലൂടെ സർഗാത്മകമാക്കി മാറ്റി.ഹിറ്റ്ലർ ജർമ്മൻ ചാൻസലറായതോടുകൂടിയാണ് യഹൂദപീഡനം ആരംഭിക്കുന്നത്. അതോടെ ആൻഫ്രോങ്കിന്റെ കുടുംബം ഒളിസങ്കേതത്തിലേക്ക് താമസം മാറ്റി. ചുറ്റുപാടുമുള്ള ആരും തങ്ങളുടെ ഒളിസങ്കേതത്തെക്കുറിച്ച് അറിയാൻ പാടില്ല. അറിഞ്ഞാൽ ഒറ്റിക്കൊടുക്കപ്പെടും. ഉറക്കെ സംസാരിക്കാൻ പാടില്ല; അമർത്തി ചിരിക്കാൻ പോലും. ഒന്നും രണ്ടും ദിവസങ്ങളല്ല; അങ്ങനെ രണ്ടു വർഷങ്ങൾ. വെറും 13-ാം വയസ്സിൽ മാനത്ത് പാറി നടക്കുന്ന ചിത്രശലഭമാകേണ്ടവർ, അടച്ച മുറിയിൽ. എപ്പോഴും ചേർത്തടച്ച ജനാലകളും, ചോരപോലും വറ്റിച്ചുകളയുന്ന കഠിനമായ ഉഷ്ണകാലങ്ങളും. പക്ഷേ, 13-ാം വയസിൽ സമ്മാനമായി കിട്ടിയ ഡയറിയിൽ ആൻ തന്റെ കുറിപ്പുകൾ രേഖപ്പെടുത്തി തുടങ്ങി. 1944 ഡച്ചുകാർ ഒളിസങ്കേതത്തിൽ നിന്ന് ആ കുടുംബത്തെ ഒറ്റിക്കൊടുക്കുന്നതുവരെ ആൻ എഴുതി. ഒടുവിൽ ആ കുടുംബം ജർമ്മൻ പോലീസിന്റെ പിടിയിലായി. ആൻഫ്രാങ്കും പ്രിയപ്പെട്ട ഡയറിയും അവിടെ വേർപിരിയുന്നു. ആൻഫ്രാങ്ക് നാസി തടങ്കൽപാളയത്തിൽവച്ച് ടൈഫോയ്ഡ് പിടിപെട്ട് മരിച്ചു. മരിക്കാൻ ഒട്ടും ഇഷ്ടമില്ലാതിരുന്നിട്ടും. ഒരു ഒക്ടോബറിലും ആൻ തന്റെ ക്ലാസ് മുറിയിൽ ഇരുന്നിട്ടില്ല. നിലത്തുവീണ് ഉടഞ്ഞുതകരുന്ന ചില്ലുപോലെ സ്വപ്നങ്ങൾ വീണുതകർന്നിട്ടും ആൻഫ്രാങ്ക് പ്രതീക്ഷയുടെ തിരിനാളം കെടുത്തിയില്ല.

ജീവിതത്തിന്റെ
മൂന്നാം മെഴുതിരിവെട്ടം:
സ്റ്റീഫൻ ഡബ്ലിയു ഹോക്കിങ്ങ്.

ശരീരത്തിന്റെ നിശ്ചലാവസ്ഥയിൽ കൺപോളകൾക്കും ചുണ്ടിനും കൈപ്പത്തിക്കും മാത്രം അല്പം ചലനം; ക്രൂരമായ വിധിയെ മനക്കരുത്തുകൊണ്ട് കീഴടക്കാൻ ജനിച്ചവനാണ് ഹോക്കിങ്ങ്. സഹായി ഉയർത്തി കാണിക്കുന്ന അക്ഷരങ്ങൾ താൻ പറയാൻ പോകുന്ന വാക്കിലെ അക്ഷരമാണെങ്കിൽ കൺപോളകൾ ചലിപ്പിക്കും. ഇങ്ങനെ ദീർഘനേരത്തെ പ്രയത്നംവഴി ഓരോ അക്ഷരവും വെളിപ്പെടുത്തികൊണ്ട് പ്രപഞ്ചസത്യങ്ങൾ തേടി ഹോക്കിങ്ങ്. ഐൻസ്റ്റീനുശേഷം ലോകം കണ്ട ഏറ്റവും വലിയ ഭൗതിക ശാസ്ത്രജ്ഞനായി ലോകം വിശേഷിപ്പിച്ചത് ഈ മനുഷ്യനെയാണ്.

ഒരു വീൽചെയറിൽ സഞ്ചരിച്ച് അതിൽ ഘടിപ്പിച്ച കംപ്യൂട്ടറിന്റെ സഹായത്താൽ അനേകം ഗവേഷണത്തിൽ ഏർപ്പെട്ടു. മഹാരോഗവുമായി പോരാടിക്കൊണ്ട് സൈദ്ധാന്തിക ഭൗതികലോകത്തിനു ശാസ്ത്രീയ സത്യങ്ങൾ വെളിപ്പെടുത്താൻ ശ്രമിച്ചു. ഈ പ്രപഞ്ചം ഉണ്ടായതെങ്ങനെ? ഇതിന്റെ തുടക്കം കുറിച്ചതെന്ന്? സമയം എല്ലായ്പ്പോഴും മുന്നോട്ടാണോ പോകുന്നത്? ഈ പ്രപഞ്ചത്തിന് ഒരറ്റമുണ്ടോ? പ്രപഞ്ചത്തിന്റെ അന്ത്യം എന്തായിരിക്കും? വിസ്മയകരമായ ഇത്തരം പ്രപഞ്ചരഹസ്യങ്ങളിലൂടെ പര്യവേഷണം നടത്തിക്കൊണ്ട്, രോഗം സൃഷ്ടിച്ച നിരാശയിൽനിന്ന് ഉയിർത്തെഴുന്നേറ്റ് ഹോക്കിങ്ങ് ഫീനിക്സ് പക്ഷിയെന്നപോലെ സൈദ്ധാന്തിക പ്രപഞ്ചശാസ്ത്രത്തിന്റെ അപാരതകളിലേക്ക് പറന്നുയർന്നു.

ബുദ്ധിശക്തിയാലും, മാനസിക ശക്തിയാലും ശാരീരികാവശതകളെ വെല്ലുവിളിച്ചുകൊണ്ട് അദ്ദേഹവും സംഘവും ചേർന്ന് രൂപകല്പന ചെയ്ത കംപ്യൂട്ടറധിഷ്ഠിത ആധുനികസഞ്ചാര-ഗവേഷണസഹായി (സൈബർനെറ്റിക് എക്സോസ് കെലിട്ടൺ) ശാസ്ത്രലോകത്തിന് വിസ്മയമാണ്. ഹോക്കിങ്ങിനെപ്പോലെ പൂർണ്ണമായും തളർച്ച ബാധിച്ച ഒരാൾക്കുപോലും പ്രവർത്തിപ്പിക്കാവുന്ന രീതിയിലാണ് ഇതിലെ ക്രമീകരണങ്ങളെല്ലാം.

സർവ്വവും തളർന്നെങ്കിലും ഹോക്കിങ്ങിന്റെ പ്രപഞ്ചത്തിന് അതിർത്തിയോ അറ്റമോ ഇല്ല. കൺപോളകളുടെ ചലനംകൊണ്ടു മാത്രം ഈ പ്രപഞ്ചത്തിന്റെ ചലനങ്ങളെ ഒപ്പിയെടുക്കാൻ ശ്രമിച്ച ഈ മഹാപ്രതിഭയുടെ ഇച്ഛാശക്തിയും തളരാത്ത മനോവീര്യവും മനുഷ്യന്റെ ദുരന്തവേളകളിൽ ഓടിയെത്തണം. രോഗക്കിടക്കയെപ്പോലും സർഗാത്മകതയുടെയും ഗവേഷണത്തിന്റെയും താഴ്വാരമാക്കാമെന്ന മഹത്തായൊരു പാഠമാണ് ഈ പ്രതിഭ ലോകത്തിനു തരുന്നത്.

ജീവിതത്തിന്റെ
നാലാം മെഴുതിരിവെട്ടം.
വിക്ടർ ഹ്യൂഗോ.

ദുരന്തങ്ങൾ മാത്രമായിരുന്നു ജീവിതത്തിൽ ഹ്യൂഗോയ്ക്ക് കൂട്ട്. ഒരുപക്ഷേ, ഈ ദുരന്തങ്ങൾ തന്നെയാകാം ഹ്യൂഗോയിലെ പ്രതിഭയെ ലോകത്തിനു വെളിപ്പെടുത്തിയത്.

"ഓ! നോർത്യദാമിലെ ഓവിന്റെ ചേല്ക്കൊരു ചെക്കൻ!' തന്റെ മൂന്നാമത്തെ കുഞ്ഞ് പിറന്നുവീണപ്പോൾ അച്ഛൻ ഇങ്ങനെ പറഞ്ഞു. വികൃതരൂപനായ തന്റെ കുഞ്ഞ് ബധിരനും മൂകനുമാണോ എന്നുപോലും അദ്ദേഹം ഭയപ്പെട്ടിരുന്നു. അച്ഛൻ പറഞ്ഞ വാക്കുകൾ മനസ്സിലാക്കാനാകാതെ കുഞ്ഞി കൈയും കാലും കുടഞ്ഞ് അച്ഛന്റെ നേർക്കു ചിരിച്ചു ആ കുരുന്ന്. എന്നാൽ, കാലത്തിന്റെ പ്രയാണത്തിൽ വിശ്വവിഖ്യാതി നേടിയ നോവലിസ്റ്റും നാടകകൃത്തും കവിയും രാഷ്ട്രീയ ചിന്തകനും ഒക്കെയായി മകനെ കണ്ട പിതാവിന് അന്നു പറഞ്ഞ വാക്കുകൾ തിരുത്തേണ്ടിവന്നിട്ടുണ്ടാകണം.

പ്രവചനാതീതമായിരുന്നു ആ വ്യക്തിത്വം. വൈരുധ്യങ്ങളുടെയും വിരോധാഭാസങ്ങളുടെയും വിളനിലമായിരുന്ന ആ മഹാപ്രതിഭ വിഷാദാത്മകതയുടെ പിടിയിൽപ്പെട്ട് നിമിഷങ്ങൾ മുറിയിൽ അടച്ചുപൂട്ടി ഇരിക്കുന്നതായിരുന്നു രീതി. ഒരേസമയം ആഡംബര ആഗ്രഹിയും, ലളിതജീവിതക്കാരനും, അറുപിശുക്കനും, ധാരാളിയും, തെരുവുതെണ്ടിയും, മഹാപ്രഭുവുമൊക്കെയായിരുന്നു ആ ചെറുപ്പക്കാരൻ. സ്വയം രൂപകല്പന ചെയ്ത 'ഈഗോ യൂഗോ"

വ്യാകുലമായ ഈ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്ന കൃതിയാണ്. സ്വന്തം ചിന്തകളെയും വ്യക്തിപരമായ അഭിരുചികളെയും കടിഞ്ഞാണിട്ടു നിയന്ത്രിക്കാൻ കഴിഞ്ഞാൽ ഈ ചെറുപ്പക്കാരൻ ഫ്രാൻസിന്റെ അത്ഭുതമായി മാറും എന്ന് നിരൂപകർ വാഴ്ത്തി. അമിതാധ്വാനിയായിരുന്നു അദ്ദേഹം. മണിക്കൂറുകളോളം നീണ്ട തുടർച്ചയായ എഴുത്ത്! ജീവിതത്തോടു പൊരുതുവാനുള്ള വാശിയായിരുന്നു ഇതിനു പിന്നിൽ. ഇതിൽ, തന്നിൽ ഉറങ്ങിക്കിടന്ന കലാകാരനെ കണ്ടെത്തുവാനുമായി.വ്യക്തിയെന്ന നിലയിൽ പൊതുജീവിതത്തിലും സ്വകാര്യജീവിതത്തിലും വിക്ടർ ഹ്യൂഗോവിന്റേത് അസഹനീയമായ വ്യക്തിത്വമായിരുന്നു. ദുരന്തങ്ങളുടെ ഒരു പ്രവാഹം തന്നെ അദ്ദേഹത്തെ പിന്തുടർന്നു. സ്വന്തം വിവാഹദിവസം പ്രിയപ്പെട്ട സഹോദരൻ ഭ്രാന്തനായി മാറി. മൂത്തമകൾ ദുരൂഹ സാഹചര്യത്തിൽ പുഴയിൽ മുങ്ങിമരിച്ചു. ആൺമക്കളും അദ്ദേഹത്തിനു മുമ്പേ മരിച്ചു. ഇളയമകൾ മനോരോഗിയായി തീർന്നു. കുടുംബജീവിതം തകർന്നു. രാഷ്ട്രീയ പ്രവർത്തനത്തിലൂടെ നാടുകടത്തപ്പെട്ടു. സ്നേഹിക്കുന്നവരുടെ ക്ലേശങ്ങളാൽ ജീവിതം അസഹ്യമായി മാറി. സമ്മർദ്ദങ്ങളും വിഷമതകളും നേരിടേണ്ടി വന്നു. അപ്പോഴും തളരാനോ, തോൽക്കാനോ ഈ വിശ്വപ്രതിഭ തയ്യാറായില്ല. എല്ലാ ദുരന്തങ്ങളിലും എഴുത്ത് ഒരു മരുന്നായപ്പോൾ ലോകത്തിന്റെ മുൻപിൽ തളർന്നവർക്ക് ഹ്യൂഗോ ഒരു ഉണർത്തുപാട്ടായി മാറി.

ജീവിതത്തിന്റെ
അഞ്ചാം മെഴുതിരി വെട്ടം:
ഹെലൻ കെല്ലർ.

ഒരായിരം വർണ്ണങ്ങളും കേട്ടാൽ തീരാത്ത സ്വരങ്ങളും വിട്ട് അന്ധവും മൂകവുമായ ലോകം. ഒരു നിമിഷത്തേക്കാണെങ്കിൽപോലും ഇതേറെ ഭയാനകം തന്നെ. എന്നാൽ ഈ പൊള്ളുന്ന യാഥാർത്ഥ്യത്തിനു മുന്നിൽ അവൾ പകച്ചു നിന്നില്ല. ഇവൾക്കു വിരുന്നെത്തിയ ദുരന്തങ്ങൾ എന്തൊക്കെയായിരുന്നു! സംസാരിക്കുവാനോ, കേൾക്കുവാനോ, കാണുവാനോ ആവില്ല. ദുരന്തങ്ങൾ ഒരുമിച്ച് എത്തി. എങ്കിലും അവൾ തളർന്നില്ല. നിരന്തര പരിശ്രമത്തിലൂടെ ലോകപ്രശസ്തയായി മാറി. സ്ഥിരോത്സാഹത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ജ്വലിക്കുന്ന പ്രതീകമായി. തുറിച്ചുനോക്കുന്ന ജീവിതപരാജയത്തെ കൂസലില്ലാതെ നേരിട്ടു. ജീവിതത്തിലെ പ്രതിസന്ധികളിൽ തളരുന്ന ഏവർക്കും ഇവൾ മാതൃകയാണ്. ഹെലൻ കെല്ലർ എന്ന ഇതിഹാസവനിത.

ഹെലൻ അക്ഷരങ്ങളെ സ്നേഹിച്ചു. അങ്ങനെയാണ് ഹെലൻ ജീവിതകഥ എഴുതി തുടങ്ങിയത്. അന്ധയും ബധിരയും മൂകയുമായ ഒരുവൾ പ്രശസ്തമായ ഗ്രന്ഥം എഴുതുക എന്നത് പലർക്കും അതിശയകരമായിരുന്നു. പ്രതിസന്ധികൾ അവളെ ഹരം പിടിപ്പിച്ചുവെന്നതാണ് സത്യം. അനേകരാത്രികൾ ഉറക്കമിളച്ചിരുന്ന് എഴുതിയും പലതവണ അവ തിരുത്തിയും ഹെലൻ ജീവിതകഥ പൂർത്തിയാക്കി. ഇതു വായിച്ചു ജീവിതത്തിൽ പ്രതീക്ഷ കണ്ടെത്തിയവർ അനേകമാണ്.

ജീവിതം മുറിവേറ്റിട്ടും തനിക്കിത്രയും ഉയരങ്ങളിലെത്താനായെങ്കിൽ തന്നെപ്പോലെ വൈകല്യങ്ങൾകൊണ്ട് ദുരിതമനുഭവിക്കുന്നവർക്കും അങ്ങനെയാകാനാകില്ലേയെന്ന് ഇവൾ ചിന്തിച്ചു. ആരും ശ്രദ്ധിക്കാനില്ലാത്ത, അവഗണിക്കപ്പെട്ടു കിടന്നിരുന്ന വികലാംഗരുടെ പ്രശ്നങ്ങൾ ഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. അതിനുവേണ്ടി അവൾ ആറുപ്രാവശ്യം ലോകപര്യടനം നടത്തി. ദുരിതമനുഭവിക്കുന്നഈ വിഭാഗത്തിനുവേണ്ടി എന്തെങ്കിലും ചെയ്തേമതിയാകൂ എന്ന ഉറച്ച ആവശ്യത്തിനു മുന്നിൽ ഭരണകൂടങ്ങൾ തലകുനിച്ചു. കൂട്ടത്തിൽ അവൾ ഇന്ത്യയിലും വന്നു. 1960-ൽ എൺപതാമത്തെ വയസ്സിൽ. അന്നാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ സന്ദർശിച്ച് വികലാംഗക്ഷേമ പ്രവർത്തനങ്ങൾക്ക് സഹായം അഭ്യർത്ഥിച്ചത്.

തന്നെത്താൻ മറക്കുന്നതിലാണ് ആനന്ദം എന്നവൾ വിശ്വസിച്ചു. മറ്റുള്ളവരെ ഇതു പഠിപ്പിച്ചു. ഹെലനെ തേടി അനേകം ബഹുമതികൾ എത്തി. ഹെലനെപ്പറ്റി അടുത്തറിഞ്ഞ ഒട്ടേറെ ലോകനേതാക്കൾ അവളെ ആദരിച്ചു.
"നാളെ നിങ്ങൾ അന്ധരായി തീർന്നേക്കാം. അതു മനസ്സിലാക്കി നിങ്ങളുടെ കണ്ണുകൾ പ്രയോജനപ്പെടുത്തുക. മറ്റ് ഇന്ദ്രിയങ്ങളുടെ സ്ഥിതിയും ഇതുതന്നെ. നാളെ ശ്രവണശക്തി നഷ്ടപ്പെട്ടേക്കാം എന്ന ചിന്തയിൽ ഇന്ന് സംഗീതവും പക്ഷികളുടെ കളകളാരവവും കേട്ട് ആസ്വദിക്കുക. പുഷ്പങ്ങളുടെ സുഗന്ധം മണത്തറിയുക. വിശിഷ്ടഭോജ്യങ്ങൾ രുചിച്ച് ആസ്വദിക്കുക."

തളരരുത്! നാളെ ഇതുപോലെ നിങ്ങളുടെ ചരിത്രവും ലോകം രേഖപ്പെടുത്തട്ടെ. 2019-ന് സ്വാഗതം.

കവിതാചിന്ത; ചിന്താകവിത

മഹാപ്രളയം വരുത്തിയ ശൂന്യത

സ്വതേ പൊങ്ങച്ചക്കാരനായ ഫിലിപ്പുചേട്ടൻ പ്രതിമാസ കുടുംബയൂണിറ്റ് പ്രാർത്ഥനയ്ക്കെത്തിയ അംഗങ്ങളോട് സ്വന്തം കുടുംബ പൈതൃകം വിളമ്പി.

ഞങ്ങൾ, ശരിക്കുംപറഞ്ഞാൽ, തോമാശ്ലീഹായുടെ പാരമ്പര്യമുള്ള കുടുംബക്കാരാ. കൊടുങ്ങല്ലൂരത്തെ വില്ലാർവട്ടം രാജവംശത്തെപ്പറ്റി കേട്ടിട്ടില്ലേ? അത് ഞങ്ങടെ അപ്പനപ്പൂപ്പന്മാരുടെ തറവാടുകൊട്ടാരമാ.

ഫിലിപ്പുചേട്ടൻ ഒന്നു ചുറ്റും നോക്കി. തള്ളു കേട്ട് എല്ലാവരും കണ്ണുംതള്ളിയിരുപ്പാണ്. അപ്പോൾ, ബാബുവച്ചൻ മാത്രം പ്രതികരിച്ചു: ഞങ്ങളും പണ്ടത്തെപ്പണ്ടത്തെ തറവാട്ടുകാരാ. പക്ഷേ, എത്ര നൂറ്റാണ്ടിന്റെ പഴക്കമുണ്ടെന്ന് ഇപ്പോൾ കൃത്യമായി പറയാൻ പറ്റില്ല. ഇക്കഴിഞ്ഞ മഹാപ്രളയത്തിൽ ഞങ്ങളുടെ പഴയ റിക്കാർഡുകളും രേഖകളുമൊക്കെ നശിച്ചുപോയി ഫിലിപ്പുചേട്ടാ...

എന്നാറേ, പ്രളയത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചുപോയ ഏതോ തടയണപോലെ ഫിലിപ്പുചേട്ടന്റെ മുഖം ശൂന്യമാവുകയുണ്ടായി.

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

ജീവദീപ്തി
JEEVADEEPTHI

January 2019 Vol 09 Book 01

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

മാനേജിങ് എഡിറ്റർ
ഫാ. ആന്റണി അറക്കൽ

പത്രാധിപർ
ഫാ. ജെൻസൺ ലിവേര

സഹപത്രാധിപർമാർ
ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി
ഫാ. ജോംസൺ തോട്ടുങ്കൽ

സർക്കുലേഷൻ മാനേജേഴ്സ്
ഫാ. ലിജോ ഓടത്തക്കൽ
ഫാ. ജോജി കുത്തുകാട്ട്
ഫാ. മാനുവൽ കുത്തുകാട്ട്

ഗൈഡൻസ്
കപ്പീസ്

രൂപകല്പന
റ്റാബി ജോർജ്

ടൈപ്പ്സെറ്റ്
ASL Computers

ഓഫീസ് ഇൻ ചാർജ്
മാനുവൽ പൊടുത്തോർ
ബ്ര. ഫെബിൻ കിഴവന

പത്രാധിപസമിതി
ഡോ. സ്റ്റീഫൻ ആലത്തറ,
ശ്രീമതി ജൂലിയറ്റ് ഡാനിയേൽ,
അഡ്വ. ഷെറി ജെ. തോമസ്,
ഫാ. സാബു നെടുനിലത്ത്,
ഫാ. ജോളി ജോൺ ഓടത്തക്കൽ,
ഫാ. ഡെന്നി പെരിങ്ങാട്ട്
ജോർജ് പൊറ്റക്കുഴി

.....

ഓഫീസ്
0484- 4010358
jeevadeepthi@gmail.com

14

01

ജീവിതത്തിന്റെ അഞ്ചു മെഴുതിരി വെട്ടങ്ങൾ

ബധിരത എന്ന വൈകല്യം ബിഥോവനെ ഭ്രാന്തുപിടിപ്പിച്ച പ്പോഴും സംഗീതം ഒരു ലഹരിയായി അയാളുടെ ഉള്ളിൽ കിട ന്നു. പിന്നീടത് മരണത്തെപ്പോലും തോൽപ്പിക്കുന്ന ജീവിത ത്തിന്റെ ലഹരിയായി മാറി.

സുഹൃത്തേ, നമുക്ക് അക്കരയ്ക്ക് പോയ് വരാം

കുമ്പസാരക്കൂട്ടിലിരുന്ന അച്ചൻപോലും അയാളെക്കണ്ട് എഴുന്നേറ്റുപോയി. ഒരു കുഞ്ഞിനെപ്പോലെ മാതാവിന്റെ കണ്ണുകളിൽനോക്കി

07

വർഷാരംഭത്തിൽ നിങ്ങൾക്ക് മാതൃഹൃദയം ഉണ്ടാകണം

ദൈവമാതാവിന്റെ നാമത്തിൽ പുതുവത്സരം പിറക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ ബഹുമതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് 'ദൈവമാതാവ്' എന്നതാണ്. 'യേശുവിന്റെ അമ്മ' എന്നു വിളിക്കുന്ന

ബന്ധങ്ങൾ ദൃഢമാക്കാൻ

എല്ലാ ജീവജാലങ്ങൾക്കും വളർച്ചയ്ക്കാവശ്യമായ ചില ഘടകങ്ങളുണ്ട്. അവയുടെ അഭാവം വളർച്ച മുര

08

സ്വസ്ഥനായ സ്വാർത്ഥൻ..... 19
മരണം ധ്യാനസുന്ദരമാകുന്ന..... 23
ഞങ്ങൾ A.R. Band..... 25
കൂട്ടു കൂടി കൂടൊരുക്കി..... 26
ന്യൂസ് 32
വാട്സ്അപ്പ് 34
സൺഡേ ബ്രേക്ക്ഫാസ്റ്റ് 37
സ്നേഹഭവനം..... 38
സ്റ്റുഡന്റ്സ് ഫോറം..... 39
ബൈബിൾ വിചിന്തനം 40

വർഷാരംഭത്തിൽ നിങ്ങൾക്ക് മാതൃഹൃദയം ഉണ്ടാകണം

ദൈവമാതാവിന്റെ നാമത്തിൽ പുതുവത്സരം പിറക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ ബഹുമതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് 'ദൈവമാതാവ്' എന്നതാണ്. 'യേശുവിന്റെ അമ്മ' എന്നു വിളിക്കുന്നതിനു പകരം 'ദൈവമാതാവ്' എന്നു വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട് എന്ന ചോദ്യമുണ്ടാകാം. ദൈവത്തെയും നമ്മെയും സംബന്ധിച്ചുള്ള ഒരു മഹാസത്യം ഈ പദങ്ങളിൽ അടങ്ങിയിരിക്കുന്നു. നമ്മുടെ കർത്താവ് പരിശുദ്ധ മറിയത്തിൽ അവതരിച്ച നിമിഷം മുതൽ, എന്നേയ്ക്കുമായി, അവിടുന്ന് നമ്മുടെ മനുഷ്യത്വം ഏറ്റെടുത്തു. ഇനി മനുഷ്യനില്ലാതെ ദൈവം ഇല്ല. പരിശുദ്ധ മറിയത്തിൽനിന്ന് യേശു സ്വീകരിച്ച ശരീരം നമ്മുടേതുതന്നെ ആകുന്നു; ഇപ്പോഴും, നിത്യത

യോളം. മറിയത്തെ ദൈവത്തിന്റെ മാതാവ് എന്നു വിളിക്കുമ്പോൾ ഇതാണ് നാം ഓർമ്മയിൽ വയ്ക്കേണ്ടത്: ഗർഭത്തിൽ വഹിക്കപ്പെടുന്ന ശിശു അമ്മയോട് ചേർന്നിരിക്കുന്നതുപോലെ ദൈവം മനുഷ്യവംശത്തോട് ചേർന്നിരിക്കുന്നു.

മാതാവ് എന്ന പദം (mater) പദാർത്ഥം (matter) എന്ന പദത്തോട് ബന്ധപ്പെട്ടിരിക്കുന്നു. സ്വർഗത്തിലെ ദൈവം, അനന്ത ദൈവം, തന്റെ മാതാവിൽ, സ്വയം ചെറുതാക്കി, ഒരു പദാർത്ഥമായി ചുരുങ്ങി:"നമ്മോടൊത്ത് ആയിരിക്കാൻ മാത്രം അല്ല, നമ്മെപ്പോലെ ആയിരിക്കാൻ കൂടിയാണ് അത്. ഇത് ഒരു അത്ഭുതമാണ്. മഹത്തായ പുതുമയാണ്. മനുഷ്യൻ ഇനിമേൽ തനിച്ചല്ല; അനാഥനുമല്ല. നിത്യമായി അവൻ ഒരു ശിശുവാണ്. ഈ പുതുമയോടെയാണ് പുതുവർഷം പിറക്കുന്നത്. "ദൈവ മാതാവ്" എന്നു പറഞ്ഞുകൊണ്ട് നാം അത് പ്രഖ്യാപിക്കുകയും ചെയ്യുന്നു. നമ്മുടെ ഏകാന്തത അവസാനിച്ചിരിക്കുന്നു എന്നറിയുന്നതിലെ ആനന്ദം ഇനി നമുക്ക് സ്വന്തമാണ്. നാം വത്സലശിശുക്കളാണ് എന്നറിയുന്നതിന്റെ മനോഹാരിതയാണ് അത്. ഈ ശൈശവം നമ്മിൽനിന്ന് ഒരിക്കലും നീക്കം ചെയ്യപ്പെടുകയില്ല. അമ്മയുടെ കരങ്ങളിൽ ദുർബലനായ ശിശു ആയി വിശ്രമിക്കുന്ന ദൈവത്തിൽ നാം നമ്മുടെ ഛായ കാണുന്നു. അപ്പോൾ മനുഷ്യത്വം മൂല്യവത്തും കർത്താവിന് വിശുദ്ധവുമാണ് എന്നു നാം തിരിച്ചറിയുന്നു. ഇനിമേൽ മനുഷ്യജീവനെ ശുശ്രൂഷിക്കുന്നതിന്റെ അർത്ഥം ദൈവത്തെ ശുശ്രൂഷിക്കുക എന്നതാണ്. സകല ജീവനും-ഗർഭസ്ഥ ശിശു മുതൽ വൃദ്ധർവരെ, ദുരിതം അനുഭവിക്കുന്നവർ, രോഗികൾ, പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരും ഇടപെടാൻ പ്രയാസമുളവാക്കുന്നവരും ഉൾപ്പെടെ-സ്വാഗതം ചെയ്യപ്പെടണം, സ്നേഹിക്കപ്പെടണം, സഹായിക്കപ്പെടണം.

വിശുദ്ധഗ്രന്ഥവായന ദൈവമാതാവിനെക്കുറിച്ച് ഒരേയൊരു കാര്യമാണ് പറഞ്ഞിട്ടുള്ളത്. "മറിയം ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു" (ലൂക്കാ 2:19) അവൾ സംഗ്രഹിച്ചതേയുള്ളൂ, സംസാരിച്ചില്ല. ക്രിസമസ് സംഭവം വിവരിക്കുമ്പോൾ മറിയത്തിന്റെ ഒരു വാക്കുപോലും സുവിശേഷം ഉദ്ധരിക്കുന്നില്ല. ഇവിടെയും, അമ്മ മകനോട് താദാത്മ്യപ്പെടുകയാണ്. യേശു ഒരു പൈതലാണ്. സംസാരിക്കാറായിട്ടില്ല. പൂർവ്വകാലങ്ങളിൽ വിവിധ രീതിയിൽ സംസാരിച്ച (ഹെബ്രാ. 1:1) ദൈവത്തിന്റെ വചനം ഇപ്പോൾ കാലത്തിന്റെ തികവിൽ (ഗലാ. 4:4) നിശ്ശബ്ദനാണ്. ആരുടെ മുന്നിൽ സകലരും നിശ്ശബ്ദരാകുന്നുവോ ആ ദൈവം ഇപ്പോൾ വാക്കുകളുടെ ബലമില്ലാത്ത ശിശുവായി കാണപ്പെടുന്നു. മഹാപ്രതാപവാനായ അവിടുത്തേക്ക് ഇപ്പോൾ വാക്കുകൾ സ്വന്തമായിട്ടില്ല. ഈ നിശ്ശബ്ദതയും ഈ വിനയവും ആണ് അവിടുത്തെ രാജത്വത്തിന്റെ ഭാഷ. ദൈവത്തിന്റെ അമ്മ അവിടുത്തോട് ചേർന്ന് ഈ സംഗതികൾ നിശ്ശബ്ദമായി സംഗ്രഹിക്കുന്നു.

"ഹൃദയത്തിൽ സൂക്ഷിക്കാൻ" കഴിയണമെങ്കിൽ നിശ്ശബ്ദത വേണമെന്ന് പുൽത്തൊട്ടിയിലെ നിശ്ശബ്ദത നമ്മെ പഠിപ്പിക്കുന്നു. പുൽത്തൊട്ടിയെ വീക്ഷിക്കുമ്പോൾ നാം നിശ്ശബ്ദരായിരിക്കേണ്ടതുണ്ട്. നാം വിമൂകമായി നോക്കിനിൽക്കവേ, യേശു നമ്മുടെ ഹൃദയത്തോടു സംസാരിക്കാൻ നാം അനുവദിക്കുന്നു. അവിടുത്തെ താഴ്മ നമ്മുടെ അഹങ്കാരത്തെ ഉന്മൂലനം ചെയ്യുന്നു. അവിടുത്തെ ദാരിദ്ര്യം നമ്മുടെ പ്രകടനാത്മകതയെ വെല്ലുവിളിക്കുന്നു. അവിടുത്തെ ആർദ്രസ്നേഹം നമ്മുടെ കഠിനഹൃദയങ്ങളെ സ്പർശിക്കുന്നു. അനുദിനം ദൈവത്തോട് ചേർന്നിരിക്കാൻ അല്പനേരം മാറ്റിവയ്ക്കാൻ കഴിഞ്ഞാൽ, നാം നമ്മുടെ ആത്മാവിനെ "സൂക്ഷിക്കുക" യായി. ഉപഭോഗതല്പരതയുടെ നീചതയിൽനിന്നും പരസ്യങ്ങളുടെ വേലിയേറ്റത്തിൽനിന്നും അർത്ഥശൂന്യഭാഷണങ്ങളിൽനിന്നും ശബ്ദകോലാഹലങ്ങളിൽനിന്നും നമ്മുടെ സ്വാതന്ത്ര്യത്തെ "സൂക്ഷിക്കുവാൻ" അങ്ങനെ നമുക്ക് സാധ്യമാകും. തീർത്ഥാടന പാതയിലായിരിക്കുന്ന ക്രൈസ്തവരായ നാം നവമായി യാത്ര ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഈ വർഷാരംഭത്തിൽ തിരിച്ചറിയുന്നു. ഗതകാല ഭാരങ്ങൾ ഇറക്കിവച്ച്, യഥാർത്ഥത്തിൽ പ്രധാനമായ സംഗതികളിൽനിന്ന് തുടങ്ങേണ്ടതിന്റെ ആവശ്യകത ആ യാത്രയുടെ പ്രാരംഭബിന്ദു ഇന്ന് നമ്മോടൊത്തുണ്ട്; 'ദൈവമാതാവ്' നാം അവളെപ്പോലെആയിത്തീരണം എന്ന് ദൈവം അഭിലഷിക്കുന്നു. പുതുതായി യാത്രയാരംഭിക്കുന്നതിന് നമുക്ക് നമ്മുടെ അമ്മയെ ഉറ്റുനോക്കാം. അവളുടെ ഹൃദയത്തിൽ മിടിക്കുന്നത്, തിരുസഭയുടെ ഹൃദയമാണ്. ഇന്നത്തെ തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നത് മുന്നോട്ടുപോകണമെങ്കിൽ നാം പിന്നോട്ട് നോക്കണം എന്നാണ്.

മരിയഭക്തി കേവലം ആത്മീയ ആചാരം മാത്രമല്ല. അത് ക്രൈസ്തവജീവിതത്തിന്റെ അനുപേക്ഷണീയ ഘടകമാണ്. അമ്മ-ഓരോ അമ്മയും ഓരോ സ്ത്രീയും-തിരുസഭയ്ക്ക് ലഭിക്കുന്ന വിലപ്പെട്ട ദാനമാണ്. തിരുസഭ അമ്മയും സ്ത്രീയും ആണല്ലോ. എങ്ങനെയാണ് ജീവൻ നൽകേണ്ടത് എന്ന് അവൾക്കറിയാം. നമ്മുടെ വിശ്വാസം ഒരു ആശയമോ തത്ത്വമോ ആയി ചുരുങ്ങിപ്പോകാതിരിക്കണമെങ്കിൽ നാം ഓരോരുത്തർക്കും ഒരു മാതൃഹൃദയം ഉണ്ടാകണം: ദൈവത്തിന്റെ ആർദ്ര സ്നേഹം എങ്ങനെയാണ് സൂക്ഷിക്കേണ്ടത് എന്നറിയുന്ന ഹൃദയം: നമുക്കു ചുറ്റും ഉള്ളവരുടെ ഹൃദയമിടിപ്പുകൾ അനുഭവിച്ചറിയുന്ന ഹൃദയം. ദൈവത്തിന്റെ അതിശ്രേഷ്ഠ മനുഷ്യസൃഷ്ടി ആയ മറിയം ഈ വർഷം നമ്മെ കാത്തു സംരക്ഷിക്കട്ടെ. സ്വപുത്രന്റെ സമാധാനം അവൾ നമ്മുടെ ഹൃദയങ്ങളിലേക്കും സമസ്ത ലോകത്തിലേക്കും പകരട്ടെ.

ഫ്രാൻസിസ് പാപ്പ.

ബന്ധങ്ങൾ ദൃഢമാക്കാൻ...

നിഷ ജോസ്

എല്ലാ ജീവജാലങ്ങൾക്കും വളർച്ചയ്ക്കാവശ്യമായ ചില ഘടകങ്ങളുണ്ട്. അവയുടെ അഭാവം, വളർച്ച മുരടിപ്പിക്കുകയോ വികലമാക്കുകയോ ചെയ്യും. മറ്റ് ജീവജാലങ്ങളിൽനിന്ന് വ്യത്യസ്തമായി മനുഷ്യൻ മൂന്ന് തലങ്ങളിലുള്ള വളർച്ചയിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ശരീരം, മനസ്സ്, ആത്മാവ്. നമ്മുടെ സംസ്കാരത്തിൽ ശരീരത്തിനും ആത്മാവിനും ഏറെ പ്രാധാന്യം നല്കുന്നുണ്ട്. എന്നാൽ മിക്കവാറും വിസമരിക്കപ്പെട്ടുപോകുന്ന ഒന്നാണ് മനസ്സ്. ഈ മൂന്ന് തലങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഒന്നിന്റെ അനാരോഗ്യം മറ്റു തലങ്ങളെയും ബാധിക്കും. ഉന്മേഷവും സന്തുഷ്ടിയുമുള്ള മനസ്സ് ആരോഗ്യമുള്ള ശരീരത്തിനും പക്വമായ ആത്മീയതയ്ക്കും ആവശ്യമാണ്. തിരിച്ചും.

ശരീരത്തിന് ഭക്ഷണവും ജലവും വായുവുംപോലെ മനസ്സിന്റെ പോഷണത്തിനും വളർച്ചയ്ക്കും ആവശ്യമായ ഘടകങ്ങളാണ് സ്നേഹം, അംഗീകാരം, ബഹുമാനം, പ്രോത്സാഹനം തുടങ്ങിയവ. ഏതു മനുഷ്യമനസ്സിന്റെയും അടിസ്ഥാന ദാഹങ്ങളാണ് ഇവ. വേണ്ട അളവിൽ, വേണ്ട സമയത്ത് ലഭിക്കാതെ വരുമ്പോൾ അത് മനസ്സിനെ തളർത്തും. വ്യക്തിത്വത്തെ വികലമാക്കും. സമൂഹത്തിൽ നാം കാണുന്ന വികലമായ പല വ്യക്തിത്വങ്ങളുടെയും പിന്നിൽ സ്നേഹത്തിന്റെയും അംഗീകാരത്തിന്റെയും ഒരു നല്ലവാക്കുപോലും കിട്ടാതെ മുരടിച്ചുപോയ മനസ്സുകളാവാം. ആർത്തിപൂണ്ട ഹൃദയങ്ങളുടെ പ്രതികാരവും പ്രതിഷേധവുമാകാം. ശരീരത്തിന്റെ വിശപ്പിനോടും ദാഹത്തോടും ഉദാരമായി പ്രതികരിക്കുകയും കരുണകാണിക്കുകയും ചെയ്യുന്നവരാണ് നാം. എന്നാൽ ഒരിറ്റ് സ്നേഹത്തിനും പ്രോത്സാഹനത്തിനുമായി ദാഹിച്ചു തളരുന്ന മനുഷ്യമനസ്സുകളെ നാം ക്രൂരമായി അവഗണിക്കുന്നു.

വാക്കിന് പ്രവൃത്തിയോളം പ്രാധാന്യം കൊടുക്കാത്തവരാണ് മലയാളികൾ. എന്നാൽ മനസ്സുകളെ വളർത്താനും തളർത്താനും, തകർക്കാനും പുനരുദ്ധരിക്കാനും മൃതമാക്കാനും ജീവിപ്പിക്കാനും കഴിവുള്ള ഏറ്റവും ശക്തമായ ആയുധമാണ് വാക്ക്. ഒരുവന്റെ ആത്മീയവിശ്വാസവും ആത്മാഭിമാനവും കെട്ടിപ്പടുക്കാനും അതിനെ ഇടിച്ചു തകർക്കാനും വാക്കുകൾക്ക് കഴിയും. നിർഭാഗ്യവശാൽ അഭിനന്ദനത്തിന്റെയും പ്രോത്സാഹനത്തിന്റെയും കൃതജ്ഞതയുടെയും വാക്കുകൾക്ക് ഏറെ പിശുക്ക് കാട്ടുന്ന ഒരു സമൂഹമാണ് നമ്മുടേത്.

പ്രത്യേകിച്ച് കുഞ്ഞുങ്ങളോട് നാം പറയുന്ന വാക്കുകൾ അവരുടെ മനസ്സിൽ പതിഞ്ഞുകിടക്കും. അവരെക്കുറിച്ചു തന്നെയുള്ള അവരുടെ മനോഭാവത്തെയും സങ്കൽപ്പത്തെയും സ്വാധീനിക്കും. വിമർശനാത്മകമായി ചിന്തിക്കുവാനോ,

സമൂഹത്തിൽ നാം കാണുന്ന പലവികലമായ വ്യക്തിത്വങ്ങളുടെയും പിന്നിൽ സ്നേഹത്തിന്റെയും അംഗീകാരത്തിന്റെയും ഒരു നല്ലവാക്കുപോലും കിട്ടാതെ മുരടിച്ചുപോയ മനസ്സുകളാവാം. ആർത്തിപൂണ്ട ഹൃദയങ്ങളുടെ പ്രതികാരവും പ്രതിഷേധവുമാകാം.

വിവേചിക്കുവാനോ പ്രാപ്തിയാകാത്തതിനാൽ, മറ്റുള്ളവർ അവരെക്കുറിച്ച്, അവരുടെ കഴിവുകളെക്കുറിച്ച് എന്ത് പറയുന്നുവോ അതാവും അവവരുടെ വിശ്വാസം. ഉദാഹരണത്തിന് ഒരു കുഞ്ഞിന്റെ കണ്ണുകളിൽ നോക്കി "മോൻ മിടുക്കനാണ്" എന്ന് മുതിർന്ന ഒരാൾ പറയുമ്പോൾ അവൻ സ്വയം വിശ്വസിച്ചു തുടങ്ങുന്നു: "ഞാൻ മിടുക്കനാണ്." ഇത്തരത്തിൽ കൂടുതൽ പ്രോത്സാഹനത്തിന്റെയും അംഗീകാരത്തിന്റെയും വാക്കുകൾ കേട്ട് വളരുന്ന കുഞ്ഞുങ്ങൾ കൂടുതൽ ആത്മവിശ്വാസമുള്ളവരായിരിക്കും. കളിയാക്കലുകളും, ഇരട്ടപ്പേരുകളും തെറ്റായ വിമർശനങ്ങളുമൊക്കെ അവരെ അപകർഷതാബോധമുള്ളവരും സ്വയം തീരുമാനങ്ങളെടുക്കാൻ കഴിവില്ലാത്തവരുമാക്കും. കുഞ്ഞുനാളിൽ ചാർത്തിക്കിട്ടിയ തെറ്റായ ലേബലുകൾ അവർ ജീവിതകാലം മുഴുവൻ ചുമന്നുകൊണ്ടു നടന്നേക്കാം. അനു എന്ന പെൺകുട്ടി ഉദാഹരണമായി ഓർമ്മയിലുണ്ട്. പഠനത്തിലും മറ്റു കലകളിലുമൊക്കെ അത്യാവശ്യം കഴിവുള്ള പെൺകുട്ടിയായിരുന്നു അനു. പക്ഷേ അവൾ അവളെക്കുറിച്ചുതന്നെ എപ്പോഴും വിശേഷിപ്പിച്ചിരുന്നത് 'ഒന്നിനും കൊള്ളാത്തവൾ' എന്നായിരുന്നു. കാരണം അവളുടെ നിറം ഇരുണ്ടതാണ് എന്നതായിരുന്നു.

കുഞ്ഞുനാളിലെപ്പോഴോ വെളുത്തനിറമുള്ള ചേച്ചിയുമായി താരതമ്യം ചെയ്ത് (തമാശയ്ക്കോ, ഗൗരവമായോ) മാമൻ പറഞ്ഞിരുന്ന വാക്കാണ്, അനു മുതിർന്ന് കോളേജ് വിദ്യാർത്ഥിനിയായിട്ടും ഹൃദയത്തിൽ കൊണ്ടുനടന്നിരുന്നത്. "അയ്യേ നിന്റെ നിറം നോക്കിക്കേ, ചേച്ചി എന്തു വെളുത്തതാ... നിന്നെ ഒന്നിനും കൊള്ളില്ല." മാമന്റെ തമാശ നിറഞ്ഞ പരിഹാസം അവൾക്ക് അവളെക്കുറിച്ചുള്ള വിശ്വാസമായി മാറി. കൊച്ചു പ്രവൃത്തികളിൽപോലും പ്രോത്സാഹനത്തിന്റെയും അഭിനന്ദനങ്ങളുടെയും വാക്കുകൾ ലഭിക്കുമ്പോൾ കുഞ്ഞുങ്ങൾ അവരറിയാതെ തന്നെ ഉന്മേഷവും ഉത്സാഹവും ഉള്ളവരും എന്തിനും മുൻകൈ എടുക്കാൻ മടികാണിക്കാത്തവരും ആകും. വെളുത്തനിറമുള്ള ചേച്ചിയുമായി താരതമ്യം ചെയ്ത് (തമാശയ്ക്കോ, ഗൗരവമായോ) മാമൻ പറഞ്ഞിരുന്ന വാക്കാണ്, അനു മുതിർന്ന് കോളേജ് വിദ്യാർത്ഥിനിയായിട്ടും ഹൃദയത്തിൽ കൊണ്ടുനടന്നിരുന്നത്. "അയ്യേ നിന്റെ നിറം നോക്കിക്കേ, ചേച്ചി എന്തു വെളുത്തതാ... നിന്നെ ഒന്നിനും കൊള്ളില്ല." മാമന്റെ തമാശ നിറഞ്ഞ പരിഹാസം അവൾക്ക് അവളെക്കുറിച്ചുള്ള വിശ്വാസമായി മാറി. കൊച്ചു പ്രവൃത്തികളിൽപോലും പ്രോത്സാഹനത്തിന്റെയും അഭിനന്ദനങ്ങളുടെയും വാക്കുകൾ ലഭിക്കുമ്പോൾ കുഞ്ഞുങ്ങൾ അവരറിയാതെ തന്നെ ഉന്മേഷവും ഉത്സാഹവും ഉള്ളവരും എന്തിനും മുൻകൈ എടുക്കാൻ മടികാണിക്കാത്തവരും ആകും.

കുഞ്ഞുങ്ങളിലേക്ക് തങ്ങളുടെ മൂല്യങ്ങൾ പകർന്നു നല്കാൻ മിക്ക മാതാപിതാക്കളും ശിക്ഷണങ്ങളും അച്ചടക്കനടപടികളുമാണ് ഉപയോഗിക്കാറ്. എന്നാൽ അവരിൽ പ്രകടമാകുന്ന നന്മകളെ പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ശിക്ഷണത്തെക്കാൾ ഫലപ്രദമാണ്.

ഉദാഹരണത്തിന് അവരുടെ പ്രവൃത്തികളിലൂടെ വെളിവാകുന്ന ദയ, സത്യസന്ധത, ധൈര്യം, തുടങ്ങിയ ഓരോ മൂല്യങ്ങളും നന്മകളും അതാത് സന്ദർഭങ്ങളിൽ തന്നെ എടുത്തുപറഞ്ഞ് പ്രശംസിക്കണം.

എന്നാൽ നിരർത്ഥകമായ പ്രശംസകൾ ഒഴിവാക്കുകയും വേണം. ഇന്ന് വിദ്യാർത്ഥികളിൽ കാണപ്പെടുന്ന അമിതമായ ഉത്കണ്ഠയും, അസഹിഷ്ണുതയുമൊക്കെ ഒരു പരിധിവരെ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയുമൊക്കെ സമ്മർദ്ദത്തിൽ നിന്നുണ്ടാകുന്നതാണ്. കുഞ്ഞുങ്ങൾ പ്രശ്നങ്ങളെ നേരിടാൻ ധൈര്യമുള്ളവരാകണമെങ്കിൽ, പരാജയങ്ങളെ അതിജീവിക്കാൻ കഴിയുന്നവരാകണമെങ്കിൽ, അവരുടെ പ്രവൃത്തികൾക്കപ്പുറം, അവരെന്തായിരിക്കുന്നുവോ അതിന് അവരെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യണം.
കുഞ്ഞുങ്ങൾ മാത്രമല്ല ഏതു പ്രായത്തിലും നല്ല വാക്കുകൾക്കായി കൊതിക്കുന്നവരാണ് മനുഷ്യർ. ഏതാനും വർഷങ്ങൾക്കു മുമ്പ് ജോലി ചെയ്ത നഗരത്തിൽ, സ്ഥിരം യാത്രയ്ക്കായി വിളിച്ചിരുന്ന ഓട്ടോറിക്ഷയുണ്ടായിരുന്നു. വൃദ്ധനായ ഡ്രൈവർ, പലപ്പോഴും കുറഞ്ഞ തുകയാണ് ഈടാക്കിയിരുന്നത്. കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇതായിരുന്നു. "നിങ്ങൾ എപ്പോഴും വണ്ടിയിൽനിന്നിറങ്ങുമ്പോൾ പുഞ്ചിരിച്ചുകൊണ്ട് നന്ദി പറയാറുണ്ട്. സാധാരണ ആളുകൾ ചെയ്യാത്ത കാര്യമാണ്. അതുകൊണ്ടാ നിങ്ങൾ വിളിക്കുമ്പോഴൊക്കെ സന്തോഷത്തോടെ വരുന്നത്." ഒരു പുഞ്ചിരിയും നന്ദിയുടെ വാക്കും ആ വൃദ്ധന്റെ മനസ്സിനെ എത്രയേറെ സ്പർശിക്കുന്നു എന്നത് എന്റെ കണ്ണുകളെ നനയിച്ചു. നാമാരും പരിഗണിക്കാത്ത, മുഖത്തു നോക്കുകപോലും ചെയ്യാതെ അവഗണിക്കുന്ന അനേകരുണ്ട് നമുക്ക് ചുറ്റും. നിശ്ശബ്ദമായി നമുക്ക് സേവനം ചെയ്യുന്നവർ. ഹോട്ടലിലെ പരിചാരകർ, ഗേറ്റ് തുറന്നു തരുന്ന സെക്യൂരിറ്റിക്കാർ, ടാക്സി ഡ്രൈവർമാർ എന്നുതുടങ്ങി അനുദിന ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന എത്രയോ പേർ. അവരുടെയൊക്കെ കണ്ണുകളിലേക്ക് നോക്കി നന്ദിയുടെ ഒരു വാക്കും ഒരു പുഞ്ചിരിയും സമ്മാനിച്ചു നോക്കുക. വലിയ വിലകൊടുത്ത് നാം വാങ്ങുന്ന പല സന്തോഷങ്ങളെയുംകാൾ ഏറെ സംതൃപ്തിതരും ആ മുഖങ്ങളിൽ വിരിയുന്ന സന്തോഷത്തിന്റെ ഭാവങ്ങൾ. കൊച്ചുനന്മകൾക്കും സഹായങ്ങൾക്കും പോലും നന്ദി പറയുകയും മറ്റുള്ളവരെ അഭിനന്ദിക്കുകയും ചെയ്യുന്ന സ്വഭാവം നമ്മിലും നമ്മുടെ കുഞ്ഞുങ്ങളിലും രൂപീകരിക്കുകയും വളർത്തിയെടുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

പല കുടുംബങ്ങളിലെയും പ്രശ്നങ്ങൾ സംസാരത്തിലെ അപാകതകൾ കൊണ്ടുണ്ടാകുന്നവയാണ്. കൂടെയുള്ളവരുടെ നന്മകളോട് മൗനം ദീക്ഷിക്കുകയും കുറവുകളെ ഉച്ചത്തിൽ പ്രഘോഷിക്കുകയും ചെയ്യുമ്പോഴാണ് പലബന്ധങ്ങളിലും വിള്ളലുകൾ വീഴുകയും അവ വലുതാവുകയും ചെയ്യുന്നത്. നന്ദിയുടെ, അംഗീകാരത്തിന്റെ

ഒരു വാക്കിൽ ഉരുകിത്തീരാവുന്നവ യാണ് പരിഭവങ്ങളുടെയും പിണ ക്കങ്ങളുടെയും പല കുത്തുകളും. പക്ഷേ ദുരഭിമാനത്തിന്റെയും 'ഞാൻ' ഭാവങ്ങളുടെയുമിടയിൽ ഞെരിഞ്ഞുപോകുന്ന നന്ദിയും പ്രോത്സാഹനങ്ങളുമൊക്കെ ഒരു പാട് ഹൃദയങ്ങളുടെ നിലയ്ക്കാത്ത നെടുവീർപ്പുകളായി മാറുന്നു. കുടുംബങ്ങളിൽ മാത്രമല്ല ഇന്ന് സമൂഹത്തിലും സഭയിലും ആക മാനം വർദ്ധിച്ചുവരുന്ന ഒരു തിന്മ യാണ് മറ്റുള്ളവരുടെ കുറവുക ളെയും തിന്മകളെയും പ്രഘോഷി ക്കുക എന്നത്. തിന്മയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയും തിന്മകൾ മാത്രം പ്രചരിപ്പിക്കുകയും ചെയ്യുന്ന സമൂഹത്തിൽ തിന്മ വർദ്ധിക്കും. നന്മയിലേക്ക് ശ്രദ്ധി ക്കുകയും നന്മ പ്രചരിപ്പിക്കുകയും ചെയ്യുന്നിടത്ത് നന്മ വർദ്ധിക്കും.

ചില ട്രെയിനിംഗുകളുടെയിടയിൽ, പങ്കെടുക്കുന്നവരോട് ആവശ്യപ്പെ ടാറുള്ള കാര്യമാണ് അടുത്തിരിക്കു ന്നവരുടെ നേരെ തിരിഞ്ഞ്, മുഖത്ത് നോക്കി, അവരുടെ ഏതെ ങ്കിലും രണ്ട് നന്മകൾ പറയുക എന്നത്. ഇക്കാര്യം ചെയ്തിച്ചപ്പോ ഴൊക്കെ ഗ്രൂപ്പ് പെട്ടെന്ന് ഊർജ്ജ സ്വലമാകുന്നതും, മിക്കവരുടെയും മുഖങ്ങൾ പ്രകാശിക്കുന്നതും കണ്ടിട്ടുണ്ട്. പലരും പങ്കുവയ്ക്കാ റുള്ളത്, തങ്ങളിൽ ഈ നന്മകളു ണ്ടായിരുന്നു എന്നത് അറിഞ്ഞിരു ന്നില്ല എന്നും ആദ്യമായാണ് ഒരാൾ ഇങ്ങനെ പറയുന്നത് എന്നുമാണ്.

വ്യക്തിബന്ധങ്ങൾ ദൃഢമാക്കാനും ആഴപ്പെടുത്താനും ഏറ്റവും ലളിത മായി നമുക്ക് ചെയ്യാവുന്ന കാര്യ മാണ് അവരുടെ നന്മകളും കഴിവു കളും കണ്ടെത്തുക എന്നത്. (മുഖ സ്തുതി ആവുകയുമരുത്) അതു കേൾക്കുന്നവർക്ക് മാത്രമല്ല പറയു ന്നവർക്കും ഹൃദയാനന്ദം നല്കും. ഒരുദിവസം രണ്ടുപേരോടെങ്കിലും നന്മ പറയും, അഭിനന്ദിക്കും എന്ന് തീരുമാനിക്കുക. ജീവിതത്തിൽ വരുന്ന മാറ്റം നിങ്ങളെ അത്ഭുതപ്പെ ടുത്തും.

ലോകം കണ്ട നേതാക്കന്മാരിൽ ഏറ്റവും ശക്തനായ ഒരു വ്യക്തി യാണ് നെപ്പോളിയൻ. തന്റെ അനു യായികൾ തന്നെ അനുസരിക്കാ ത്തപക്ഷം തന്റെ വിജയം ഒന്നുമല്ല എന്ന് തിരിച്ചറിഞ്ഞ ബുദ്ധിമാൻ. തന്റെ ബൃഹത്തായ സൈന്യത്തെ ഉത്തേജിപ്പിക്കുവാനും പ്രചോദിപ്പി ക്കുവാനും അദ്ദേഹം പ്രയോഗിച്ചി രുന്ന തന്ത്രമുണ്ട്. സൈന്യത്തെ സന്ദർശിക്കുന്നതിനു മുമ്പ് കേണ ലിനെ വിളിച്ചുവരുത്തി, തൊട്ടു മുൻപ് നടന്ന പോരാട്ടത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കു കയും എന്നാൽ അർഹിക്കുന്ന പരി ഗണന കിട്ടാതിരിക്കുകയും ചെയ്ത ഏതെങ്കിലും സൈനി കന്റെ പേര് നിർദ്ദേശിക്കാനാവശ്യ പ്പെടും. അതിനുശേഷം ആ വ്യക്തിയെക്കുറിച്ചും കുടുംബത്തെ ക്കുറിച്ചുമുള്ള എല്ലാ വിവരങ്ങളും ശേഖരിച്ച് പഠിക്കും. മാർച്ചിനിട യിൽ കേണൽ കൊടുക്കുന്ന സിഗ്നൽ അനുസരിച്ച്, മുൻകൂട്ടി തിരഞ്ഞെടുത്ത സൈനികന്റെ മുൻപിൽ പെട്ടെന്ന് നിൽക്കും. പുര സ്കാരങ്ങളും മെഡലുകളും അതി ലേറെ പ്രശംസയും നല്കും. വ്യക്തിപരവും കുടുംബപരവുമായ എല്ലാക്കാര്യങ്ങളെക്കുറിച്ചും അന്വേ ഷിക്കും. ഇത് മറ്റു സൈനികർക്കും സന്തോഷവും പ്രചോദനവും നല്കും. തങ്ങളുടെ നേതാവ് തങ്ങളെ ഓരോരുത്തരെയും വ്യക്തിപരമായി അറിയുന്നു എന്നും, അംഗീകരിക്കുന്നു എന്നും അവർക്ക് വിശ്വാസമുണ്ടാകുന്നു. പ്രശംസയും അംഗീകാരവും എത്ര

പ്രധാനപ്പെട്ടതും ശക്തവുമാണ് എന്ന് വെളിപ്പെടുത്തുന്നതാണ് നെപ്പോളിയന്റെ ജീവിതത്തിൽനിന്നുള്ള ഈ സംഭവം. ഒരു രാജ്യത്തെയും ജനതയെയും തന്നെ നിയന്ത്രിക്കാൻ അംഗീകാരത്തിന്റെ, നന്മയുടെ വാക്കുകൾക്ക് കഴിയും.

അഭിനന്ദനങ്ങളും അംഗീകാരവും, ജീവനക്കാർക്ക് ജോലിയോടും സ്ഥാപനത്തോടുമുള്ള ആത്മാർത്ഥതയും അർപ്പണവും ഏറെ വർദ്ധിപ്പിക്കും എന്നത് പഠനങ്ങൾ തെളിയിച്ചിട്ടുള്ളതാണ്. സമ്മാനങ്ങളെയും, ശമ്പളത്തെയുംകാളൊക്കെ, അധികാരികളുടെ നല്ല വാക്കുകൾ (അംഗീകാരത്തിന്റെയും പ്രോത്സാഹനത്തിന്റെയും) ജീവനക്കാരെ പ്രചോദിപ്പിക്കും.

ഒരിക്കൽ ഒരു ഉദ്യോഗാർത്ഥി അഭിമുഖത്തിനായി ഇരുന്നു. അഭിമുഖം നടത്തിയത് സ്ഥാപനത്തിന്റെ ഉടമസ്ഥൻ തന്നെയായിരുന്നു. അദ്ദേഹം ഉദ്യോഗാർത്ഥിയുടെ മാർക്ക് ലിസ്റ്റുകൾ പരിശോധിച്ചു. സ്കൂൾ തലം മുതൽ ഏറ്റവും ഉയർന്ന ഗ്രേഡുകൾ മാത്രം. അദ്ദേഹം അവനോട് ചോദിച്ചു: "താങ്കളുടെ പിതാവിന് എന്താണ് ജോലി?" "പിതാവ് ചെറുപ്പത്തിലേ മരിച്ചുപോയി." അവൻ മറുപടി പറഞ്ഞു. "അമ്മയ്ക്ക് എന്താണ് ജോലി?" "അമ്മ അലക്കുകാരിയാണ്." മറ്റുള്ളവരുടെ വസ്ത്രങ്ങൾ അലക്കിയാണ് എന്നെ പഠിപ്പിച്ചത്. അദ്ദേഹം വീണ്ടും ഉദ്യോഗാർത്ഥിയുടെ കരങ്ങളിലേക്ക് നോക്കി. മൃദുലമായ, ഭംഗിയുള്ള കൈകൾ. "താങ്കൾ അമ്മയെ ജോലിയിൽ സഹായിക്കാറുണ്ടോ?" "ഇല്ല. കാരണം ഞാൻ ഏറ്റവും നന്നായി പഠിക്കണം എന്നാഗ്രഹിച്ചിരുന്നതുകൊണ്ട് അമ്മ എന്നെക്കൊണ്ട് ഒന്നും ചെയ്യിച്ചിരുന്നില്ല." എങ്കിൽ നിങ്ങൾ ഒരുകാര്യം ചെയ്യണം. ഇന്ന് വീട്ടിൽ ചെന്ന് നിങ്ങളുടെ അമ്മയുടെ കരങ്ങൾ വൃത്തിയാക്കുക. എന്നിട്ട് നാളെ വീണ്ടും എന്നെ വന്ന് കാണുക." ഉദ്യോഗാർത്ഥി വിഷാദത്തോടെ മടങ്ങി. ഈ ജോലി നഷ്ടപ്പെട്ടു എന്നവൻ കരുതി. എങ്കിലും വീട്ടിൽ ചെന്ന് അമ്മയുടെ കരങ്ങൾ വൃത്തിയാക്കാൻ തീരുമാനിച്ചു. സ്വന്തം കരങ്ങളിൽ അമ്മയുടെ കരങ്ങളെടുത്ത് വൃത്തിയാക്കവെ അവൻ കണ്ടു. ചുക്കിച്ചുളിഞ്ഞ തൊലിയും ഉണങ്ങാത്ത അനേകം മുറിവുകളും. അവന്റെ കണ്ണുനീർ അമ്മയുടെ കരങ്ങളിലേക്കടർന്നുവീണു. പിറ്റേദിവസം കമ്പനി ഉടമയെ വീണ്ടും കണ്ടു. അദ്ദേഹം ചോദിച്ചു. "ഇന്നലെ നീ എന്തു പഠിച്ചു?" ഉദ്യോഗാർത്ഥി മറുപടി പറഞ്ഞു. എന്റെ അമ്മ എനിക്കുവേണ്ടി ചെയ്ത ത്യാഗത്തിന്റെ വില എനിക്ക് മനസ്സിലായി." അവന്റെ കണ്ണുകൾ വീണ്ടും നിറഞ്ഞു. "ഇനി നിനക്കിവിടെ ജോലിക്കു കയറാം. മറ്റുള്ളവരുടെ അദ്ധ്വാനവും കഷ്ടപ്പാടുകളും തിരിച്ചറിയുകയും അതിലെ വിലമതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവരെയാണ് ഇവിടെ ആവശ്യം." അപ്പോയിന്റ്മെന്റ് ഓർഡർ നീട്ടിക്കൊണ്ട് കമ്പനി ഉടമസ്ഥൻ പറഞ്ഞു.

അതെ, ചെറിയവരെന്നോ, വലിയവരെന്നോ വ്യത്യാസങ്ങളില്ലാതെ മറ്റുള്ളവരുടെ നന്മകൾ, കഴിവുകൾ, അദ്ധ്വാനങ്ങൾ, ഗുണങ്ങൾ എല്ലാറ്റിനെയും വിലമതിക്കുകയും അംഗീകരിക്കുകയും, അത് നന്ദിയുടെയും അഭിനന്ദനങ്ങളുടെയും വാക്കുകളിലൂടെ പ്രകടിപ്പിക്കു

കയും ചെയ്താൽ നമ്മുടെ ഭവനങ്ങളും സമൂഹവും ഏറെ സുന്ദരമാകും. ഒരുപാട് മനസ്സുകളും ബന്ധങ്ങളും സുഖപ്പെടും. ഇനി ആരിലും നന്മകാണാൻ കഴിയുന്നില്ലെങ്കിൽ എന്റെ കണ്ണുകൾക്ക് തിമിരമുണ്ട്. ആരോടും നന്മ പറയാൻ കഴിയുന്നില്ലെങ്കിൽ എന്റെ ഉള്ളിൽ അപകർഷതാബോധവും.

എന്തുകൊണ്ടാണ് നമുക്ക് മറ്റുള്ളവരെ പ്രശംസിക്കാനും അംഗീകരിക്കാനും കഴിയാത്തത്? ഒരു നല്ല വാക്ക് പറയാൻ പറ്റാത്തത്? ഉത്തരം വളരെ ലളിതമാണ്. എന്റെ ഉള്ളിലുള്ളതെന്തോ അതേ മറ്റുള്ളവർക്ക് കൊടുക്കാൻ കഴിയൂ. ആത്മവിശ്വാസവും സ്വാഭിമാനവുമുള്ള ഒരു വ്യക്തിക്കു മാത്രമേ മറ്റുള്ളവരെ അഭിനന്ദിക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയൂ. സ്വയം അംഗീകരിക്കാനും ബഹുമാനിക്കാനും കഴിയുന്ന ഒരാൾക്കേ മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും കഴിയൂ. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ക്രിസ്തുവചനത്തിന് ഇങ്ങനെയും ഒരു പൊരുളുണ്ട്. അപരനിലേയ്ക്കുള്ള സ്നേഹത്തിന്റെ യാത്ര ആരംഭിക്കേണ്ടത് എന്നിൽനിന്നു തന്നെയാണ്. സ്വയം സ്നേഹിക്കാത്തവന് ഒരിക്കലും അപരനെ സ്നേഹിക്കാൻ കഴിയില്ല. സ്വയം പ്രശംസിക്കാൻ കഴിയാത്തവന് ഒരിക്കലും മറ്റുള്ളവരെ പ്രശംസിക്കാൻ കഴിയില്ല. കൗമാരക്കാരിയായ മകളെക്കുറിച്ച് എപ്പോഴും പരാതികളും വിമർശനങ്ങളും മാത്രം ഉന്നയിച്ചിരുന്ന മാതാപിതാക്കളോട് ഒരിക്കൽ ഇങ്ങനെ ചോദിച്ചു: "ഇത്രയും കാലം നിങ്ങൾ കുറ്റാരോപണങ്ങളും വിമർശനങ്ങളും മാത്രം നടത്തിയിട്ട് എന്ത് പ്രയോജനമുണ്ടായി? ഇതിന് പകരം ഇടയ്ക്കെങ്കിലും ആ കുട്ടിയെ ഒന്ന് അഭിനന്ദിക്കുകയും, നല്ല വാക്കുകൾ പറയുകയും ചെയ്തുകൂടെ?" അതിന് അവളെ അഭിനന്ദിക്കാൻ തക്ക ഒരു നന്മയും അവളിൽ കാണാൻ കഴിയുന്നില്ല," എന്നായിരുന്നു മാതാപിതാക്കളുടെ മറുപടി. മറ്റുള്ളവരോട് പറയാൻ, അവരെ അംഗീകരിക്കാൻ തക്ക ഒരു നന്മയും ഗുണവും നമുക്ക് കാണാൻ കഴിയുന്നില്ലെങ്കിൽ, കുഴപ്പം നമ്മുടെ കണ്ണുകൾക്കാണ്. കാഴ്ചയ്ക്കാണ്. സർവ്വോപരി അപകർഷതാബോധം ഒളിഞ്ഞ് കിടക്കുന്ന നമ്മുടെ മനസ്സുകൾക്കാണ്. ക്രിസ്തുവിന്റെ വ്യക്തിത്വത്തിൽ എന്നെ ഏറ്റവും അധികം ആകർഷിച്ചിട്ടുള്ളത് .

ലോകം ഒരുവനെ അവന്റെ കുറവുകളുടെയും പാപങ്ങളുടെയും പേരിൽ മാറ്റി നിർത്തുമ്പോൾ ക്രിസ്തു അവന്റെയുള്ളിൽ മറഞ്ഞുകിടക്കുന്ന പുണ്യങ്ങളിലേക്കും നന്മകളിലേക്കും നോക്കുന്നു. ചേർത്തു നിർത്തുന്നു. അതുകൊണ്ടാണ് അവന്റെ വാക്കുകളിൽ കഠിന പാപികൾ വിശുദ്ധരായി രൂപാന്തരപ്പെട്ടത്. ഇരുളിനെ കീഴടക്കിയ പ്രകാശത്തിന്റെ ജന്മദിനമാഘോഷിക്കുന്ന ഈ വേളയിൽ, പുതുവർഷത്തിന്റെ പ്രകാശത്തിലേക്ക് കാൽവയ്ക്കുമ്പോൾ പുതിയൊരു തീരുമാനമുണ്ടാകട്ടെ. മനസ്സിൽ ഇനി അപരന്റെ ഉള്ളിലെ ഇരുളിലേക്കല്ല മറിച്ച് അവന്റെയുള്ളിലെ പ്രകാശങ്ങളിലേക്കാണ് ഞാൻ നോക്കുക. അനേകം ഹൃദയങ്ങളിൽ തെളിയാൻ വെമ്പിനിൽക്കുന്ന തിരികളിൽ പ്രകാശം കൊളുത്തുന്ന ജ്വാലയായ് എന്റെ നാവും വാക്കും മാറട്ടെ...

സുഹൃത്തേ, നമുക്ക് അക്കരയ്ക്ക് പോയ് വരാം

റവ. ഡോ. വിൻസെന്റ് വാര്യത്ത്

"ഇക്കരെ രാത്രിയും ഇരുട്ടും;

അക്കരെ പുലരിയും വെട്ടവും.
ഇരുട്ടുമാത്രം സത്യം എന്ന്
ഇക്കരെ ഇവർ പറയുമ്പോൾ
സുഹൃത്തേ നമുക്കക്കരയ്ക്ക്
പോയ് വരാം.

കൈക്കുടന്നയിൽ പുലരിവെട്ടം
കോരിയെടുത്ത്

നമുക്ക് ഇക്കരയ്ക്ക്
മടങ്ങിവരാം...."

Heinrich Boil-ന്റെ '"Candles of Madonna' പലതവണ വായിച്ചിട്ടുണ്ടെങ്കിലും വീണ്ടുമൊരിക്കൽക്കൂടി വായിച്ച ശേഷം ഞാനിങ്ങനെ ധ്യാനപൂർവ്വം ഇരിക്കുകയാണ്. വൈദ്യുതദീപ ങ്ങൾ പ്രചാരത്തിലായിട്ടില്ലാത്തകാ ലം. മെഴുകുതിരികൾ നിർമ്മിച്ച് വിറ്റ് ഉപജീവനം കഴിക്കുന്നൊരു സാധു. നിറംകെട്ട, അലങ്കാരപ്പണി കളില്ലാത്ത അയാളുടെ തിരികൾ ആളുകൾക്കു വേണ്ടാതായി. പട്ടണ ത്തിലെ മൊത്തക്കച്ചവടക്കാരനായ സുഹൃത്തിന്റെ ക്ഷണമനുസരിച്ച് അയാൾ പട്ടണത്തിലെത്തി. പക്ഷേ, 'നിറംകെട്ട, അലങ്കാരപ്പണികളി ല്ലാത്ത' ആ തിരികൾ അവിടെയും തിരസ്കൃതമായി. തിരികൾ നിറച്ച പെട്ടികളുമായി ഇരുൾക്കീറുകൾ താഴേക്കിറങ്ങുന്ന, വിജനപാതയി ലൂടെ അയാൾ നടക്കുന്നു. നാട്ടി ലേക്ക് മടങ്ങാനുള്ള പണമില്ല. വഴി യോരത്ത് പഴയൊരു പള്ളി. അകത്ത് പൊട്ടിപ്പൊളിഞ്ഞു തുടങ്ങിയ മഡോണയുടെ തിരുസ്വരൂപം.

കുമ്പസാരക്കൂട്ടിലിരുന്ന അച്ചൻപോലും അയാളെക്കണ്ട് എഴുന്നേറ്റുപോയി. ഒരു കുഞ്ഞിനെ പ്പോലെ മാതാവിന്റെ കണ്ണുക ളിൽനോക്കി അയാൾ നിന്നു. സ്വർഗ്ഗം തന്നെ മാടിവിളിക്കുന്ന പോലെ അയാൾക്കുതോന്നി. എല്ലാ വരും ഉപേക്ഷിച്ച, നിറംകെട്ട, വില കെട്ട തിരികൾ ഒന്നൊന്നായി പുറ ത്തെടുത്ത് അയാൾ അൾത്താ രയ്ക്കു ചുറ്റും കത്തിച്ചുവച്ചു.

അന്നാദ്യമായി ആരോ തന്നെ സ്വീകരിക്കുന്നതായി അയാൾക്കു തോന്നി. സ്വർഗ്ഗം തന്നെ തൊടുന്നു; ആർദ്രമായി, ആഴമായി.

ഒഴിഞ്ഞ കുടയും നിറഞ്ഞ മനസ്സു മായി അയാൾ ജീവിതത്തിലേക്കു സ്വപ്നസദൃശമായ ചുവടുകൾ വച്ചു.

ആർക്കും വേണ്ടാത്ത താൻ ദൈവ ത്തിന്റെ സ്വപ്നമാണെന്നയാൾക്കു തോന്നി.

കഥയുടെ വഴിയിലൂടെ ഞാനും നട

തിരികൾ നിറച്ച പെട്ടിക ളുമായി ഇരുൾക്കീറു കൾ താഴേക്കിറങ്ങുന്ന, വിജനപാതയിലൂടെ അയാൾ നടക്കുന്നു. നാട്ടിലേക്ക് മടങ്ങാ നുള്ള പണമില്ല. വഴി യോരത്ത് പഴയൊരു പള്ളി. അകത്ത് പൊട്ടിപ്പൊളിഞ്ഞു തുടങ്ങിയ മഡോണയുടെ തിരുസ്വരൂപം.

ക്കുകയായിരുന്നു. ചില നേരങ്ങ ളിൽ ഞാനായിരുന്നു വിലകെട്ട, നിറംകെട്ട തിരിയെന്ന് ഞാനോർത്തു. വിലയറ്റതിനെ വില യുറ്റതാക്കി മാറ്റുന്ന സ്വർഗ സ്പർശം ഞാനുമറിഞ്ഞിട്ടുണ്ടെ ന്നോർത്തപ്പോൾ എന്റെ കണ്ണുനിറ ഞ്ഞു. ദൈവത്തിന്റെ സ്വപ്നമാ ണെന്നു ഞാനോർത്തപ്പോൾ എനിക്കു ചിറകുമുളച്ചു. സ്വപ്നങ്ങ ളെല്ലാം കവർന്നെടുക്കപ്പെടുമ്പോൾ വീണ്ടും വീണ്ടും സ്വപ്നങ്ങൾ തരു ന്നയാളെയല്ലേ നാം ദൈവം എന്നു വിളിക്കുക. അടയ്ക്കാത്ത ഒരു വാതിൽ, സമൃദ്ധിയുടെ ഒരു ദേശം, ഇടയനായെത്തുന്നൊരു സ്നേഹം... ദൈവം സ്വപ്നങ്ങൾ തന്നുകൊണ്ടേയിരിക്കുന്നു. നാം സ്വപ്നത്തിന്റെ കൈപിടിച്ചു നടക്കുന്നു.

ജീവിതത്തിലെ ദുഃഖദുരിതങ്ങളെ ക്കുറിച്ചു പറഞ്ഞശേഷം കവിയെഴുതി,

'എങ്കിലും സ്വപ്നങ്ങൾ കാണുന്ന നമ്മുടെ

കണ്ണുകൾ കാലം കവർന്നീലിതു വരെ

നമ്മൾ കിനാവുകൾ കാണുന്നു നമ്മെ കിനാവുകൾ

കൈപിടിച്ചെങ്ങോ നടത്തുന്നു...

ഞാനിങ്ങനെ എഴുതിയിരിക്കു മ്പോൾ മുറിയിൽ ABBA യുടെ ഗാനം മുഴങ്ങുന്നു.

I Have a dearm
A song to sing
to help me cope with anything....

ഗായകർ എന്റെ ഹൃദയം വിമലവി കാരങ്ങൾകൊണ്ടു നിറയ്ക്കുന്നു:

"എനിക്കൊരു സ്വപ്നമുണ്ട്; പാടാ നൊരു പാട്ടും.

എന്തിനെയും നേരിടാൻ എന്നെ സഹായിക്കുന്ന സ്വപ്നമുണ്ട്...

ഇരുൾക്കീറുകളെ കീറിമുറിച്ച്, അടുത്ത പുലരിയിലേക്ക്

(സമയമെത്തുമ്പോൾ) ഞാൻ നദി കടക്കും..."

നിങ്ങൾ ഇരുട്ടിന്റെ തുരുത്തിലായി രിക്കുമ്പോൾ ഓർക്കുക തൊട്ടടുത്ത കരയിൽ പുലരിയും വെട്ടവും നിങ്ങളെ കാത്തിരിക്കുന്നു. നദി കട ക്കുക സുഹൃത്തേ, നമുക്ക് അക്ക രയ്ക്കു പോകാം എന്നു ദൈവം മന്ത്രിക്കുന്നു. സ്വപ്നം കൈമോശം വന്നവൻ ഓരോ നിമിഷവും മരിച്ചു കൊണ്ടിരിക്കുകയാണ്. മരണമല്ല മനുഷ്യന്റെ ഏറ്റവും വലിയ നഷ്ടം. ജീവിച്ചിരിക്കുമ്പോൾ ഒരുവനിൽ മൃതമായി പോകുന്നവയാണ് അവന്റെ ഏറ്റവും വലിയ നഷ്ടം.

നിരാശ തളംകെട്ടി നില്ക്കുന്ന Concentration Camp ൽ ജനുവരി മാസ ങ്ങളിൽ മരണം കൂടുതലായിരുന്നു എന്നൊരു നിരീക്ഷണമുണ്ട്. പുതി യവർഷം തുടങ്ങുമ്പെങ്കിലും തങ്ങൾ മോചിപ്പിക്കപ്പെടും എന്ന ചിന്തയോടെ ദിവസങ്ങൾ തള്ളിനീ ക്കുന്നവർ ജനുവരിയും കടന്നുപോ കുമ്പോൾ പ്രതീക്ഷാരാഹിത്യ

ത്തിന്റെ കൂരിരുട്ടിലേക്ക് എറിയപ്പെടുകയാണ്. പിന്നെ കരിന്തിരി പുകഞ്ഞ് കെട്ടടിയും. കോൺസൺട്രേഷൻ ക്യാമ്പിൽ കൊലചെയ്യപ്പെട്ടവരുടെയത്രയും വരില്ലെങ്കിലും നിരാശയും ശൂന്യതാബോധവും മൂലം മരിച്ചവരും ഏറെയുണ്ട് എന്നോർക്കുക.

പ്രതീക്ഷ വെടിഞ്ഞുകളയാതെ വീണ്ടും വീണ്ടും കാത്തിരിക്കാൻ കഴിഞ്ഞവർ മാത്രമാണ് അവിടെ രക്ഷപെട്ടതെന്നാണ് വിക്ടർ ഫ്രാങ്കൽ എഴുതുന്നത്. ജീവിതത്തിനർത്ഥവും വേദനകൾക്ക് മൂല്യവും നൽകിയത് കാത്തിരിപ്പാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇക്കരെ മരണം പൂക്കുമ്പോൾ അക്കരെ ജീവനേകാൻ കാത്തിരിക്കുന്നവരിലേക്ക് പോകാനുള്ള കാത്തിരിപ്പ്.

കാത്തിരിപ്പിന്റെ സൗന്ദര്യം പ്രപഞ്ചത്തിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്നുണ്ട്. ഭൂമിയുടെ നെഞ്ചിലെ മുറിവുചാലുകളിലേക്ക് പുഴയൊഴുകാൻ ഭൂമി കാത്തിരിക്കുന്നു. മുളയുടെ മുറിവുകളിലൂടെ പാട്ടൊഴുകിയിറങ്ങാൻ മുള കാത്തിരിക്കുന്നു. കരിമേഘത്തിന്റെ കനംതുങ്ങിയ ഹൃദയത്തിൽ നിന്നും മഴയുടെ നിറവിറങ്ങുന്നതിനായി വാനം കാത്തിരിക്കുന്നു. നോവാകുന്ന മുള്ളിന്റെ നോവിൽ പൂവിന്റെ ചിരിവിടരാൻ ചെടി കാത്തിരിക്കുന്നു.

കാത്തിരിപ്പാണ് പ്രപഞ്ചത്തിന് താളം നൽകുന്നത്.

കാത്തിരിപ്പിന്റെ സഫലതയായെത്തിയ ക്രിസ്തു കാത്തിരിക്കാനാണ് പഠിപ്പിച്ചത്.

മുട്ടുവിൻ തുറക്കപ്പെടും... അന്വേഷിപ്പിൻ കണ്ടെത്തും...

ക്രിസ്തുവിന്റെ പ്രാർത്ഥനകളിൽ പ്രതീക്ഷാരാഹിത്യത്തിന്റെ ഒരു വാക്കുപോലുമില്ല എന്ന് കൗതുകത്തോടെ നിരീക്ഷിക്കുക.

അങ്ങയുടെ രാജ്യം വരണമേ... എന്നാണവന്റെ പ്രതീക്ഷ നിറഞ്ഞ പ്രാർത്ഥന.

ക്രിസ്തുവിന്റെ ഉപമകൾ നോക്കുക: കാത്തിരിക്കുന്നൊരു ഇടയൻ, വാതിലടയ്ക്കാതെ ധൂർത്തനൊരു പിതാവ്, വിളകൾക്കൊപ്പം കളപോലും വളരട്ടെയെന്നു കരുതുന്ന ഒരു കർഷകൻ...

ജീവിതത്തിനർത്ഥവും വേദനകൾക്ക് മൂല്യവും നൽകിയത് കാത്തിരിപ്പാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇക്കരെ മരണം പൂക്കുമ്പോൾ അക്കരെ ജീവനേകാൻ കാത്തിരിക്കുന്നവരിലേക്ക് പോകാനുള്ള കാത്തിരിപ്പ്.

മരണത്തോടടുപ്പിക്കുന്ന പ്രാണവേദനയാൽ പിടയുമ്പോഴും പറുദീസയെന്ന സ്വപ്നം നല്ല കള്ളനു നല്കുന്നു കർത്താവ്.

കുറവിന്റെ നേരത്ത് നിറവിന്റെ സാധ്യത നൽകുന്നതാണ് ക്രിസ്തുവിന്റെ സാന്നിധ്യം.

ശിഷ്യന്മാർക്ക് ക്രിസ്തുവൊത്തുള്ള ജീവിതം സ്വപ്നസദൃശമായ ഒരു യാത്രയായിരുന്നു. സ്വപ്നങ്ങൾ സൗജന്യമായി നല്കിയ ഒരു ഗുരു: "ഇപ്പോൾ കരയുന്നവർ ആശ്വസിപ്പിക്കപ്പെടും. പീഡിപ്പിക്കപ്പെടുന്നവർ- സ്വർഗ്ഗരാജ്യം നേടും..."

"പ്രതീക്ഷകളുടെ ചിറകിൽ പറക്കുന്നവന് വാനം വലുതാണ്" എന്ന് എഴുതിയത് Abraham Maslow യാണ്.

പ്രതീക്ഷ നിറഞ്ഞ ഹൃദയമുള്ളവൻ കൂടുതൽ ക്രിയാത്മകതയും ഉത്പാദനക്ഷമതയും ഉള്ളവനായി മാറുന്നു എന്നും അദ്ദേഹം എഴുതിച്ചേർക്കുമ്പോൾ അതിൽ അവിശ്വസിക്കാൻ ഒന്നുമില്ല.

'ലോകം ബൃഹത്തായ പാറാവാണ്. ഈ പാറാവിൽ എന്നും അനേകർ അതിനിന്ദ്യമായ വിധത്തിൽ കൊലചെയ്യപ്പെടുന്നു' എന്നെഴുതിയത് ആത്രെ സുഖറോവ് ആണ്. ലോകം ജയിലറയായിരിക്കാം. പക്ഷേ, അവിടെയും ജനാല തുറക്കാൻ നമുക്കു സാധിക്കും. ജനാലയിലൂടെ പുറത്തേക്കു നോക്കി നക്ഷത്രങ്ങളെ കണ്ടെത്താനും നമുക്കാവും. മദ്യവും മയക്കുമരുന്നും യുവാവിനെ കൊണ്ടെത്തിച്ചത് ജയിലിൽ. നിഴൽപോലും വഴിമാറി നടന്നുപോയി എന്നയാൾക്കു തോന്നി. ഉറ്റ സുഹൃത്തായൊരു പെൺകുട്ടിമാത്രം കൂടെനിന്നു. ഒരുനാൾ അവൾ സന്ദർശനത്തിനെത്തിയപ്പോൾ ചിത്രകാരനായ ഇയാൾ ചിത്രം വരയ്ക്കുകയാണ്. ഇരുണ്ട മുറിയിലെ ഇരുണ്ട മുഖമുള്ള യുവാവ്. 'മുഖത്തെന്തേ ഇത്ര കാളിമ' അവളുടെ ചോദ്യം. 'ജയിലിൽ ഇത്ര വെട്ടമേയുണ്ടാകൂ' എന്നു മറുപടി. അവളും ചിത്രകാരിയാണ്. അവൾ ബ്രഷും നിറങ്ങളുമെടുത്ത് ഏതാനും വരകൾ, കോറലുകൾ. ഇപ്പോൾ ചിത്രത്തിലൊരു തുറന്ന ജാലകം. അകത്തേക്ക് അരിച്ചിറങ്ങുന്ന വെട്ടം. യുവാവിന്റെ മുഖത്തും ചൈതന്യം.

അവന്റെ കണ്ണുകളിൽ നോക്കി അവൾ പറഞ്ഞു: "എല്ലാ പ്രഭാതത്തിലും എല്ലാവർക്കും വേണ്ടി സൂര്യനുദിക്കുന്നുണ്ട്. വെട്ടം കിട്ടാൻ ജനാലതുറക്കേണ്ടത് നമ്മളല്ലേ!'

അടഞ്ഞുപോയ വാതിൽപാളികളിലേക്കും നോക്കി നില്ക്കുകയാണ് നാം. അടഞ്ഞ ഒരു വാതിലിനുപകരം അനേകം വാതിലുകൾ ദൈവം തന്നെ ചുറ്റിലും തുറന്നിടുന്നുണ്ട്. പക്ഷേ, നാം കാണുന്നില്ലല്ലോ...

അടഞ്ഞൊരു വാതിലിൽമാത്രം ഉറപ്പിക്കപ്പെട്ടുപോയി ദൃഷ്ടികൾ!

പ്രശസ്തനാകുംമുമ്പ് ബ്രൂസ് ലീ ഷാലോവിൻ ടെമ്പിളിലെത്തി. 'വളരണമെന്നുണ്ട്, കുറവുകൾ ഏറെ, എന്നാൽ, അയാൾ Zen Master-നോട് പറഞ്ഞുതുടങ്ങി: 'ഇടതുകാലിനു നീളക്കുറവ്, കണ്ണിനു കാഴ്ചക്കുറവ്, കുറവുകൾ മാറ്റാൻ എന്തുചെയ്യണം...?"

ഗുരു ബ്ലാക്ക്ബോർഡിൽ നേർവര വരയ്ക്കുന്നു. 'ഇതു തൊടുക പോലും ചെയ്യാതെ, ഒന്നും മായിച്ചുകളയാതെ ചെറുതാക്കാനാവുമോ?'

"ബ്ലാക്ക്ബോർഡിൽനിന്ന് നിശ്ചിത അകലം പാലിക്കൂ. വര ചെറുതായി കാണപ്പെടും" എന്നു ബ്രൂസ് ലീയുടെ ഉത്തരം. 'എത്ര കണ്ട് അകലം പാലിച്ചാലും നീ തിരിച്ചുവരുമ്പോൾ തുറിച്ചുനോക്കുന്ന വര അവിടെത്തന്നെയുണ്ട്." ഗുരു ഓർമ്മിപ്പിക്കുന്നു. മറ്റെന്തു മാർഗ്ഗം. ബ്രൂസ് ലീ ക്കു മൗനം. ചെറുചിരിയോടെ ഗുരു വരയ്ക്കുതാഴെ അതിലും വലിയ വര വരയ്ക്കുന്നു. ആദ്യത്തെ വര ചെറുതായി.

'പ്രശ്നമുണ്ടാകുമ്പോൾ പ്രശ്നത്തെക്കാൾ വലുതാകുക.' കുസൃതിയോടെ ആരോ എഴുതി:

Having problem in your life is not a problem; thinking having problem is a problem is the problem.

'പ്രശ്നമുണ്ടാകുന്നതല്ല പ്രശ്നം. പ്രശ്നമുണ്ടാകുന്നത് പ്രശ്നമാണെന്നു കരുതുന്ന പ്രശ്നമാണ് പ്രശ്നത്തിലെ ഏക പ്രശ്നം.

പ്രശ്നമുണ്ടാകുമ്പോൾ പ്രതിവിധിയായി വളരുക.

എപ്പോഴും പ്രശ്നത്തെക്കുറിച്ചു ചിന്തിക്കുന്നയാൾ പ്രശ്നമായി മാറുന്നു എന്ന് മനഃശാസ്ത്രം.

പ്രതിവിധിയുടെ ഭാഗമായി മാറേണ്ടയാൾ പ്രശ്നത്തിന്റെ ഭാഗമായി മാറുന്നത് ഒരു ദുരന്തം തന്നെയാണ്.

പ്രതിവിധിയിലേക്ക് കണ്ണെറിയുക.

'മാലാഖമാർക്ക് പറക്കാനാവുന്നത് ചിറകുകൾ ഉള്ളതുകൊണ്ടല്ല. ഹൃദയത്തിൽ ഭാരങ്ങൾ ഇല്ലാത്തതുകൊണ്ടാണ്! അവരേക്കാൾ ഉയരത്തിലേക്ക് അവർ പറക്കുകയാണ്.'

മലകയറുന്ന അപ്പനും മകനും. പാതിവഴിയിൽ അവർ താഴേക്കിറങ്ങി വരുന്ന ഇരുൾക്കീറുകൾ കണ്ടു പേടിച്ച മകൻ പറഞ്ഞു: 'അപ്പ! ഇരുട്ട്, ഇരുട്ടാണെങ്ങും, പേടിയാകുന്നു.'

അപ്പൻ ആകാശത്തേക്ക് വിരൽചൂണ്ടി പറഞ്ഞു: 'മോനേ, ഇരുട്ടുനിറഞ്ഞ താഴ്വാരത്തേക്കല്ല, നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തേക്ക് നോക്കുക...' 'Keep your eyes set on the stars' എന്നു ഒരു പാട്ടുകാരൻ ഓർമ്മിപ്പിക്കുന്നു.

താഴേക്ക് എപ്പോഴും നോക്കുന്നവന് ഉയരത്തിലേക്ക് പോകാനാവില്ല. സ്വന്തം പ്രശ്നങ്ങളെക്കുറിച്ചു ചിന്തിച്ചുമാത്രം നില്ക്കുന്നവർ ജീവിതത്തിന്റെ താണിടങ്ങൾമാത്രം താണ്ടുന്നവരാണ്. കൊക്കൂണിനുള്ളിലെ ലാർവയെപ്പോലെയാണത്. സ്വയം സ്നേഹത്തിന്റെയും selfpity യുടെയും ഇത്തിരിച്ചൂടിൽ വൈരൂപ്യം പുതച്ചിരിക്കുന്ന അവസ്ഥ. കൊക്കൂണിനെ മനഃശാസ്ത്രത്തിൽ comfort zone എന്നു വിളിക്കാറുണ്ട്. selfpity ഒരുതരം കംഫോർട്ട് ആണ്, നമുക്ക് പലപ്പോഴും. ഈ വൈരൂപ്യാവസ്ഥയുടെ അക്കരെയുടെ അനന്തതയിലേക്ക് പറന്നുയരുന്നവരാണ്. മാലാഖമാർക്ക് പറക്കാനാവുന്നത് എന്തുകൊണ്ട് എന്നൊരു ചോദ്യം ചോദിക്കുന്നത് സൂഫിമാരാണ്. ഉത്തരം അവർതന്നെ പറഞ്ഞുതരും. 'മാലാഖമാർക്ക് പറക്കാനാവുന്നത് ചിറകുകൾ ഉള്ളതുകൊണ്ടല്ല. ഹൃദയത്തിൽ ഭാരങ്ങൾ ഇല്ലാത്തതുകൊണ്ടാണ്! അവരേക്കാൾ ഉയരത്തിലേക്ക് അവർ പറക്കുകയാണ്.'

മജീദ്മജീദിയുടെ Colour of Paradise എന്ന ചിത്രകാവ്യത്തിലെ ഒരു രംഗം. വേനലൊഴിവിനായി എല്ലാവരും പോയൊഴിഞ്ഞ ബോർഡിംങ്. അന്ധനായ പയ്യൻ അപ്പനെ കാത്തിരിക്കുന്നു.

അയാൾ എത്തുന്നതേയില്ല.

ക്ലോസപ്പിൽ അവന്റെ വേദന നിറഞ്ഞ മുഖം. മെല്ലെ അവൻ ഒരു പൂച്ചയുടെ കരച്ചിലിനു കാതോർക്കുന്നു. ക്യാമറക്കണ്ണു പിന്നെ നീളുന്നത് ഇലകൾക്കിടയിൽ വീണുകിടക്കുന്ന ഒരു കിളിക്കുഞ്ഞിലേക്ക്. പൂച്ചയെ ഓടിച്ച് കളഞ്ഞ് കിളികുഞ്ഞിനെ തപ്പിപ്പിടിച്ചെടുത്ത് പോക്കറ്റിലിട്ടശേഷം അവൻ പിന്നെ മരംകയറുന്നതും നാം കാണുന്നു. ഇടയ്ക്ക് തെന്നിയും ആയാസപ്പെട്ടും.

മെല്ലെ അവൻ ഉച്ചിയിലെ കിളിക്കൂട് തേടിപ്പിടിച്ച് കിളിക്കുഞ്ഞിനെ തള്ളപ്പക്ഷിയ്ക്കൊപ്പം വയ്ക്കുന്നു. അവന്റെ ചിരി ക്ലോസപ്പിൽ കണ്ടിരിക്കുമ്പോൾ നമുക്ക് ആശ്വാസം, അത്ഭുതം. പുറംകണ്ണ് അടഞ്ഞിരിക്കുകയാണെങ്കിൽ എന്ത്? പറുദീസയുടെ സകല വർണങ്ങളും അവന്റെ ഉള്ളിൽ നിറഞ്ഞുനില്ക്കുകയാണ്. ഇങ്ങനെയൊക്കെയാണ് ഒരുവൻ സ്വന്തം വേദനകൾ മറക്കാൻ പഠിക്കുന്നത്. ഇങ്ങനെയാണ് ഒരുവൻ അവനേക്കാൾ ഉയരത്തിൽ പറക്കുന്നത്.

'എന്റെ സ്വപ്നങ്ങൾ കാറ്റെടുത്തു

എന്റെ ജീവിതം കടലെടുത്തു' എന്നു കരഞ്ഞതാരാണ്: എന്നറിയില്ല.

പക്ഷേ പ്രളയത്തിനുശേഷവും മഴവില്ല് തെളിയുന്നുണ്ട്. അതു കാണാൻ ഒരു കുഞ്ഞിന്റെ കണ്ണു വേണം.

കടലോരത്തിരുന്ന് കളിവീട് തീർക്കുന്ന കുഞ്ഞ്. മെനഞ്ഞൊരുക്കി ചന്തമൊന്നാസ്വദിക്കും മുന്നേ തിരകൾ വന്ന് കളിവീട് ഉടച്ചുകളഞ്ഞു.

കുഞ്ഞുകരയും കുറച്ചുനേരം. മെല്ലെ കാറ്റ് അവന്റെ കണ്ണീർ തുടച്ചുമാറ്റും. അവൻ മറ്റൊരു കളിവീടു തീർക്കും.

നമുക്കു ചുറ്റുമുള്ളതൊക്കെ ഉടയുന്ന കളിവീടുകൾ മാത്രം. സൗന്ദര്യം, സമ്പത്ത്, ആരോഗ്യം....

ഓരോ കളിവീട് തകരുമ്പോഴും കളിവീടേ തകർന്നുള്ളൂ എന്ന് സ്വയം ഓർമ്മപ്പെടുത്തുക; മറ്റൊന്ന് വീണ്ടും മെനഞ്ഞു തുടങ്ങുക. മെനയലിനും തകരലിനും തമ്മിൽ വലിയ അന്തരമില്ല എന്നു തിരിച്ചറിയുന്നവനാണ് അറിവുള്ളവൻ. രണ്ടിലും സന്തോഷിക്കുന്നവനാണ് ജ്ഞാനി.

ഡിമെല്ലോ ചോദിക്കുന്നുണ്ട്. എന്താണ് enlightenment?

നിങ്ങൾക്കുള്ളതെല്ലാം നശിക്കുമ്പോഴും കളിപ്പാട്ടങ്ങളേ ഉടഞ്ഞുള്ളൂ എന്ന് ചിന്തിക്കാനാവുന്നതാണ് enlightenment. നിരാശയുടെ ഒരു കരയിൽനിന്നും മറ്റൊരു കരയുടെ ദൂരമേ ഉള്ളൂ enlightenment ലേക്ക്.

കാഴ്ചപ്പാടൊന്നു മാറ്റിയാൽ ജീവിതം മുഴുവൻ മാറ്റാനാവുമെന്നതാണ് ഏറ്റവും വലിയ കണ്ടുപിടിത്തം എന്നെഴുതിയത് വില്യം ജെയിംസ് ആണ്. വേദനകൾ ഈശോ തരുന്ന ചുംബനങ്ങളാണെന്ന് പറഞ്ഞ മദർ തെരേസയോട് 'അമ്മേ, ഈശോയോട് എന്നെ ഇങ്ങനെ ഉമ്മ വയ്ക്കല്ലേ എന്നു പറയൂ.. ഈയിടെയായി ഈശോ താങ്ങാവുന്നതിലധികം ഉമ്മവയ്ക്കുന്നുണ്ട്" എന്നു പറഞ്ഞ സ്ത്രീയുണ്ട്. ഞാനും ഇവരെപ്പോലെതന്നെ! എന്നാൽ വ്യത്യസ്തവെട്ടമുള്ളവരുമുണ്ട്.

രണ്ടു കുഞ്ഞുങ്ങൾ ഇരുട്ടത്ത് വയലിലിരിക്കുന്നു.

ദൈവം ഇപ്പോൾ പ്രത്യക്ഷപ്പെട്ടാൽ നീയെന്തു ചോദിക്കും? ഒന്നാമൻ രണ്ടാമനോട് ചോദിക്കുന്നു.

"കുറച്ചുകൂടി നക്ഷത്രങ്ങൾ തരാൻ ഞാൻ പ്രാർത്ഥിക്കും; ഇരുട്ട് മാറ്റാൻ. നീയെന്തു ചോദിക്കും?'

'കുറച്ചുകൂടി ഇരുട്ടുതരാൻ പ്രാർത്ഥിക്കും'

'എന്തിന് ഇരുട്ട്?'

'ഇരുട്ട് കൂടുമ്പോൾ നക്ഷത്രങ്ങളുടെ തിളക്കം കൂടും...'

പ്രശ്നങ്ങളുടെ കൂരിരുട്ട് വരുമ്പോൾ അകത്തു കത്തിനില്ക്കുന്ന താരങ്ങളുടെ തിളക്കം കൂടുന്നു. ഉള്ളിലെ വെട്ടം തിരിച്ചറിയാൻ സഹായിക്കണേ എന്നാവണം പ്രാർത്ഥന. ഇരുട്ടൊക്കെ മാറ്റിത്തരണേ എന്ന് ദയവായി പ്രാർത്ഥിക്കാതിരിക്കുക!

ഇക്കരെനിന്നും അക്കരെയുടെ ഇരുട്ടിലേക്കുള്ള കുതിച്ചു ചാട്ടമാണ് വിശ്വാസം.

ഇരുട്ടിലേക്ക് എടുത്തുചാടുമ്പോൾ എന്നും അറിയുക. ഒന്നുകിൽ ദൈവം നമ്മെ കൈകളിൽ താങ്ങും

അല്ലെങ്കിൽ

പറക്കാൻ പഠിപ്പിക്കും.

സുഹൃത്തേ,

നമുക്ക് അക്കരെയ്ക്കു പോകാം...

സ്വസ്ഥനായ സ്വാർത്ഥൻ

കായേൻ, കായേൻ എവിടെ നിന്റെ സഹോദരൻ ആബേൽ?

ചോദ്യം ചോദിക്കുന്നത് ദൈവം, പഴയനിയമത്തിൽ. സഹോദരന്റെ കാവൽക്കാരനല്ല താനെന്ന് പറഞ്ഞു ചോദ്യത്തിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചു കായേൻ.

നിക്കൊളായ് ബെർഡിയേവ് പഴയ നിയമകഥയ്ക്ക് പുതിയൊരു വ്യാഖ്യാനം നൽകി.

സഹോദരനാൽ വധിക്കപ്പെട്ട നിഷ്കളങ്കനായ ആബേൽ പുണ്യത്തിന്റെ സമൃദ്ധിയിൽ സ്വർഗ്ഗത്തിൽ. ഘാതകനായ കായേൻ നരകത്തിൽ അസ്വസ്ഥതയാൽ എരിയുന്നു. വീണ്ടുമൊരിക്കൽക്കൂടി ദൈവം ചോദ്യമുയർത്തി; ഇത്തവണ ആബേലിനോടാണ്:

‘ആബേൽ, ആബേൽ നിന്റെ സഹോദരൻ കായേൻ...’

ചോദ്യം ചാട്ടുളിപോലെ ആബേലിന്റെ സ്വസ്ഥതമേൽ വന്നു തറച്ചു. അയാൾ അസ്വസ്ഥതയാൽ പുളഞ്ഞു. സ്വന്തം രക്തത്തിന്റെ രക്തം നരകത്തിൽ പിടയുമ്പോൾ സ്വർഗത്തിൽ ഇനി സ്വസ്ഥനായിരിക്കാൻ ആബേലിനാവില്ല. അയാളുടെ അസ്വസ്ഥത സ്വർഗത്തിന്റെ അസ്വസ്ഥതയായി... പിന്നെ സ്വർഗ്ഗം പിളർന്ന് ദൈവപുത്രൻ ഭൂമിയിലേക്കിറങ്ങി... അവൻ കുരിശിൽ അസ്വസ്ഥനായി കരഞ്ഞു ‘എനിക്കു ദാഹിക്കുന്നു...’ സഹോദരനെ വീണ്ടെടുക്കാനുള്ള അസ്വസ്ഥതയുടെ ദാഹം.

എനിക്കു സ്വസ്ഥത വേണമെന്ന ചിന്തയിൽ തെറ്റില്ല.

എന്നാൽ എന്റെ സ്വസ്ഥജീവിതത്തിനിടയിൽ, ഒരാളുടെയും ദുഃഖവും ദുരിതവും എന്നെ ഉലയ്ക്കുന്നില്ലെങ്കിൽ ഞാൻ പാപത്തിലല്ലേ ജീവിക്കുന്നത്? ‘ദൈവാനുഗ്രഹത്താൽ ഞാനും കുടുംബവും സ്വസ്ഥമായി കഴിയുന്നു’ എന്നു പറയുന്നവർ, ഈ സ്വസ്ഥത നിഷേധിക്കപ്പെട്ടവരുടെയിടയിലേക്ക് ദൈവാനുഗ്രഹമായി ഇറങ്ങി വരേണ്ടവരാണ് തങ്ങൾ എന്നു മറക്കുന്നതെന്തേ?

മദർതെരേസയുടെ ഭവനങ്ങളിലെ കപ്പേളകളിലൊക്കെ ക്രൂശിതരൂപത്തിനു താഴെ Thirst എന്ന് എഴുതിവെച്ചിട്ടുണ്ട്. ക്രൂശിതന്റെ ദാഹം ഏറ്റെടുക്കുകയായിരുന്നു മദർതെരേസ. ‘വിളിക്കിടയിലെ വിളി’ ലഭിച്ച ട്രെയിൻ യാത്രയ്ക്കിടയിൽ വഴിയോരത്തു കണ്ട ഭിക്ഷക്കാരൻ ‘എനിക്കു ദാഹിക്കുന്നു, വിശക്കുന്നു’ എന്നാണ് കരഞ്ഞുപറഞ്ഞത് എന്ന് മദർ ഓർക്കുന്നു. ഭിക്ഷുവിനു പകരം പിന്നെ മദർ കണ്ടത് ദാഹിക്കുന്നുവെന്ന് പറഞ്ഞ് കരയുന്ന ക്രിസ്തുവിനെ...

ലൊറേറ്റോ നല്കിയ സ്വസ്ഥത “കണ്ണീരണിഞ്ഞ പുഞ്ചിരിയോടെ” വേണ്ടെന്നുവച്ചാണ് മദർ തെരുവിലേക്കിറങ്ങുന്നത്. കൈവശം 5 രൂപ, 1 ബക്കറ്റ്, ചൂല്, ഒരു ജോഡി വസ്ത്രം... ഐറീഷുകാരിയായ സുപ്പീരിയർ ചോദിച്ചുപോയി, സ്നേഹത്തോടെ തന്നെ “Are you not crazy”

മറുപടി സൗമ്യം “If we are not a little crazy we cannot love Christ.”

നിഷേ പറഞ്ഞു: “തെല്ലും ഭ്രാന്തില്ലാത്തതാണ് നമ്മുടെ പ്രശ്നം.” പ്രായോഗികതയുടെ രാജവീഥിയിലൂടെയേ നമ്മുടെ തേരുരുളൂ. ഇടുങ്ങിയവഴി, കുറച്ചുപേർമാത്രം കണ്ടെത്തിയവഴി, തിരഞ്ഞെടുക്കണമെങ്കിൽ ഭ്രാന്തുവേണം.

പെരുവഴിയിൽ നടക്കുന്നതാണ് സ്വസ്ഥം. ഇടുങ്ങിയവഴി നടക്കണമെങ്കിൽ സ്വസ്ഥത വെടിയാനും, കാത്തുനില്ക്കുന്ന ദുരിതം സ്വീകരിക്കാനും സന്നദ്ധതവേണം. അതിനുള്ള മനക്കരുത്തിനായി പ്രതമിരിക്കണം, ഉയർന്നുപറക്കണം... ദുരിതം തന്നെ!

ഫ്രാൻസിസ് അസീസി എത്ര ബുദ്ധിമുട്ടിയാണ് അറപ്പുളവാക്കുന്ന കുഷ്ഠരോഗിയെ ചുംബിക്കാൻ ഉൾക്കരുത്ത് നേടുന്നത്. കസൻദ് സാക്കീസിന്റെ ഫ്രാൻസിസ് ലിയോയോട് പറയുന്നു: ‘ഓരോ കുഷ്ഠരോഗിയെ ചുംബിക്കുമ്പോഴും അവർ ക്രിസ്തുവായി മാറുന്നു....’ സ്വസ്ഥതയിൽ പലപ്പോഴും ക്രിസ്തുവിനെ കണ്ടെത്താനായെന്നു വരില്ല. നമ്മുടെ സ്വസ്ഥത പലപ്പോഴും നമ്മെ പൊതിയുന്ന സ്വാർത്ഥത സമ്മാനിക്കുന്നതാണ്. ലാർവയെ പൊതിഞ്ഞു നില്ക്കുന്ന കൊക്കൂൺ നൽകുന്ന സ്വസ്ഥത പോലെ. മനഃശാസ്ത്രജ്ഞർ ഈ കൊക്കൂണിനെ കംഫോർട്ട് സോൺ എന്നുവിളിക്കുന്നു.

Comfort Zone അത്ര എളുപ്പത്തിൽ ഒരാൾക്ക് വെടിയാനാവില്ല. വീണ്ടും Pauper of God ലെ ഫ്രാൻസിസ് അസീസി പറയുന്നു:

‘നമ്മിലൊക്കെ ഒരു വൃത്തികെട്ട ലാർവയുണ്ട്. അതിനെ ശലഭമായി വിരിയിച്ചെടുക്കണം.’

ഫ്രാൻസിസിന്റെ വീടുപേക്ഷിക്കൽ ഒരു പ്രതീകമാണ്. കൊക്കൂണുപേക്ഷിച്ച് ശലഭമാകാനുള്ള ശ്രമമാണത്.

ആകാശത്തെ കാണണമെങ്കിൽ കോട്ടയിൽ ഒരു ജാലകം തുറന്നാൽ മതി. എന്നാൽ ആകാശത്തെ സ്വന്തമാക്കാൻ കോട്ടവെടിയണം.

ഒരുവൻ ‘മറ്റുള്ളവർക്കായി കത്തിജ്വലിക്കുന്ന സുസ്നേഹമൂർത്തി’യായി മാറുന്നതിങ്ങനെയാണ്. കൊട്ടാരപ്രഭുവായിരുന്നവൻ ആകാശപറവയായി മാറുന്നു.

ഫാ. ഡാമിയൻ എന്ന സുന്ദരനും ആരോഗ്യമുള്ളവനുമായ ചെറുപ്പക്കാരനച്ചൻ മൊളോക്കോയിലെ കുഷ്ഠരോഗികളുടെ ദുരിതനരകത്തിലേക്കിറങ്ങിയത് ഉള്ളിൽ അസ്വസ്ഥത പുകഞ്ഞതുകൊണ്ടാണ്.

അവരുടെ നരകതീയണയ്ക്കാൻവേണ്ടി സ്വയം പൊള്ളലേല്ക്കാൻ അദ്ദേഹം തയ്യാറായി. പൊള്ളലേൽക്കാൻ തയ്യാറാകാത്തവരുടെ എണ്ണം കൂടുന്നതുകൊണ്ട് ഭൂമി നരകസമാനമായി മാറുന്നു.

ഓസ്കർ റൊമേരോയെക്കുറിച്ചുള്ള സുന്ദരമായ സിനിമ കണ്ടത് ഓർക്കുന്നു. എൽസാവദോറിലെ പട്ടാളഭരണകാലത്താണ് അദ്ദേഹം ആർച്ച്ബിഷപ്പായി എത്തുക. പ്രാർത്ഥിച്ചും നയിച്ചും സ്വസ്ഥനായി ജീവിച്ച ബിഷപ്പായിരുന്നു അദ്ദേഹം.

ഓരോ ദിവസവും ചെറുപ്പക്കാർ അപ്രത്യക്ഷരാകും. പിറ്റേന്ന് തെരുവിൽ മുന്നറിയിപ്പുപോലെ അവരുടെ ചലനമറ്റ ശരീരം.

സഹോദരൻ നഷ്ടപ്പെട്ട ഒരു യുവതി ശവസംസ്കാരവേളയിൽ അലറിക്കരഞ്ഞ് ബിഷപ്പിനോടു പറയുന്നു: “ You are our tounge, You are our voice. Speak for us... If you don’t speak for us who will speak for us?

ഞങ്ങളുടെ നാവാണങ്ങ്, സ്വരമാണങ്ങ്. അങ്ങ് സംസാരിച്ചില്ലെങ്കിൽ

ആര് ഞങ്ങൾക്കുവേണ്ടി
സംസാരിക്കും.

പിന്നെ Comfort Zone ഭേദിക്കുന്നു
റൊമേരോ. കൊക്കൂൺ ഭേദിച്ച്
ശലഭം പുറത്തുവന്നു. ഇടയനായി
മാറി അദ്ദേഹം.

1980-ലെ വിശുദ്ധവാര ദിവസങ്ങളി
ലൊന്നിലാണ് അദ്ദേഹം കൊലചെ
യ്യപ്പെടുന്നത്.

സിനിമയിൽ അവസാനരംഗം ഇങ്ങ
നെ.

കുർബ്ബാനയർപ്പിക്കുന്ന റൊമേരോ.
തിരുവോസ്തി ഉയർത്തുമ്പോൾ
പള്ളിയിലേക്കു പാഞ്ഞുവരുന്ന ഭട
ന്മാർ.

വെടിയുണ്ടയേറ്റു താഴെവീഴുന്ന
ബിഷപ്പ്.

മറിഞ്ഞുവീണ കാസയിൽ നിന്നിറ്റു
വീഴുന്ന വീഞ്ഞ്. മുറിക്കപ്പെട്ട
അപ്പം...

ഒരു സ്ത്രീ വിളിച്ചുപറഞ്ഞു.

"ഇതാ ഞങ്ങൾക്കുവേണ്ടി ചിന്ത
പ്പെട്ട രക്തം.

മുറിക്കപ്പെട്ട അപ്പം..."

കമില്ലോ ടോറസ് എഴുതി.
"നിറഞ്ഞ വയറോടെ ദൈവവചനം
വായിക്കുന്നതും ഒട്ടിയ വയറോടെ
അസ്വസ്ഥനായിരുന്ന് ദൈവവചനം
വായിക്കുന്നതും രണ്ടും രണ്ടാണ്."
അദ്ദേഹം തുടർന്നെഴുതുന്നു.

"മുറിക്കപ്പെട്ട അപ്പമായി ഒരുവൻ
സമൂഹത്തിന് സ്വയം സമർപ്പിക്കു
ന്നില്ലെങ്കിൽ അവന്റെ ബലിയർപ്പ
ണത്തിന് അർത്ഥമില്ല." മുറിച്ചുന
ല്കുന്നതിലും സുഖം മുറിച്ചുഭക്ഷി
ക്കുന്നതാണ്. കണ്ണേറും കല്ലേറുമേ
റ്റുവാങ്ങുന്ന തേന്മാവാകുന്നതിനു
പകരം ചോരയും നീരും ഊറ്റിക്കു
ടിച്ച് ഊറ്റംപെരുപ്പിക്കുന്ന
ഇത്തിൾക്കണ്ണിയാകുന്നതാണ്
സുഖം. കടുത്ത സ്വാർത്ഥതയുടെ
ഈ സുഖം വല്ലാതെ കൊട്ടിഘോ
ഷിക്കപ്പെടുന്നുണ്ട് നമ്മുടെ സമൂഹ
ത്തിൽ.

സുഖത്തോടെ കഴിയാനാവുന്നത്ര
ഉണ്ടായിട്ടും ഉടുക്കാൻ വസ്ത്രമി
ല്ലാത്തവർക്കൊപ്പം ചേർന്ന്
'അർദ്ധനഗ്നനായ ഫക്കീറായി'
നടന്ന ഗാന്ധിജിയെ പുതുതലമുറ
പുച്ഛിക്കുന്നു.

കുറച്ചുനാൾ കഴിഞ്ഞാൽ 'ആരാ
അമ്മേ ഈ ഗാന്ധിജി?' എന്ന്
പുതിയ തലമുറക്കാരൻ ചോദിക്കു
മ്പോൾ "മ്മടെ ഗോഡ്സെ കൊന്ന
യാളാണയാൾ" എന്നു പറഞ്ഞു
കൊടുക്കുന്ന അവസ്ഥവരും
എന്നു കവി എഴുതിച്ചേർക്കുന്നു.

പറയത്തക്ക തെറ്റൊന്നും ചെയ്യാ
തിരുന്നിട്ടും പടിവാതിൽക്കൽ മുറി
വേറ്റ് പട്ടിണികിടന്ന ലാസറിനെ
ഗൗനിക്കാതെ ഭക്ഷണം കഴിച്ചു
സ്വസ്ഥനായിരുന്നു എന്നതിന്റെ
പേരിൽമാത്രം ധനവാൻ സ്വർഗ്ഗ
ത്തിൽ പ്രവേശിക്കില്ല എന്നു
യേശു പറഞ്ഞതിന്റെ പൊരുൾ
നമുക്ക് മനസ്സിലാവില്ല.

തനിക്കുള്ളതെല്ലാം ഉടുവസ്ത്രമ
ടക്കം അപ്പന് എറിഞ്ഞുകൊടുത്ത്
കുഞ്ഞിനെപ്പോലെ നഗ്നനായി
സ്വർഗ്ഗത്തിലേക്ക് കൈനീട്ടി നടന്നു
കൊണ്ട് ഇന്നാദ്യമായി സ്വർഗസ്ഥ
നായ ഞങ്ങളുടെ പിതാവേ...
എന്ന് ആത്മാർത്ഥമായി വിളി
ക്കാൻ എനിക്കാവും എന്നുപറഞ്ഞ
ഫ്രാൻസിസിന്റെ ദർശനത്തിന്റെ
പൊരുളും നമുക്കിനി ഗ്രഹിക്കാനാ
വില്ല.

കഞ്ഞിവെള്ളം നുണയ്ക്കാതെ

കുഞ്ഞുപൈതങ്ങൾ കേഴുമ്പോൾ

കനത്ത വേതനം തിന്നുമദിക്കുമീ

ഞാൻ മരിക്കണം

പീടികത്തിണ്ണ വീടാക്കി

സ്വസഹോദരി മയങ്ങുവെ

കൈക്കോഴയാൽ മാളികതീർക്കുമീ
ഞാൻ

മരിക്കണം' എന്ന കവിമൊഴിയുടെ
പൊരുളും നമുക്കറിയാനാവില്ല...

മനുഷ്യമഹത്വം മഞ്ഞുപോലെ
ഉറഞ്ഞുപോകുന്നുണ്ടോ? ധനാ
ഢ്യന്റെ മുന്നിൽ വന്നു കൈനീ
ട്ടിയ കുഞ്ഞിനോട് അയാൾ പറ
യുന്നു, "എന്റെ കണ്ണുകളിലേക്ക്
നോക്കുക. ഒന്നു വെപ്പുകണ്ണ്.
മറ്റേത് യഥാർത്ഥകണ്ണ്. ഏതാണ്
വെപ്പുകണ്ണെന്നു പറഞ്ഞാൽ
തിന്നാനെന്തെങ്കിലും തരാം."
രണ്ടു കണ്ണും ഒന്നുപോലെ.
പക്ഷേ, ഒരൊറ്റ നോട്ടമെറിഞ്ഞ്
പെട്ടെന്ന് കുഞ്ഞു പറഞ്ഞു.
'വെപ്പുകണ്ണ് ഇടതുകണ്ണാണ്.'
ധനാഢ്യന് അത്ഭുതം. 'ഇതെ
ങ്ങനെ മനസ്സിലാക്കി നീ...?'
കുഞ്ഞ് നിസ്സംഗതയോടെ
പറഞ്ഞു 'വെപ്പുകണ്ണിന് കുറച്ചു
കൂടി മനുഷ്യത്വമുണ്ട്...'

കൊളോസിയത്തിൽ ഗ്ലാഡിയേ
റ്റേഴ്സും പരസ്പരം കൊല്ലുന്ന
തുകണ്ട് ആളുകൾ ചിരിച്ച് രസി
ച്ചിരുന്നു. പോരാടുന്നവരിൽ
താഴെ വീണവനെ വീഴ്ത്തിയ
അപരൻ കൊല്ലണോ
വേണ്ടയോ എന്ന് തിങ്ങിനിറ
ഞ്ഞിരിക്കുന്ന ജനക്കൂട്ടം വിര
ലിന്റെ ചലനത്തിലൂടെ തീരുമാ
നിക്കും. തംസ്അപ് ആണെ
ങ്കിൽ രക്ഷ. തംസ് ഡൗൺ
ആണെങ്കിൽ മരണം. ജനക്കൂട്ട
ത്തിന്റെ വിരൽത്തുമ്പിന്റെ
ചലനം ജീവൻമരണങ്ങളെ
നിശ്ചയിക്കുന്നതിലെ കൊടും
ക്രൂരത നമ്മിലേക്കു പടരുന്നു
ണ്ട്. മാതൃഭൂമി ദിനപത്രത്തിൽ
ഒരു ഫോട്ടോ അച്ചടിച്ചുവന്നു.
ബസിന്റെ പിൻചക്രത്തിൽ
കുടുങ്ങി മരിച്ച സ്ത്രീയുടെ മര
ണരംഗം ചൂടോടെ ഒപ്പിയെടു
ക്കാൻ മൊബൈൽ ഫോണുക
ളുമായി നില്ക്കുന്നവരുടെ
വൻനിര. ഒരാൾ പിടഞ്ഞമരു
ന്നതും നമുക്കു കൗതുക
ക്കാഴ്ച! ചൂടപ്പംപോലെ വിറ്റ
ഴിഞ്ഞ ഒരു സിഡിയിൽ
ഉൾക്കൊള്ളിച്ചിരിക്കുന്നത്
പാപ്പാനെ മദമിളകിയ ആന
കുത്തിമലർത്തുന്ന രംഗങ്ങളാ
ണ്. താലിബാൻകാർ യുദ്ധഭട
ന്മാരുടെ ശിരസ്സ് വെട്ടുകത്തി
കൊണ്ട് മുറിച്ചുനീക്കുന്നതും
മറ്റുമായ ദൃശ്യങ്ങൾ മൊബൈൽ
ഫോണുകളിലൂടെ സഞ്ചരിക്കു

ന്നു. ഇതൊക്കെയാണ് ചെറിയ മനുഷ്യരായ നമ്മുടെ വലിയ സന്തോഷങ്ങൾ! മിയാകുൾപാ, മിയാകുൾപാ, മിയാമാക്സിമാ കുൾപാ! കാഴ്ചകൾ കണ്ട് ഭ്രമിച്ചിരിക്കാനും പേടിക്കാനും ചിരിക്കാനും കരയാനുമൊക്കെയാണ് നമുക്കിഷ്ടം. കാഴ്ചയുടെ കാല്പനികലോകത്തിൽ സ്വസ്ഥമായിരുന്ന് നാടകങ്ങൾ കാണുകയാണ് നാം. സീരിയലിലെ മസാലക്കൂട്ടിൽ തയ്യാറാക്കിയ ദുരന്തകഥാപാത്രങ്ങൾക്കൊപ്പം പൊട്ടിക്കരയുന്നവർ തൊട്ടടുത്ത വീട്ടിൽ പട്ടിണികിടന്നു കരയുന്ന കുഞ്ഞിന്റെ കരച്ചിൽ ഗൗനിച്ചെന്നേ വരില്ല! മറ്റൊരാളുടെ നൊമ്പരം ഒപ്പിയെടുക്കുകപോയിട്ട് മനസ്സിലാക്കാൻപോലും നമുക്കാവുന്നില്ല. ഫ്രഞ്ചുവിപ്ലവകാലത്ത് പട്ടിണിമൂലം നട്ടംതിരിഞ്ഞ് ഏതാനും കർഷകർ 'ഞങ്ങൾക്ക് അപ്പം തരൂ, അപ്പം തരൂ...' എന്നലറിക്കരഞ്ഞു കൊട്ടാരത്തിനു മുന്നിലൂടെ ജാഥ നടത്തി. കൊട്ടാരകിളിവാതിൽ തുറന്ന് ഈ കൗതുക കാഴ്ച കണ്ടുനിന്ന കുപ്രസിദ്ധയായ രാജ്ഞി മേരി അന്റോണിയേറ്റ് തിരിഞ്ഞ് സഖിയോട് നിഷ്കളങ്കതയോടെ ഇങ്ങനെ ചോദിച്ചത്രേ: അയ്യേ!

ഇവർക്കു തിന്നാൻ അപ്പമില്ലെങ്കിൽ കേക്കു തിന്നുകൂടേ!" ചോർന്നൊലിക്കുന്ന ക്രൂരതകൾക്ക് നടുവിൽ വിദേശപണംകൊണ്ട് അത്യാർഭാടമുള്ള സന്ന്യാസഭവനങ്ങൾ പണിതൊരുക്കി സമൃദ്ധിയുടെ സ്വസ്ഥതയിൽ താമസിക്കുന്ന ചില സമർപ്പിതരെക്കുറിച്ച് എന്തുപറയാൻ! അഴുക്കും ചെളിയും പുരണ്ട പാവങ്ങൾക്ക് ഈ സമൃദ്ധിയിലേക്ക് കാലെടുത്തുവയ്ക്കാനേ പേടിയായിരിക്കും. കർത്താവിന്റെ വീട്ടിൽ ചെന്ന ചെറിയവരൊക്കെ വലിപ്പത്തോടെയേ പുറത്തേക്കു പോയുള്ളൂ. പക്ഷേ, പല സന്ന്യാസ ഭവനങ്ങളിലും പുരോഹിത് ഗൃഹങ്ങളിലും ചെല്ലുന്നവർ തീരെ ചെറുതാക്കപ്പെട്ടാണ് പുറത്തുവരിക. മറ്റുള്ളവരെ ചെറുതാക്കാൻ വേണ്ടിയല്ലല്ലോ സ്വയം ചെറുതായി മറ്റുള്ളവരെ വലുതാക്കാൻ വേണ്ടിയല്ലേ ഞങ്ങളൊക്കെ പരസ്യവ്രതങ്ങൾ എടുക്കുന്നത്! വ്രതശുദ്ധിയുടെയും സ്വയം ശൂന്യവത്കരണത്തിന്റെയും അസ്വസ്ഥവഴിയിൽനിന്ന് ഞാനുൾപ്പെടെയുള്ള വിളിക്കപ്പെട്ടവർ മാറി നടക്കുന്നത് എന്തുകൊണ്ട്? അശാന്തിയുടെ കൊടുങ്കാറ്റാവാൻ പരിശീലിപ്പിക്കപ്പെട്ടവൻ ചെറുകൂടാരത്തിലെ ചെറുകുളിർക്കാറ്റായി ഒടുങ്ങിത്തീർന്നത് എന്തുകൊണ്ട് ?എന്ന് വിലപിച്ചത് നെരുദയാണ്.

പുറത്ത് ശാന്തിനിഷേധിക്കപ്പെട്ടവരുടെ ഉലച്ചിലിൽ തെല്ലുമുലയാതെ ഏകാഗ്രമായി നില്ക്കുന്ന മെഴുതിരിപോലെ സ്വസ്ഥമായി അൾത്താരയ്ക്കു മുന്നിൽ പ്രാർത്ഥിക്കാനാവുന്നത് സിദ്ധിയാണോ സ്വാർത്ഥതയാണോ എന്ന് എനിക്കറിഞ്ഞുകൂടാ. ഭക്തനായ വൈദികൻ വഴിയിലൂടെ നടന്നുവരുമ്പോൾ (സൂക്ഷിച്ചു നോക്കിയാൽ ഇയാൾക്ക് എന്റെ അതേമുഖം) വഴിയോരത്തിരുന്ന് പുല്ല് പറിച്ചുതിന്ന് വിശപ്പടക്കാൻ ശ്രമിക്കുന്ന സാധുവിനെ കാണുന്നു. ദുഃഖഭാരത്തോടെ വൈദികൻ ഇയാളെ എടുത്തുയർത്തി കനിവു കിനിയുന്ന സ്വരത്തിൽ പറഞ്ഞു: 'എന്തുകഷ്ടമാണിത്! സഹോദരാ! വിശപ്പടക്കാൻ നീ ഈ കെട്ട പുല്ലുതിന്നുകയാണോ! ഇപ്പോൾതന്നെ എന്റെയൊപ്പം പള്ളിയിലേക്കു വാ! അവിടെ പള്ളിമുറ്റത്ത് ഇതിനെക്കാൾ വലിയ പുല്ലുണ്ട്..."

ചെറിയ പുല്ലുതിന്നുന്നവന് വലിയ പുല്ലുകൊടുക്കലാണ് പലപ്പോഴും ചാരിറ്റി.

ക്രിസ്തുവിന്റെ ചാരിറ്റി രീതി ഇതല്ലായിരുന്നു. നരകത്തിൽ കിടക്കുന്നവന്റെ പൊള്ളലിലേക്കു സ്വർഗവും വെടിഞ്ഞ് ഇറങ്ങുന്നയാളാണ് ക്രിസ്തു. ലാറ്റിൻ അമേരിക്കൻ കവിതകളിലൊന്നിൽ ക്രിസ്തുവിന്റെ ഉജ്ജ്വല ചിത്രമുണ്ട്. കാട്ടുവഴിയിലെ കുഴിയിൽ വീണുപോയ യുവാവ്. ലക്ഷ്യം തെറ്റിനടന്നപ്പോൾകാലിടറി വീണതാണ്. സഹായത്തിനായി അയാൾ അലറിക്കരഞ്ഞു. അതിലെ വന്ന രാഷ്ട്രീയക്കാരൻ പറഞ്ഞു: "കാട്ടിലായാലും നടവഴിയിൽ കുഴിയുണ്ടായത് ഭരിക്കുന്നവരുടെ കഴിവുകേടുകൊണ്ട്. നിനക്കുവേണ്ടി ഞാൻ അവർക്കെതിരെ മുദ്രാവാക്യം വിളിക്കാം." അയാൾ നടന്നുനീങ്ങിയപ്പോൾ വന്ന ന്യായാധിപൻ പറഞ്ഞു: 'വഴി മറന്നുള്ള ചുവടുപിഴച്ചതും വീണതും നിന്റെ കുറ്റംകൊണ്ടുതന്നെ! സ്വന്തം തെറ്റിനു സ്വയം ശിക്ഷയേൽക്കുക.' പിന്നെ വന്നത് ഭക്തനായ വൈദികനാണ്. അയാൾ പറയുന്നു: 'ഞാൻ കൈ താഴേയ്ക്ക് നീട്ടാം. നീ കൈ മുകളിലേക്ക് ഉയർത്തുക. എന്റെ കൈകൊണ്ട് നിന്റെ കൈ പിടിക്കാനൊത്താൽ നിന്നെ രക്ഷിക്കാം.'

പക്ഷേ, കുഴിയിലെ അശുദ്ധന്റെയും മുകളിലെ വിശുദ്ധന്റെയും കൈകകൾ തമ്മിൽ തൊട്ടതേയില്ല. തമ്മിൽ അത്രയ്ക്ക് അന്തരമുണ്ടായിരുന്നു.

അവസാനം യേശു വന്നു. രക്ഷപ്പെടേണ്ടേ? എന്നൊരു ചോദ്യം മാത്രം. പിന്നെ കുഴിയിലേക്ക് ചാടിയിറങ്ങി. 'എന്റെ ചുമലിലും വേണമെങ്കിൽ കൈകളിലും ചവുട്ടി മുകളിലേക്ക് കയറുക.'

ആദ്യം മടിച്ചെങ്കിലും നിസ്സഹായനായ യുവാവ് ക്രിസ്തുവിന്റെ ചുമലിൽ ചവുട്ടി കുഴികയറി. പിന്നെ യേശു സ്വയം കുഴികയറിവരുന്നത് നോക്കിയിരുന്നു. യേശുവിന്റെ ദേഹത്ത് അങ്ങിങ്ങു മുറിപ്പാടുകൾ. ചോരപൊടിക്കുന്നു. കരഞ്ഞുകൊണ്ട് അയാൾ ചോദിച്ചു: 'അങ്ങേക്ക് നോവുന്നില്ലേ?' ഈശോ ചിരിച്ചു പറയുന്നു 'മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ എത്ര മുറിവ് എനിക്കുണ്ടായി എന്നു ഞാൻ എണ്ണാറില്ല. എത്ര മുറിവ് ഉണക്കി എന്നേ എണ്ണാറുള്ളൂ...'

അസ്വസ്ഥതകൾ സ്വയം ഏറ്റുവാങ്ങുന്ന ക്രിസ്തുവായി തീരാൻ ഇനി എത്രനാൾ വേണ്ടിവരും!

സ്വസ്ഥനായ സ്വാർത്ഥനായി ചത്തിരിക്കുന്ന എന്നെ ജീവനിലേക്കുണർത്താൻ

ക്രിസ്തു എന്നു വരും!

മരണം ധ്യാനസുന്ദരമാകുന്ന സ്റ്റിൽ വാട്ടേഴ്സ്!

ബൈബിളിന്റെ ഭാഷയിൽ നിശ്ചലമായ ശാന്തതയാണ് മരണം. പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്നെന്നെ നയിക്കുന്നു എന്ന് ബൈബിളിലെ 23-ാം സങ്കീർത്തനത്തിലെ വരികൾ മോഹിപ്പിക്കുന്ന ഒരു മരണചിത്രം വരച്ചിരുന്നു എന്ന കണ്ടെത്തലിൽ നിന്നാണ് ഏരൂർ സെന്റ് ജോർജ്ജ് പള്ളിയിലെ ഫാ. കാപ്പിസ്റ്റൻ ലോപ്പസ് ഇതുവരെ ആരും കാണാത്ത ഒരു സിമിത്തേരിക്ക് രൂപകല്പന ചെയ്തത്. അസാധാരണമാംവിധം ധ്യാനാത്മകവും അനന്യവുമായ ആ ഭാവന യാഥാർത്ഥ്യമായപ്പോൾ എരൂർ പള്ളിയുടെ പുതിയ സിമിത്തേരി ഒരു അത്യപൂർവ്വ കലാരൂപമായി മാറി.

സ്റ്റിൽ വാട്ടേഴ്സ് (നിശ്ചലമായ ജലാശയം എന്നർത്ഥം) എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ സെമിത്തേരി അഭൗമസുന്ദരമായ ഒരനുഭവമാണ്. ഒരേ സമയം മിസ്റ്റിക്ക് എന്നും സർഗ്ഗാത്മകം എന്നും വിശേഷിപ്പിക്കാവുന്ന നിർമ്മിതിയാണിതിന്. കണ്ടുപരിചയിച്ച സിമിത്തേരി ചിത്രങ്ങളെ പാടെ മായ്ച്ചുകളയുന്ന രൂപകല്പന. പരമ്പരാഗതമായി ഭയവും വിഷാദവും ഉണർത്തുന്ന സിമിത്തേരികളാണ് നാം കണ്ടിട്ടുള്ളത്. എന്നാൽ സ്റ്റിൽ വാട്ടേഴ്സ് നല്കുന്നത് മെഡിറ്റേറ്റീവായ, ശാന്തി പകരുന്ന മറ്റൊരു അനുഭവമാണ്.

അഴകാർന്ന കറുപ്പ് നിറമുള്ള ഭിത്തികളും ഗ്ലാസും സമ്മേളിക്കുന്ന സ്റ്റിൽ വാട്ടേഴ്സിന്റെ ബലിപീഠം സജ്ജീകരിച്ചിട്ടുള്ള തുറന്ന ഹാളിലേക്ക് പ്രവേശിക്കും മുമ്പ് പടവുകൾക്ക് താഴെ ഒരു ചതുരക്കുഴിയിൽ അല്പം ജലം വച്ചിട്ടുണ്ട്.

മൃതസംസ്കാര ബലിപൂജയ്ക്കായി പ്രവേശിക്കുന്നതിന് മുമ്പ് പാദുകം ഊരിമാറ്റി, ഏവരും ഈ കല്ക്കുഴിയിൽ പാദം നനയ്ക്കണം എന്നാണ് ആചാരം. ആ തണുപ്പ് പാദങ്ങളിൽ നിന്ന് സിരകളിലേക്ക് സാവധാനം പടർന്നു കയറുമ്പോൾ നാം ഉള്ളിൽ അറിയുന്നു, മരണത്തിന്റെ തണുപ്പ്. ജീവിതസത്യത്തെക്കുറിച്ചുള്ള അവബോധം.

ബലിപീഠം ഉൾക്കൊള്ളുന്ന തുറന്ന ഹാളിന്റെ ഫ്ളോർ അപ്പാടെ നിർമ്മിച്ചിരിക്കുന്നത് ആര്യവേപ്പുമരത്തിന്റെ പാളികൾ കൊണ്ടാണ്. ഔഷധഗുണമുള്ളതാണ് ആര്യവേപ്പ്. പല രോഗങ്ങളും മാറാൻ ആളുകൾ ആര്യവേപ്പിന്റെ കട്ടിലുകൾ ഇവിടെ ഉപയോഗിച്ചിരുന്നു... അച്ചൻ വിശദീകരിക്കുന്നു. ചെരിപ്പിടാതെ കയറിയാലും വാതമുള്ളവർക്കു പോലും പ്രയാസമുണ്ടാക്കാത്ത തറയാണിത്.

ബലിപീഠത്തിനും മൃതശരീരം വയ്ക്കാനുള്ള പീഠത്തിനും കറുത്ത നിറമാണ്. മരണത്തെ നിർവചിക്കാൻ അതിലും മികച്ച മറ്റേത് നിറമാണുള്ളത്? കറുപ്പിനോട് ഇഴുകി ചേർന്ന് സുതാര്യമായ ഗ്ലാസ്. മരണത്തിൽ അനാവൃതമാകുകയും സുതാര്യമായി തീരുകയും ചെയ്യുന്ന ജീവിതംപോലെ.

പിന്നിലെ പുഴയെ സുതാര്യമായി കാണിച്ചുതരുന്ന മധ്യഭാഗത്തിലെ ഗ്ലാസിൽ പതിപ്പിച്ചിരിക്കുന്നു സ്റ്റിൽ വാട്ടേഴ്സിന്റെ ലോഗോ. ഹീ റിസ്റ്റോഴ്സ് മൈ സോൾ (അവിടുന്ന് എനിക്ക് വീണ്ടും ഉന്മേഷം നല്കുന്നു) എന്ന സങ്കീർത്തന വാക്യമാണ് ടാഗ് ലൈൻ. ഓളങ്ങളുടെ ഒരുകൂട്ടം ഒഴുകിവന്ന് ഒരു നേർരേഖയായി മാറുന്നതാണ് ലോഗോയുടെ പ്രധാന ചിത്രം. ലോഗോയിലെ വൃത്താകൃതി സ്വർഗ്ഗകവാടമാണ്. അവിടെയെത്തുമ്പോൾ സങ്കീർണ്ണമായ മനുഷ്യജീവിതം ഋജുവും ശാന്തവുമാകുന്നു എന്നാണ് സന്ദേശം. ഗിൽബർട്ട് ഐതൃനാട്ടാണ് ലോഗോ ഡിസൈൻ ചെയ്തിരിക്കുന്നത്.

പരമ്പരാഗതമായ ബലിയർപ്പണ ആചാരം അനുസരിച്ച് ഒറ്റ കല്ലാണ് ഇവിടത്തെ ബലിപീഠം. ബലിപീഠത്തിന്റെ പിൻഭാഗത്ത് എലൂരിലെ ചിത്രപ്പുഴ അല്പം ഉൾഭാഗത്തേക്ക് കയറിവരുന്നുണ്ട്. ഈ ജലം നദിയുമായി ലയിച്ചു കിടക്കുന്നതുപോലെ നമ്മുടെ ജീവിതം അനന്ത സാഗരമായ ദൈവത്തോടും അനശ്വരതയോടും ലയനം കൊള്ളുമെന്ന സന്ദേശമാണിത്. താല്പര്യമുള്ളവർക്ക് ഇവിടേക്ക് ഇറങ്ങിവന്ന് പാറയിലിരുന്ന് പാദങ്ങൾ തണുപ്പിക്കാം. ജീവിതത്തിന്റെ പരമാർത്ഥങ്ങൾ ധ്യാനിക്കാം. പ്രാണനെ തണുപ്പിക്കുന്നു എന്ന സങ്കീർത്തന വാക്യമാണ് ഇതിന്റെ ആധാരം.

പച്ചവിരിച്ച് കല്ലുപാകിയ വഴിത്താരനമ്മെ നയിക്കുന്നത് ശവകുടീരങ്ങളിലേക്കാണ്. വെള്ള നിറമാർന്ന കല്ലറകൾ. വെള്ളയും ചാരനിറവും കറുപ്പും ചാരുതയോടെ സമ്മേളിക്കുന്ന നിറവിന്യാസം. മധ്യത്തിൽ കഥ പറയുന്ന ഒരു കുരിശ്. സിമിത്തേരിയുടെ ഭിത്തിയിൽ ബിനാലയെ ഓർമ്മിപ്പിക്കുന്ന ഒരു പെയിന്റിംഗ്. വെള്ളയും കറുപ്പും ഇടകലരുന്ന ചിത്രത്തിൽ മനുഷ്യൻ അവസാനം കടന്നുപോകേണ്ട ആ നിർണ്ണായക കവാടം. അതിൽ ഇലകൾ. മരണത്തിന്റെ ധ്യാനം ഇവിടെ സാന്ദ്രമായ ഒരു അനുഭവമാകുന്നു. ഒപ്പം വളരെ വ്യത്യസ്തവും ധ്യാനാത്മകവും.

ഞങ്ങൾ A.R. Band

ഞങ്ങൾ AR Band (Amigos & Rythms) സംഗീതത്തെ ഒരുപാട് സ്നേഹിക്കുന്ന ഒരുപറ്റം കൂട്ടുകാർ. ഈ കൂട്ടായ്മയ്ക്ക് പിന്നിൽ ഒരുപാട് കഥയുണ്ട്, ഒരുപാട് കഷ്ടപ്പാടുകൾ സഹിച്ചിട്ടുണ്ട് പലരും. വിട്ടുവീഴ്ചകൾ ചെയ്തിട്ടുണ്ട്. ഒടുവിൽ ഇന്ന് ഞങ്ങൾ മനോഹരമായ ഒരു പൂവിന്റെ ഇതളുകൾപോലെയായി മാറിക്കഴിഞ്ഞു. ഒരാൾ മാറിനിന്നാൽ അതിലെ മനോഹാരിത നഷ്ടപ്പെടും എന്നു തിരിച്ചറിഞ്ഞുകഴിഞ്ഞു. ഞങ്ങൾ ഈശോയ്ക്കുവേണ്ടി സ്വയം മറന്ന് വേദികളിൽ ഗാനങ്ങൾ ആലപിക്കുന്നു. ഈ സമയം ഞങ്ങൾക്ക് ചുറ്റിലും മാലാഖമാരുടെ സാന്നിദ്ധ്യം അനുഭവിക്കുന്നവരുണ്ട്. മനസ്സിൽ മഞ്ഞുപെയ്യുന്ന കുളിർമ ആസ്വദിക്കുന്നവരുണ്ട്.

ഞങ്ങൾക്കാർക്കും തമ്മിൽ അറിയില്ലായിരുന്നു. പക്ഷേ ഒരു നിയോഗംപോലെ ഞങ്ങൾ ഒന്നിച്ചുകൂടി. ഞങ്ങളുടെ ഈ കൂട്ടായ്മയ്ക്ക് പിന്നിലെ വലിയ വിജയം എന്നുപറയുന്നത് പരസ്പര വിശ്വാസമായിരിക്കാം. ഓരോരുത്തരുടെയും സ്വഭാവവും രീതികളും ഇഷ്ടങ്ങളും അനിഷ്ടങ്ങളും എന്തെന്ന് ഓരോരുത്തരും പരസ്പരം മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ ബാൻഡിൽ കൊണ്ടുവരുന്ന പുതിയ തീരുമാനങ്ങൾക്കും മാറ്റങ്ങൾക്കും എതിരഭിപ്രായമുണ്ടാവാറില്ല.

എല്ലാ വർഷവും ഡിസംബർ മാസത്തിനായി ഞങ്ങൾ തിടുക്കത്തോടെ കാത്തിരിക്കും. ക്രിസ്മസ് കരോൾ ഗാനങ്ങൾ ആരംഭിക്കുന്നത് ഞങ്ങൾക്ക് ഒത്തിരി ഇഷ്ടമാണ്. അതൊരു സന്തോഷമാണ്. കഴിഞ്ഞ നാലുവർഷമായി ഒരുപാട് സമ്മാനങ്ങൾ കരസ്ഥമാക്കിയ ഗായകസംഘമാണ് ഞങ്ങൾ. പക്ഷേ, ഞങ്ങൾക്ക് പാടുന്ന പാട്ട് പറഞ്ഞുതരാനോ പഠിപ്പിക്കുവാനോ പാടുമ്പോഴുണ്ടാകുന്ന തെറ്റുകളും ചേർച്ചക്കുറവുകളും പറഞ്ഞുതരാനോ വോയിസ് ട്രെയിനറോ... മാസ്റ്ററോ ഇല്ല. ബാൻഡിന് ഒരു ലീഡർ ഇല്ല എന്നുള്ളത് വലിയ ഒരു പ്രത്യേകതയാണ്. എല്ലാവരും ലീഡേഴ്സ് ആണ്. ലീഡർഷിപ്പ് ക്വാളിറ്റി സ്വമേധയ, കൈവരിച്ചവരാണ് എല്ലാവരും. ഗാനാലാപനത്തിൽ ഉണ്ടാവുന്ന തെറ്റുകൾ പരസ്പരം തിരുത്തുവാൻ ഞങ്ങൾ ശ്രദ്ധിക്കുന്നു. ഞങ്ങളാൽ കഴിയുന്നവിധം ഗാനം മനോഹരമാക്കുവാൻ ശ്രമിക്കുന്നു. ശ്രുതി, താളം, ലയം എന്നിവയെക്കാറിച്ച് ബോധവാന്മാരാണ് എല്ലാവരും.

ഈ വർഷം ഞങ്ങൾ പതിനാല് പേര് അടങ്ങുന്ന സംഘമാണ്. മുൻവർഷങ്ങളിലെ കൂട്ടുകാരിൽ പലർക്കും പലവിധ സാഹചര്യങ്ങൾ മൂലം ഇത്തവണ കൂടെ ചേർന്ന് പാടാൻ സാധിച്ചിട്ടില്ല. എങ്കിലും പൂർണ്ണ പിന്തുണയുമായി അവരെല്ലാം കൂടെത്തന്നെയുണ്ട്.

2012 ജൂലൈയിലാണ് ഞങ്ങളുടെ ബാൻഡ് രൂപംകൊണ്ടത്. അന്ന് ഇത് എ.ആർ. ബാൻഡ് ആയിരുന്നില്ല. മറ്റൊരു പേരായിരുന്നു. പിന്നീട് ഈശോയ്ക്കുവേണ്ടി കരോൾ ഗാനങ്ങൾ പാടാനും, കുർബാനയ്ക്ക് കയർ പാടാനും വേണ്ടി അതിൽനിന്ന് മറ്റൊരു പേരിൽ Amigos and Rythms ആരംഭിച്ചു. പരസ്പരം മനസ്സിലാക്കി, ത്യാഗങ്ങൾ സഹിച്ച് കൂടെ നിൽക്കാവുന്ന കുട്ടികളാവണം കൂടെ ചേരുന്നത് എന്നുള്ള നിബന്ധന മാത്രമേ അന്ന് ഉണ്ടായിരുന്നുള്ളു.

കൂട്ടു കൂടി കൂടൊരുക്കി

ഫാ. മാർട്ടിൻ അഴീക്കകത്ത്

വരാപ്പുഴ അതിരൂപതയുടെ പ്രളയാനന്തര പുനരധിവാസ-പുനർനിർമ്മാണ പദ്ധതികൾക്ക് എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്നേഹപൂർവ്വം നല്കിയ ശീർഷകമാണ് "കൂടാം-കൂടൊരുക്കാൻ."

ഈ കർമ്മപദ്ധതിയുടെ ഭാഗമായി ഇ.എസ്.എസ്.എസ്. ചെയ്തു കഴിഞ്ഞതും, ചെയ്തുകൊണ്ടിരിക്കുന്നതും, വരുംമാസങ്ങളിൽ ചെയ്യുവാൻ തയ്യാറെടുക്കുന്നതുമായ കാര്യങ്ങൾ അഭിമാനപുരസ്സരം ചുവടെ ചേർക്കുന്നു.

.....
.....

1. ആയിരക്കണക്കിന് ഭക്ഷണകിറ്റുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നും തിരിച്ചെത്തിയ കുടുംബങ്ങൾക്ക് നൽകി.

.....
.....

2. വിവിധ ഇടവകകളുടെയും, സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ഭവനങ്ങളുടെ ശുദ്ധീകരണ പ്രക്രിയയിൽ പങ്കാളിയായി.

.....
.....

3. കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ കുറെയധികം കിണറുകൾ ശുദ്ധീകരിച്ചു നൽകി.

.....
.....

4. കാരിതാസ് ഇൻഡ്യയുടെ സഹായത്തോടെ ആയിരം കുടുംബങ്ങൾക്ക് 35.5 ലക്ഷത്തോളം വില വരുന്ന നിത്യോപയോഗ സാധന സാമഗ്രികൾ വിതരണം ചെയ്തു.

.....
.....

5. പ്രളയബാധിതരായ 110 തയ്യൽ തൊഴിലാളി കുടുംബങ്ങൾക്ക് ഒരു സ്വകാര്യ വ്യക്തിയുടെ സഹായത്തോടെ ജീവനോപാധിയായി തയ്യൽ മെഷീനുകൾ നൽകി.

.....
.....

6. തേങ്ങലുകൾക്കും, വേദനകൾക്കുമപ്പുറം പ്രളയം സമ്മാനിക്കുന്ന നന്മകളെ നിറപുഞ്ചിരിയോടെ സ്വീകരിക്കാൻ തയ്യാറാകണമെന്ന സന്ദേശം പ്രചരിപ്പിച്ച് പുരുഷ-സ്ത്രീ സ്വയം സഹായ സംഘങ്ങൾക്കായി നാടൻപാട്ടു മത്സരം സംഘടിപ്പിച്ചു.

.....
.....

7. പെരുമാനൂർ ഇടവക പാനായിക്കുളത്ത് നിർമ്മിക്കുന്ന അഞ്ചു വീടുകളിൽ ആദ്യഭവനത്തിന്റെ ആശീർവാദവും, താക്കോൽദാനവും നവംബർ 13-ന് ആർച്ച് ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ നിർവ്വഹിച്ചു.

.....
.....

8. തൈക്കൂടം ഇടവക മുട്ടിനകം, കോതാട്, മുപ്പത്തടം എന്നീ ഇടവകകളിൽ നിർമ്മിച്ച മൂന്നു പുതിയ ഭവനങ്ങളും, തൃപ്പൂണിത്തുറ ഇടവക മുട്ടിനകത്ത് നിർമ്മിച്ച ഒരു പുതിയ ഭവനവും ഡിസംബർ 20-ന് ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപറമ്പിൽ ആശീർവദിച്ച് താക്കോൽദാനം നിർവ്വഹിച്ചു.

.....
.....

9. ചെരിയൻതുരുത്ത് ഇടവകയിൽ ഫാ. സാജു ആന്റണി മുണ്ടേംപള്ളി യുടെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകുന്ന പതിനാറ് ഭവനങ്ങളിൽ ആദ്യഭവനത്തിന്റെ ആശീർവാദവും, താക്കോൽദാനവും ജോസഫ് പിതാവ് ഡിസംബർ 1-ാം തീയതി നിർവ്വഹിച്ചു.

.....
.....

10. ഒരു സ്വകാര്യ വ്യക്തിയുടെ സഹായത്തോടെ വലിയ കടമക്കുടിയിൽ രണ്ടു പുതിയ ഭവനങ്ങളും, പെരുമാനൂർ, തൃപ്പൂണിത്തുറ, തൈക്കൂടം, പൊറ്റക്കുഴി, മാടവന, മാർട്ടിൻപുരം, പനങ്ങാട്, മരട് എന്നീ ഇടവകകളുടെ സ്നേഹസമ്മാനമായി പതിനാറ് പുതിയ ഭവനങ്ങളും നിർമ്മാണത്തിലാണ്.

.....
.....

11. എളംകുളം ചക്കനാട്ട് ജെയിംസ് വർഗ്ഗീസ് സമ്മാനമായി തേവർകാട് നൽകിയ നാലര സെന്റ് ഭൂമിയിൽ മോൺ. ജോസഫ് പടിയാരംപറമ്പിലിന്റെ നേതൃത്വത്തിൽ സ്വന്തമായി ഭൂമിയും ഭവനവും ഇല്ലാത്ത രണ്ടു കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നൽകുന്നു.

.....

.....

12. ഫാ. മെൽവിൻ കപ്പുങ്ങലിന്റെ നേതൃത്വത്തിൽ പിഴലയിലും, എടയക്കുന്നത്തും രണ്ടു പുതിയ ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതാണ്.

.....

.....

13. മോൺ. സെബാസ്റ്റ്യൻ ലൂയിസിന്റെ പ്രത്യേക ഇടപെടൽമൂലം പുതുവൈപ്പിൽ ഒരു സ്വകാര്യ വ്യക്തി സ്നേഹസമ്മാനമായി നൽകുന്ന 40 സെന്റ് ഭൂമി പന്ത്രണ്ടോളം ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായി പതിച്ചു നൽകുന്നു.

.....

.....

14. അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ അഭ്യർത്ഥന മാനിച്ച് വിദേശത്തുനിന്നും ചില സുമനസ്സുകൾ നൽകിയ തുക ഉപയോഗിച്ച് അഞ്ച് പുതിയ ഭവനങ്ങളും നിർമ്മിച്ചു നൽകുന്നതാണ്.

.....

.....

15. ക്രിസ്മസ്സ് നക്ഷത്രത്തിന്റെ വിൽപ്പനയിൽനിന്നും ധനം സമാഹരിച്ച് രണ്ടു പുതിയ ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതാണ്.

.....

.....

16. HDFC Limited Company Pareq Foundation ന്റെ സഹായത്തോടെ മാലോത്ത്, കോതാട്, ചേന്നൂർ, വരാപ്പുഴ എന്നീ ഇടവകകളിൽ ഇരുപതിലേറെ പുതിയ ഭവനങ്ങളുടെ നിർമ്മാണം ഡിസംബർ അവസാനത്തോടെ ആരംഭിക്കും.

.....

.....

17. ബാംഗ്ലൂർ അതിരൂപത സമ്മാനമായി നൽകുന്ന പത്ത് പുതിയ ഭവനങ്ങൾ ചേന്നൂർ, വരാപ്പുഴ, കടമക്കുടി, പിഴല എന്നീ ഇടവകകളിലായിരിക്കും നിർമ്മിക്കുക.

.....

.....

18. Dubai Port (DP WORLD) ന്റെ സഹകരണത്തോടെ ഇരുപതോളം പുതിയ ഭവനങ്ങൾ വൈപ്പിൻ കരയിലും, പ്രളയബാധിത പ്രദേശങ്ങളിലുമായി നിർമ്മിച്ചു നൽകും.

.....

.....

19. കാരിത്താസ് ഇറ്റാലിയാനയുടെ ഫണ്ട് ഉപയോഗിച്ച് ചെരിയംതുരുത്ത്, ചേന്നൂർ, ചേരാനല്ലൂർ, എടയക്കുന്നം, വള്ളുവള്ളി, മാഞ്ഞാലി, മനക്കപ്പടി, ഏലൂർ, നീറിക്കോട്, കൊങ്ങോർപ്പിള്ളി, പാനായിക്കുളം എന്നീ ഇടവകകളിൽ നാല്പതിനായിരം രൂപ വീതം 136 ഭവനങ്ങളുടെ കേടുപാടുകൾ തീർക്കാൻ 54 ലക്ഷം രൂപ നൽകുന്നു. ഒപ്പം 50 കുടുംബങ്ങൾക്ക് തയ്യൽ മെഷീനും, ജീവനോപാധി നഷ്ടപ്പെട്ട പത്ത് കുടുംബങ്ങൾക്ക് തൊഴിലുപകരണങ്ങളും നൽകുന്നു. കൂടാതെ ഏലൂർ സേക്രട്ട് ഹാർട്ട്, മുട്ടിനകം സെന്റ് മേരീസ് എന്നീ പ്രളയബാധിത സ്കൂളുകളിലെ കുട്ടികൾക്ക് പഠനോപകരണങ്ങളും മറ്റ് ട്രെയിനിംഗ് പ്രോഗ്രാമുകളും നൽകുന്നു.

.....

.....

20. കാരിതാസ് ഓസ്ട്രിയയുടെ പദ്ധതിപ്രകാരം 93 കുടുംബങ്ങൾക്ക് തയ്യൽ മെഷീനും 25 കുടുംബങ്ങൾക്ക് ഇരുപതിനായിരം രൂപ വിലയുള്ള തൊഴിലുപകരണങ്ങളും, പത്ത് കുടുംബങ്ങൾക്ക് നാല്പതിനായിരം രൂപ വില വരുന്ന കറവപ്പശുക്കളെയും നൽകുന്നു.

.....

.....

21. കാരിതാസ് ഇൻഡ്യയുടെ പദ്ധതിപ്രകാരം വരാപ്പുഴ തുണ്ടത്തുംകടവ്, ക്രൈസ്റ്റ് നഗർ, മുട്ടിനകം, തേവർകാട്, മുപ്പത്തടം, കുറ്റിക്കാട്ടുകര എന്നീ ഇടവകകളിൽ 68 വീടുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള സഹായം നൽകുന്നു. 50 കുടുംബങ്ങൾക്ക് ആടുകളും, 237 കുടുംബങ്ങൾക്ക് കോഴിയും, മെഴുകുതിരി നിർമ്മാണത്തിനായി 50 യൂണിറ്റുകളും, എൽ.ഇ.ഡി. ബൾബ് നിർമ്മാണത്തിനായി 25 യൂണിറ്റും, കൂടാതെ നാശനഷ്ടം സംഭവിച്ച 41 കുടുംബങ്ങൾക്ക് Toilet ന്റെ കേടുപാടുകളും തീർത്തു നൽകുന്നു.

.....

.....

22. നമ്മുടെ അതിരൂപതയിൽനിന്നും സമാഹരിച്ച ബാക്കിതുകകൊണ്ട് പ്രളയബാധിത പ്രദേശങ്ങളിൽ ഭവനങ്ങളുടെ കേടുപാടുകൾ തീർക്കാനും, നശിച്ചുപോയ തൊഴിലുപകരണങ്ങൾ നൽകാനും വിവിധ തൊഴിൽ പരിശീലന പരിപാടികൾ നടത്താനും പദ്ധതികൾ ഒരുക്കിക്കൊണ്ടിരിക്കുന്നു.

.....

.....

23. വലിയ കടമക്കുടിയിൽ 15 ഓളം ഭവനങ്ങളുടെ കേടുപാടുകൾ തീർക്കുവാൻ സലേഷ്യൻ സന്ന്യാസസഭ (SDB) 5 ലക്ഷം രൂപ സ്നേഹസമ്മാനമായി നല്കുന്നു.

.....

.....

24. പ്രകൃതി ദുരന്തങ്ങളെ ഭാവിയിലും നേരിടുവാനുള്ള മുൻകരുതലുകളും നിർദ്ദേശങ്ങളുമടങ്ങുന്ന ഒരു ലഘുലേഖ എല്ലാഭവനങ്ങളിലും എത്തിക്കുന്നതാണ്.

അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ മെത്രാപ്പോലീത്തായും, എല്ലാ വൈദികരും, സന്ന്യസ്തരും, അല്മായ സുഹൃത്തുക്കളും, ഫണ്ടിംഗ് ഏജൻസികളും, സന്നദ്ധ സംഘടനകളും നൽകുന്ന ഔദാര്യപൂർവ്വമായ സഹകരണത്തിനും, പ്രോത്സാഹനത്തിനും ഹൃദയം നിറഞ്ഞ നന്ദി. നമ്മുടെ അതിരൂപതയിലെ എല്ലാ പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങളെയും സർവ്വശക്തനായ ദൈവം അനുഗ്രഹിച്ച് ആശീർവദിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

Navadarsan Achievements of this year

ഫാ. ബിബു കാടംപറമ്പിൽ

എല്ലാ വിദ്യാഭ്യാസ സമിതികളുടേയും നേതൃത്വത്തിൽ 2018 ജനുവരി 14 മുതൽ 21 വരെ 4,5 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷാ നൈപുണ്യ പരീക്ഷയും 6-ാം ക്ലാസ്സുകാർക്കായി ഗണിത ശാസ്ത്ര ഒളിമ്പ്യാഡും നടത്തുകയുണ്ടായി. 3 ഭാഗങ്ങളായി നടത്തിയ ഭാഷാനൈപുണ്യ പരീക്ഷയിലെ ഓരോ വിഭാഗത്തിലും 80% ത്തിലധികം മാർക്ക് കരസ്ഥമാക്കിയ 2253 വിദ്യാർത്ഥികൾക്ക് താഴെ പറയുംപ്രകാരം സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

മലയാളം	755
ഇംഗ്ലീഷ്	796
ഹിന്ദി	675

ഗണിതശാസ്ത്ര ഒളിമ്പ്യാഡ് 27

ഗണിതശാസ്ത്ര ഒളിമ്പ്യാഡിൽ മികച്ചവിജയം കരസ്ഥമാക്കിയവർക്കുള്ള തുടർപരിശീലനം സെന്റ് ആൽബർട്ട്സ് കോളേജ് ഗണിതശാസ്ത്രവിഭാഗത്തിന്റെ സഹകരണത്തോടെ നടത്തിവരുന്നു.

.....

.....

പയനീർ ബിൽഡ് അപ് പ്രോഗ്രാമിലേക്കുള്ള പ്രവേശനപരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്തിരുന്ന 1391 വിദ്യാർത്ഥികൾക്കുവേണ്ടി 26.01.2018-ൽ അതാത് ഇടവകകളിൽവച്ച് പ്രവേശനപരീക്ഷ നടത്തുകയുണ്ടായി. ഇന്റർവ്യൂവിന് യോഗ്യരായ വിദ്യാർത്ഥികളിൽനിന്നും 438 പേരെ പ്രസ്തുത പ്രോഗ്രാമിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഇവർക്കും 9,10 ക്ലാസ്സുകളിലെ പി.ബി.യു. വിദ്യാർത്ഥികൾക്കുമുള്ള ത്രിദിന വാർഷിക റസിഡൻഷ്യൽ ക്യാമ്പുകൾ ഏപ്രിൽ, മേയ് മാസങ്ങളിലായി നടത്തുകയുണ്ടായി. എല്ലാ രണ്ടാം ശനിയാഴ്ചകളിലും തുടർപരിശീലനം നടത്തുകയും ഇതിന്റെ ഭാഗമായി പി.ബി.യു. വിദ്യാർത്ഥികൾ AISAT എഞ്ചിനീയറിംഗ് കോളേജ്, ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ലൂർദ്ദ് ആശുപത്രി, CAC, Old Age Home എന്നിവിടങ്ങളിൽ സന്ദർശിക്കുന്നതിനും തീയേറ്റർ വർക്ക്ഷോപ്പ്, കരകൗശല നിർമ്മിതി എന്നിവയിൽ ഏർപ്പെടുന്നതിനും പരിസ്ഥിതി പഠനയാത്ര നടത്തുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്.

.....

.....

പ്രളയബാധിതർക്ക് ആവശ്യമായ സഹായങ്ങൾ നൽകുവാൻ നവദർശൻ സ്റ്റാഫ് അംഗങ്ങൾ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ സേവനമനുഷ്ഠിക്കുകയും അഭിവന്ദ്യ പിതാവിന്റെ രൂപതാ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിലേക്ക് സ്റ്റാഫ് അംഗങ്ങളുടേത് ഉൾപ്പെടെ 72500/- രൂപ നവദർശൻനിന്നും നൽകുകയും ചെയ്തു.

.....

.....

10.4.2018 മുതൽ 11.5.2018 വരെ മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നവദർശൻ സ്പോർട്സ് അക്കാദമിയുടേയും ജില്ലാ അത്ലറ്റിക് അസ്സോസിയേഷന്റേയും സംയുക്താഭിമുഖ്യത്തിൽ 5-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി അത്ലറ്റിക് കോച്ചിംഗ് ക്യാമ്പും കലൂർ സെന്റ് ആൽബർട്ട്സ് കോളേജ് ഗ്രൗണ്ടിൽ ഫുട്ബോൾ കോച്ചിങ്ങും നടത്തുകയുണ്ടായി. അത്ലറ്റിക്സിൽ 26 പേരും ഫുട്ബോളിൽ 34 പേരുമാണ് പരിശീലനം നേടിയത്. പരിശീലനാർത്ഥികളെയെല്ലാം വൈദ്യപരിശോധനയ്ക്ക് വിധേയരാക്കുകയും വിവിധ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുയും ചെയ്തു. മികച്ച പ്രകടനം കാഴ്ചവച്ച 9 പേർക്ക് അത്ലറ്റിക്സിൽ ദേശീയ നിലവാരമുള്ള കോച്ചുകളുടെ കീഴിൽ പരിശീലനം നൽകിവരുന്നുണ്ട്. തൽഫലമായി അക്കാദമിയിലെ പരിശീലനാർത്ഥികൾ ദേശീയ-സംസ്ഥാന തലങ്ങളിൽ വിവിധ മത്സരങ്ങളിൽ വിജയം വരിക്കുകയുണ്ടായിട്ടുണ്ട്.

.....

.....

8-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കായി ഈ വർഷം രണ്ടു ഘട്ടങ്ങളിലായി നവദർശൻ പൊതുവിജ്ഞാന പരീക്ഷ നടത്തുകയുണ്ടായി.

15.8.2018-ൽ നടത്തിയ ഒന്നാംഘട്ടപ രീക്ഷയ്ക്ക് 65 ഇടവകക ളിൽനിന്നും യോഗ്യത നേടിയ 135 വിദ്യാർത്ഥികളാണ് 16.9.2018-ൽ സെന്റ്. ആൽബർട്ട്സ് കോളേജിൽ വച്ചു നടത്തിയ ഫൈനൽ പരീക്ഷ യിൽ മാറ്റുരച്ചത്. ഇതിൽ വാടേൽ വിദ്യാഭ്യാസ സമിതിയിലെ ഓസ്റ്റിൻ ലാസർ ഒന്നാം സ്ഥാനവും പന ങ്ങാട് ക്രൈസ്റ്റ്നഗർ സമിതിയിലെ മരിയക്രിസ്റ്റി രണ്ടാം സ്ഥാനവും പനങ്ങാട് സമിതിയിലെ ജോയൽ ആന്റണി മൂന്നാം സ്ഥാനവും കര സ്ഥമാക്കുകയുണ്ടായി. ഇവർക്ക് യഥാക്രമം 10001, 8001, 5001 എന്നീ നിരക്കിൽ ക്യാഷ് അവാർഡുകൾ നൽകിയിട്ടുണ്ട്. ഇതിനുപുറമേ 26 മത്സരാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനവും അതിമെത്രാസന മന്ദി രത്തിൽവച്ച് നൽകിയിട്ടുണ്ട്.

.....
.....

അതിരൂപത വിദ്യാഭ്യാസ സ്കോളർഷിപ്പിനായി ഈ വർഷം ലഭിച്ച 3145 അപേക്ഷകളിൽ 55 അനർഹമായ അപേക്ഷകൾ നിര സിക്കുകയും അർഹരായ 3090 വിദ്യാർത്ഥികൾക്ക് 90 ലക്ഷം രൂപ സ്കോളർഷിപ്പായി അനുവദി കുകയും ചെയ്തു.

.....
.....

സിവിൽ സർവ്വീസസ് ഫൗണ്ടേഷൻ കോഴ്സിന്റെ മൂന്നാം ബാച്ചിലേ ക്കുള്ള പ്രവേശനത്തിനായി 256 വിദ്യാർത്ഥികൾ അപേക്ഷിച്ചിരുന്നു. എഴുത്തുപരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാന ത്തിൽ 121 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.

.....
.....

ജൂനിയർ സയന്റിസ്റ്റ് 4-ാം ബാച്ചി ലേക്കുള്ള പ്രവേശനത്തിനായി 253 വിദ്യാർത്ഥികൾ അപേക്ഷിച്ചിരുന്നു. ഇവരിൽനിന്നും എഴുത്തുപരീക്ഷ യുടേയും ഇന്റർവ്യൂവിന്റേയും അടി സ്ഥാനത്തിൽ 130 വിദ്യാർത്ഥി കൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. ഇവരുടെ പരിശീലനം ആലുവ സെന്റ് സേവ്യേഴ്സ് കോളേജി ലാണ് ആരംഭിച്ചിരിക്കുന്നത്. ഇതര ബാച്ചുകൾ സെന്റ് ആൽബർട്സ്, സെന്റ് തെരേസാസ് കോളേജുക ളിലുമാണ് പരിശീലനം തേടുന്നത്. സെന്റ് ആൽബർട്സ് കോളേ ജിന്റെ ആഭിമുഖ്യത്തിൽ നടത്തിയ എഡ്യുക്കേഷനൽ സയൻസ് എക്സ്പോയിൽ സ്കൂൾതല ത്തിൽ 2015 ബാച്ച് ജൂനിയർ സയന്റിസ്റ്റ് വിദ്യാർത്ഥികളുടെ പ്ലോട്ട് മൂന്നാംസ്ഥാനം കരസ്ഥമാ ക്കുകയുണ്ടായി.

.....
.....

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ X, Plus Two പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയ 167 പത്താംക്ലാസ്സ് വിദ്യാർത്ഥികളേയും 75 പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥികളേയും വിവിധ ബിരുദ, ബിരുദാനന്തര പരീക്ഷക ളിൽ റാങ്ക് നേടിയവരേയും ഡോക്ടറേറ്റ് നേടിയവരേയും അതിരൂപതയിലെ 100% വിജയം കൈവരിച്ച സ്കൂളുകളേയും 29.07.2018-ൽ പാപ്പാളി ഹാളിൽ ചേർന്ന വിന്നേഴ്സ് മീറ്റിൽവച്ച് അഭിവന്ദ്യ മെത്രാപ്പോലീത്താ ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് അഭിനന്ദിക്കുകയും എല്ലാ വർക്കും ഉപഹാരങ്ങൾ നൽകു കയും ചെയ്തു. വിന്നേഴ്സ് മീറ്റിന്റെ മുന്നോടിയായി വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക മോട്ടിവേഷൻ ക്ലാസ്സും സംഘടിപ്പിക്കുകയുണ്ടായി.

.....
.....

എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥി കൾക്കായി നവദർശനിൽ ട്യൂഷൻക്ലാസ്സുകൾ നടത്തിവരുന്നു ണ്ട്. 159 വിദ്യാർത്ഥികൾ ഈ ക്ലാസ്സുകൾ പ്രയോജനപ്പെടുത്തിവ രുന്നു. കൂടാതെ കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കുവേണ്ടി സംഘ ടിപ്പിച്ച ത്രിദിന ക്രാഷ്കോഴ്സിൽ 150 വിദ്യാർത്ഥികൾ പങ്കെടുക്കുക യുണ്ടായി. പതിവുപോലെ എഞ്ചി നീയറിങ്ങിന്റേയും മെഡിസി ന്റേയും എൻട്രൻസ് കോച്ചിംഗ് ക്ലാസ്സും നടത്തുന്നുണ്ട്. കത്തോ ലിക്കാ വിദ്യാർത്ഥികൾക്കായി മത ബോധനയൂണിറ്റും നവദർശനിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

.....
.....

വിദ്യാർത്ഥികൾക്ക് അവരുടെ ഉപരി പഠന മേഖലകൾ തിരഞ്ഞെടുക്കു ന്നതിന് സഹായകമായ അഭിരുചി ടെസ്റ്റും അതിന്റെ വിശകലനവും നടത്തിവരുന്നുണ്ട്.

.....
.....

2, 3 ഫൊറോനകളിലൊഴികെ മറ്റു ഫൊറോനകളിൽ വരാപ്പോളി നവ ദർശൻ വിദ്യാഭ്യാസ നിധി ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തനങ്ങൾ മേയ്മാസം മുതൽ ആരംഭിക്കു കയും ഓരോ ഫൊറോനയിലും അവയ്ക്കുനേരെ പറയുന്നത്ര അംഗ ങ്ങളെ ചേർക്കുകയും ചെയ്തിട്ടുണ്ട്.

.....
.....

വരുംവർഷങ്ങളിലെ പ്രവർത്തന ങ്ങൾ കാര്യക്ഷമമായി എല്ലാ സമി തികളിലും നടത്തുന്നതിന് സഹായ കമായി എല്ലാ ഫൊറോനകളിലും അഞ്ചുപേരടങ്ങുന്ന ഒരു ഫൊറോന സമിതി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ബന്ധപ്പെട്ട പ്രൊമോട്ടർമാരുടെ സഹകരണ ത്തോടെ അതാതു ഫൊറോനക ളിലെ വിദ്യാഭ്യാസ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്നതാണ്.

.....
.....

കഴിഞ്ഞ വർഷത്തെ അതിരൂപത യിലെ മികച്ച വിദ്യാഭ്യാസ സമിതി യായി പാലാരിവട്ടം സമിതിയും രണ്ടാമത്തെ മികച്ച സമിതിയായി കലൂർ സമിതിയും മൂന്നാമത്തെ മികച്ച സമിതിയായി കുരിശിങ്കൽ സമിതിയും തിരഞ്ഞെടുക്കപ്പെടുക യുണ്ടായി. ഇവർക്കെല്ലാം ക്യാഷ് അവാർഡും ട്രോഫിയും സമ്മാനിച്ചു.

കുടുംബങ്ങൾക്ക് ഉണർവേകി ഫാമിലി കമ്മീഷൻ

ഫാ. ആന്റണി കോച്ചേരി

1. *വിവാഹ ഒരുക്ക കോഴ്സുകൾ (M.P.C.)*

21 കോഴ്സുകളിലായി പങ്കെടുത്തവർ : ആൺകുട്ടികൾ-1544, പെൺകുട്ടികൾ-1635

2.MPC യുടെ പുതിയ സിലബസ്

കെ.സി.ബി.സി. തയ്യാറാക്കിയ 'വിവാഹത്തിനായി ഒരുങ്ങുമ്പോൾ' എന്ന പുതിയ ടെക്സ്റ്റ് ആസ്പദമാക്കി 2018 സെപ്തംബർ 15-ന് അദ്ധ്യാപകർക്കായി ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിക്കുകയും ക്ലാസ് ഷെഡ്യൂൾ തയ്യാറാക്കുകയും ഏതാനും പുതിയ അദ്ധ്യാപകരെ കണ്ടെത്തുകയും ചെയ്തു.

3. മാതൃവേദി

എല്ലാ മാസത്തിന്റെയും രണ്ടാമത്തെ ശനിയാഴ്ച മാതൃവേദി അംഗങ്ങൾക്ക് ട്രെയിനിംഗ് പ്രോഗ്രാം നടത്തുന്നു.

4. വിധവകളുടെ കൂട്ടായ്മ

എല്ലാമാസത്തിന്റെയും മൂന്നാമത്തെ ശനിയാഴ്ച വിധവകളുടെ കൂട്ടായ്മ നടത്തുന്നു.

5. ഏകസ്ഥർ

രണ്ടുമാസത്തിലൊരിക്കൽ ഏകസ്ഥരുടെ കൂട്ടായ്മ നടത്തിവരുന്നു.

6. വിധവാ സംഗമം

2018 ഏപ്രിൽ 28-ാം തീയതി വിധവാസംഗമം നടത്തപ്പെട്ടു

7. മദേഴ്സ് ഡേ

മെയ് 15-ന് മദേഴ്സ് ഡേ കൊണ്ടാടി.

8. ഹോം മിഷൻ

നവംബർ 19 മുതൽ 22 വരെയും, 26 മുതൽ 28 വരെയും പെരുമാനൂർ സെന്റ് ജോർജ്ജ് ഇടവകയിൽ നടത്തിയ ഹോം മിഷൻ പരിപാടിയിൽ 21 സിസ്റ്റേഴ്സിനെ സംഘടിപ്പിച്ചു കൊടുത്തു. ഫാമിലി കമ്മീഷന്റെ മേൽനോട്ടം ഉണ്ടായിരുന്നു.

9. ജൂബിലി ദമ്പതിസംഗമം

അതിരൂപതയിൽ ഈ വർഷം വിവാഹത്തിന്റെ ജൂബിലി ആഘോഷിക്കുന്ന 989 ദമ്പതികളെ ഡിസംബർ 8 ശനി, 9 ഞായർ എന്നീ ദിനങ്ങളിൽ ഉച്ച തിരിഞ്ഞ് 3.30-ന് എറണാകുളം ആശീർഭവനിൽവച്ച് ആദരിച്ചു. 114 പേർ സുവർണ്ണ ജൂബിലിക്കാരും 870 പേർ രജത ജൂബിലിക്കാരുമായിരുന്നു. സംഗമം അഭിവന്ദ്യ മെത്രാപ്പോലീത്ത മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു. വിവാഹ ജീവിതത്തിൽ 25ഉം 50 ഉം വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികൾ ദാമ്പത്യ ജീവിത ദൈവവിളിക്കു സജീവസാക്ഷ്യം നല്കുന്നവരാണെന്നും അവർ തങ്ങളുടെ ജീവിതാനുഭവങ്ങളും പക്വതയും ഭദ്രമായ കുടുംബ ജീവിതം നയിക്കാൻ ഇളംതലമുറയിലെ ദമ്പതികൾക്ക് പ്രയോജനപ്പെടുത്തണമെന്നും അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു.

സമാപന സമ്മേളനം കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് ഉദ്ഘാടനം ചെയ്തു. വെരി റവ. മോൺ. ജോസഫ് പടിയാരംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. സ്റ്റാൻലി മാതിരപ്പിള്ളി മുഖ്യ പ്രഭാഷകനായിരുന്നു. ഫാമിലി കമ്മീഷൻ ഡയറക്ടർ റവ. ഫാ. ആന്റണി കോച്ചേരി സ്വാഗതമാശംസിച്ചു. സെക്രട്ടറി ശ്രീ. ജോൺസൺ പള്ളത്തുശ്ശേരി, ജോയിന്റ് സെക്രട്ടറി ശ്രീ. എൻ.വി. ജോസ്, അവതാരകൻ ശ്രീ. ജോബി തോമസ്, ശ്രീ. റോയ് പാളയത്തിൽ, ശ്രീ. മാത്യു ലിഞ്ചൻ റോയ്, ശ്രീ. ബാബു കൊമരോത്ത്, ശ്രീ. ജോർജ്ജ് കൊമരോത്ത്, ആനിമേറ്റർ സിസ്റ്റർ ജോസഫിൻ O'carm എന്നിവർ സന്നിഹിതരായിരുന്നു. പൊതുയോഗത്തിനു മുമ്പ് ശ്രീ. ജോഷി ജോർജ്ജ് കിഴക്കമ്പലം ദമ്പതികൾക്ക് ക്ലാസ്സ് നയിച്ചു.

ബി.സി.സി. ഡയറക്ടറേറ്റ്

ഫാ. ആന്റണി അറയ്ക്കൽ

ചെറുസമൂഹങ്ങളിലൂടെ ദൈവരാജ്യത്തിലേക്ക് എന്ന ലക്ഷ്യം സാധിക്കുന്നതിന് ആദിമക്രൈസ്തവ സമൂഹത്തിന്റെ മാതൃകയിൽ ക്രിസ്തീയ ചൈതന്യത്തിൽനിന്നു രൂപം കൊള്ളുന്ന കുടുംബ കൂട്ടായ്മകളാണ് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ / കുടുംബയൂണിറ്റുകൾ.

മറ്റൊരു വാക്കിൽ പറഞ്ഞാൽ ദൈവവചനത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട് ചൈതന്യാത്മകമായ ക്രൈസ്തവജീവിതം നയിക്കുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനും സഭയുടെയും സമൂഹത്തിന്റെയും വളർച്ചയിൽ മുഴുവൻ വിശ്വാസികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും പരസ്പര സ്നേഹവും ഐക്യവും സഹകരണ മനോഭാവവും വളർത്തുന്നതിനും രൂപീകരിക്കപ്പെടുന്ന കുടുംബ കൂട്ടായ്മകളാണ് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ (B.C.C.).

കുടുംബങ്ങൾ തമ്മിലുള്ള സൗഹൃദവും സഹകരണവും ഐക്യവും വളർത്തുക, ഇടവകയുടെ പ്രവർത്തനങ്ങളിൽ ആബാലവൃദ്ധം വിശ്വാസികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക, കുടുംബഭദ്രതയും പരസ്പര ഐക്യവും തകർക്കുന്ന തിന്മകളും വിഭാഗീയ പ്രവണതകളും നിരുത്സാഹപ്പെടുത്തുക എന്നിവയാണ് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ ലക്ഷ്യം.

കേരളക്കരയിൽ ബി.സി.സി. കൾ പ്രവർത്തനമാരംഭിക്കുമ്പോൾ തന്നെ വരാപ്പുഴ അതിരൂപതയിൽ പാലാരിവട്ടത്തെ ചളിക്കവട്ടം പ്രദേശത്ത് ബി.സി.സി. ആരംഭിച്ചു. തുടർന്ന് എല്ലാ ഇടവകകളിലും വൈദികരുടെ ശ്രമഫലമായി ബി.സി.സി. കൾ പ്രവർത്തനക്ഷമമായി. കുടുംബയൂണിറ്റുകൾ ശക്തി പ്രാപിച്ചപ്പോൾ ഫാമിലി അപ്പോസ്തലേറ്റ് സ്ഥാപിക്കപ്പെടുകയും അതിരൂപതാ തലത്തിൽ കൃത്യമായ നേതൃത്വം നല്കുകയും ചെയ്തു. എന്നാൽ പിന്നീട് വ്യക്തതയാർന്ന നേതൃപ്രവർത്തനത്തിന് സഹായകമാകും വിധത്തിൽ എല്ലാ ശുശ്രൂഷാ സമിതികളുടേയും അടിസ്ഥാനമായി ബി.സി.സി. ഡയറക്ടറേറ്റ് സ്ഥാപിക്കപ്പെട്ടു. ആറു ശുശ്രൂഷാസമിതികളിലായി അല്മായ പങ്കാളിത്തത്തോടെ സഭാശുശ്രൂഷകൾ ക്രോഡീകരിക്കപ്പെട്ട് പ്രവർത്തനക്ഷമമായി.

വരാപ്പുഴ അതിരൂപതയിൽ രണ്ടായിരത്തി ഇരുനൂറ്റി ഇരുപതിലേറെ ബി.സി.സി. കൾ പ്രവർത്തിക്കുന്നു. ഏതാനും ചില ബി.സി.സി. കളെ ചേർത്തിണക്കി ബ്ലോക്കുകളായി തിരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. ഇവർക്ക് നേതൃത്വം നല്കാനായി ഇടവകതലത്തിൽ ഒൻപത് അംഗങ്ങളുടെ കേന്ദ്രസമിതി എക്സിക്യൂട്ടീവും പ്രവർത്തിക്കുന്നു.

കേരളക്കരയിൽ ഇദംപ്രഥമമായി വിജയകരമായി നടത്തിയ മിഷൻ കോൺഗ്രസിന് ആതിഥേയത്വം വഹിക്കാൻ വരാപ്പുഴ അതിരൂപതയ്ക്ക് കഴിഞ്ഞു. വർഷംതോറും മുടക്കം കൂടാതെ ബി.സി.സി. കളിൽ പങ്കെടുക്കുന്നവരെ സിംഫോണിയയിൽ മെത്രാപ്പോലീത്ത ഉപഹാരം നല്കി ആദരിക്കുന്നു. മാസംതോറും എല്ലാ കേന്ദ്രസമിതി എക്സിക്യൂട്ടീവിൽനിന്നും ലീഡർ, സെക്രട്ടറി എന്നിവരും സിസ്റ്റർ ആനിമേറ്റർമാരും ,ആശീർഭവനിൽ എക്സോഡസിനായി ഒത്തുചേരുന്നു.

ഓരോ മാസവും ഓരോ വിഷയത്തെ കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. വിവിധ ഇടവകകളിൽനിന്ന് വികാരിയച്ചന്മാർ തിരഞ്ഞെടുത്തയച്ച റിസോഴ്സ് ടീം അംഗങ്ങൾക്ക് പരിശീലന പരിപാടിയും ക്രിസ്തീയ നേതൃത്വ പരിശീലന കളരിയും ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

സഭാശുശ്രൂഷാ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾക്ക് കൂടുതൽ ഊർജ്ജം പകർന്നുനല്കി മുന്നോട്ടു നയിക്കാം.

.വരാപ്പുഴ അതിരൂപതയുടെ വിദ്യാഭ്യാസ വിഭാഗമായ നവദർശന്റെ ആഭിമുഖ്യത്തിലുള്ള രൂപതയിലെ ഇടവക വിദ്യാഭ്യാസ സമിതി ഭാരവാഹികളുടെ 9-ാം വാർഷിക സമ്മേളനം പാപ്പാളി ഹാളിൽ വികാരി ജനറൽ മോൺ. മാത്യു കല്ലിങ്കൽ ഉദ്ഘാടനം ചെയ്തു.

അതിരൂപതാ തലത്തിൽ മികച്ച വിദ്യാഭ്യാസ സമിതിക്കുള്ള ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം പാലാരിവട്ടം, കലൂർ, കുരിശിങ്കൽ എന്നീ സമിതികൾ കരസ്ഥമാക്കുകയുണ്ടായി. ഫൊറോന തലത്തിലെ മികച്ച സമിതികളായി ബോൾഗാട്ടി, ഇടപ്പള്ളി, പാലാരിവട്ടം, തൈക്കൂടം, മുപ്പത്തടം, നെടുമ്പാശ്ശേരി, നീറിക്കോട്, കുരിശിങ്കൽ എന്നീ സമിതികളാണ് തിരഞ്ഞെടുക്കപ്പെട്ടത്. മികച്ച പ്രൊമോട്ടറായി പോണേൽ ഇടവകാംഗം ശ്രീ. എം.ഡി. ജോർജ്ജ് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. നവദർശൻ ഡയറക്ടർ ഫാ. ആന്റണി ബിബു കാടംപറമ്പിൽ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചു. അതിരൂപതാ തലത്തിലേയും ഫൊറോനാ തലത്തിലേയും മികച്ച സമിതികൾക്കുള്ള ട്രോഫിയും ക്യാഷ് അവാർഡും വികാരി ജനറൽ നൽകുകയുണ്ടായി.നവദർശൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസഫ് പള്ളിപ്പറമ്പിൽ, ഫാ. കോശി മാത്യു, ഫാ. ജീൻ ഫെലിക്സ്, മാനേജർ ശ്രീ. ജോസഫ് ബെന്നൻ, മൂത്തേടം വിദ്യാഭ്യാസ സമിതി കൺവീനർ ശ്രീ. ഡെന്നീസ് പീറ്റർ എന്നിവർ സംസാരിക്കുകയുണ്ടായി.

കിസ്മസ് കിറ്റ് വിതരണോദ്ഘാടനം നടത്തി

വരാപ്പുഴ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആശാകിരണം ക്യാൻസർ സഹായ ക്രിസ്തുമസ് കിറ്റ് വിതരണം വരാപ്പുഴ അതിരൂപത വികാർ ജനറൽ വെരി. റവ. മോൺസിഞ്ഞോർ മാത്യു ഇലഞ്ഞിമറ്റം ഉദ്ഘാടനം ചെയ്തു. പ്രളയംമൂലം അന്ധകാരം ബാധിച്ച ജനതയ്ക്ക് വെളിച്ചം നൽകാൻ എല്ലാവരും സന്നദ്ധരാകണമെന്ന് മോൺസിഞ്ഞോർ പറഞ്ഞു. ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മുഖ്യ അതിഥിയായി സിനിമാരംഗത്ത് മികച്ച സ്വഭാവ നടിക്കുള്ള കഴിഞ്ഞ വർഷത്തെ സംസ്ഥാനഅവാർഡ് കരസ്ഥമാക്കിയ പൗളി വൽസൻ സന്നിഹിതയായിരുന്നു. ഈ വർഷം 3500 കിറ്റുകളാണ് എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി വിതരണത്തിനായി സജ്ജമാക്കിയിരിക്കുന്നത്. ക്യാൻസർമൂലം അവശത അനുഭവിക്കുന്ന 22 രോഗികൾക്കുള്ള സഹായധനവും വിതരണം ചെയ്തു. ഫ്ളവേഴ്സ് ചാനലിൽ കോമഡി ഷോയിലൂടെ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ച സ്വരുമ സായംപ്രഭ ഫെഡറേഷൻ അംഗങ്ങളെയും, പൗളി വൽസനെയും ചടങ്ങിൽ ആദരിച്ചു. ഇ.എസ്.എസ്.എസ്. അസിസ്റ്റന്റ് ഡയറക്ടർ ഫാ. റാഫേൽ കല്ലുവീട്ടിൽ, കോ ഓഡിനേറ്റർ ഷെറിൻ ബാബു എന്നിവർ സംസാരിച്ചു.

വനിതാ മതിൽ നിർമ്മിക്കാൻ സർക്കാർ കാണിക്കുന്ന താല്പര്യംപ്രളയ പുനരധിവാസപാക്കേജ് പ്രഖ്യാപിക്കുന്നതിനും ഉണ്ടാകണമെന്ന് കെ.എൽ.സി.എ.

കേരള നവോത്ഥാന ചരിത്രത്തിൽ മറക്കാനാവാത്ത സംഭാവനകൾ നൽകിയ ഉദയംപേരൂർ സൂനഹദോസ് പോലുള്ള ചരിത്രസംഭവങ്ങൾ മറന്ന് ഏതാനും ചില സംഘടനകളെ മാത്രം തിരഞ്ഞുപിടിച്ച് നവോത്ഥാന മതിൽ സൃഷ്ടിക്കാൻ തുനിഞ്ഞ സംസ്ഥാന സർക്കാർ വെള്ളാപ്പള്ളി നടശനെ അതിന്റെ സംഘാടക സമിതി സ്ഥാനത്തുനിന്നു മാറ്റാൻ തയ്യാറാകുമോ എന്ന് വെളിപ്പെടുത്തണമെന്ന് കെ.എൽ.സി.എ. സംസ്ഥാന സമിതി ആവശ്യപ്പെട്ടു. അല്ലാത്തപക്ഷം കേരളത്തിലെ ജാതിമത സൗഹാർദ്ദത്തെ ഭിന്നിപ്പിക്കാനേ വനിതാ മതിൽ ഉപകരിക്കൂ എന്ന ആശങ്ക ബലപ്പെടും. മതേതരത്വം എന്ന സങ്കല്പത്തിന് മതങ്ങളോട് ആഭിമുഖ്യം ഇല്ലായ്മ എന്നതുപോലെ തന്നെ എല്ലാ മതങ്ങൾക്കും തുല്യപ്രാധാന്യം എന്നുകൂടി അർത്ഥമുണ്ടെന്ന് സംസ്ഥാന സർക്കാർ ഓർമ്മിക്കണം.

ഇത്തരം കാര്യങ്ങളിൽ കാണിക്കുന്ന താല്പര്യം പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായുള്ള സമഗ്രപാക്കേജ് പ്രഖ്യാപിക്കുന്നതിനും ഉണ്ടാകണമെന്ന് കെ.എൽ.സി.എ. സംസ്ഥാന സമിതി ആവശ്യപ്പെട്ടു. സർക്കാരിന്റെ സർവ്വ സംവിധാനങ്ങളും ഉപയോഗിച്ച് വനിതാ മതിൽ വിജയിപ്പിക്കുന്നതിനെക്കാൾ ഇപ്പോൾ ആവശ്യം തൊഴിൽശാലകളും തൊഴിൽ സാഹചര്യങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ട പ്രളയബാധിതർക്ക് സമഗ്രമായ പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുകയാണ് എന്ന് സംസ്ഥാന പ്രസിഡന്റ് ആന്റണി നൊറോണ ജനറൽ സെക്രട്ടറി അഡ്വ. ഷെറി ജെ. തോമസ് എന്നിവർ സംയുക്തമായി മുഖ്യമന്ത്രിയ്ക്ക് നൽകിയ കത്തിൽ സൂചിപ്പിച്ചു.

പ്രതിസന്ധികളുടെ മധ്യേ പ്രത്യാശ കൈവെടിയാതെ കേരള കത്തോലിക്കാസഭ: ആർച്ചുബിഷപ് സൂസ പാക്യം

കേരളസഭയെ നിരവധി പ്രശ്നങ്ങൾ ഇന്ന് അലട്ടുന്നുണ്ടെങ്കിലും പ്രത്യാശ കൈവെടിയാതെ സത്യത്തിന്റെ പാതയിൽ മുന്നേറണമെന്ന് കേരള കത്തോലിക്കാ മെത്രാൻസമിതിയുടെയും കേരള കാത്തലിക് കൗൺസിലിന്റെയും സംയുക്തസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ്പ് ഡോ. സൂസ പാക്യം. സഭയുടെ ശക്തി ക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹമാണ്. സ്നേഹത്തിന്റെയും സത്യത്തിന്റെയും ചൈതന്യത്തിൽ ജീവിക്കാനും മറ്റുള്ളവർക്ക് സേവനം ചെയ്യാനും സഭ പ്രതിജ്ഞാബദ്ധമാണ്. ദൈവരാജ്യ സംസ്ഥാപനത്തിനായി പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതോടൊപ്പംതന്നെ നീതിയും സമാധാനവും സമൂഹത്തിൽ സംജാതമാകാൻ സഭ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം ആഹ്വാനംചെയ്തു.

കെസിബിസിയുടെയും കേരള കത്തോലിക്കാ കൗൺസലിന്റെയും സംയുക്ത വാർഷിക പൊതുയോഗത്തിൽ കെസിബിസി വൈസ് പ്രസിഡന്റ് ബിഷപ് യൂഹാന്നോൻ മാർ ക്രിസോസ്റ്റോം അധ്യക്ഷതവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ ആർച്ചു ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, ആലുവ-മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി റെക്ടർ റവ ഡോ. മാത്യു ഇല്ലത്തുപറമ്പിൽ, കെസിസി പ്രസിഡന്റ് അഡ്വ. ജോജി ചിറയിൽ, കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ഫാ. വർഗീസ് വള്ളിക്കാട്ട് തുടങ്ങിയവർ സംസാരിച്ചു.

എൻവയോൺമെന്റൽ സയൻസിൽ ഡോക്ടറേറ്റ് നേടിയ (കുസാറ്റ്) അമ്മു തോമസ് (സീനിയർ അക്കാറ്റിക് ആനിമൽ ഹെൽത്ത് അസോസിയേറ്റ്, NCAAH, CUSAT) കടവന്ത്ര എളംകുളം ഫാത്തിമ പള്ളി ഇടവക തൈപ്പറമ്പിൽ തോമസ് ജോസഫിന്റെയും ഷീല തോമസിന്റെയും മകളും ഇൻഫോ പാർക്കിൽ സോഫ്റ്റ്വെയർ എഞ്ചിനീയർ ആലപ്പുഴ പുന്നപ്ര പുത്തൻചിറയിൽ ഫ്രാൻസിസ് പയസിന്റെ ഭാര്യയുമാണ്.

NEWS

FLOOD RELIEF CONTRIBUTIONS

1.	ഇടവക വൈദികർ, സെന്റ് ജോർജ്ജ് ചർച്ച്, കർത്തേടം	10000.00
2.	ഇടവക വൈദികർ, ഒ.എൽ. മൗണ്ട് കാർമ്മൽചർച്ച്, ചാത്യാത്ത്	50000.00
3.	ഇടവക വൈദികർ, ഇൻഫന്റ് ജീസസ് ചർച്ച്, തുണ്ടത്തുംകടവ്	30000.00
4.	റവ. ഫാ. മാനുവൽ കുത്തുകാട്ട്	10000.00
5.	ഇടവക വൈദികർ, സെന്റ്. അംബ്രോസ് ചർച്ച്, ഇടവനക്കാട്	50000.00
6.	സെന്റ്. ആഗ്ത ഫാമിലി യൂണിറ്റ് നം. 19, പെരുമ്പിള്ളി	2400.00
7.	കാർ & ഡയറക്ടർ സൗത്ത് ഇൻഡ്യ, എറണാകുളം	75000.00
8.	കാരുണ്യ എസ്.എച്ച്.ജി, തേവര	1000.00
9.	ജീവൻ, എസ്.എച്ച്.ജി, തേവര	1000.00
10.	നവസൂര്യ, എസ്.എച്ച്.ജി, തേവര	1000.00
11.	ആശ്വാസ്, എസ്.എച്ച്.ജി, തേവര	1000.00
12.	ധന്യ, എസ്.എച്ച്.ജി, തേവര	1000.00
13.	കൃപ, എസ്.എച്ച്.ജി, തേവര	1000.00
14.	വന്ദന, എസ്.എച്ച്.ജി, തേവര	1000.00
15.	ഐശ്വര്യ, എസ്.എച്ച്.ജി, തേവര	1000.00
16.	ധന്യ, എസ്.എച്ച്.ജി, തേവര	1000.00
17.	തിരുഹൃദയ, എസ്.എച്ച്.ജി, തേവര	1000.00
18.	സൗഭാഗ്യ, എസ്.എച്ച്.ജി, തേവര	1000.00
19.	അഭയ, എസ്.എച്ച്.ജി, തേവര	1000.00
20.	പുരോഗമന കലാ സാഹിത്യ സംഘം, എറണാകുളം	3000.00
21.	ചിഞ്ചു റോഷൻ, കലൂർ, കോട്ടുവള്ളി	100000.00
22.	ഉദയ, എസ്.എച്ച്.ജി, ഉദയംപേരൂർ	1500.00
23.	അരുവി, എസ്.എച്ച്.ജി., ഉദയംപേരൂർ	1350.00
24.	ഇടവക വൈദികർ, സെന്റ്. സെബാസ്റ്റ്യൻ ചർച്ച്, ബോൾഗാട്ടി	500000.00
25.	ഫാ. ജയൻ പയ്യപ്പിള്ളി	10000.00
26.	ഫാ. ജോയ്സൺ ഒ.എസ്.ജെ., മഞ്ഞനക്കാട്	10000.00
27.	ഫാ. റെക്സൺ, ഒ.എസ്.ജെ., മഞ്ഞനക്കാട്	5000.00
28.	തങ്കമ്മ ജോസഫ്, മഠത്തിപ്പറമ്പിൽ, ഇടപ്പള്ളി ടോൾ	10000.00
29.	മേരി ജെയിംസ്, ഉണിച്ചിറ	10000.00
30.	സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി, ഉണിച്ചിറ	10000.00
31.	ഫീസ്റ്റ് പ്രസിന്റസ്, സെന്റ് ജൂഡ് ചർച്ച്, ഉണിച്ചിറ	100000.00
32.	ക്യാറ്റിക്കിസം ഡിപ്പാർട്ട്മെന്റ്, ഔവർ ലേഡി ഓഫ് റാൻസം, വല്ലാർപാടം	10000.00
33.	ക്യാറ്റിക്കിസം ഡിപ്പാർട്ട്മെന്റ്, ഔവർ ലേഡി ഓഫ് റാൻസം, വല്ലാർപാടം	1000.00
34.	ഹിലാരി എം.എ, മുള്ളൂർ, കൂനമ്മാവ്	5500.00
35.	ക്യാറ്റിക്കിസം ഡിപ്പാർട്ട്മെന്റ്, ഔവർ ലേഡി ഓഫ് റാൻസം, വല്ലാർപാടം	10000.00
36.	ഫാ. ഫ്രാൻസിസ് നെൽസൺ ലിബേര	10000.00
37.	എൻ.ജെ. സുമേഷ്, പുതുവൈപ്പ്	1000.00

38. ക്യാറ്റിക്കിസം ഡിപ്പാർട്ട്മെന്റ്, ഔവർ ലേഡി ഓഫ് റാൻസം, വല്ലാർപാടം 10000.00
39. ഇടവക വൈദികർ, സെന്റ് ജോസഫ്സ് ചർച്ച്, മാലിപ്പുറം 5000.00
40. ഇടവക വൈദികർ, സെന്റ്. സെബാസ്റ്റ്യൻ ചർച്ച്, ചളിക്കവട്ടം 40000.00
41. ഫാ. വർഗീസ് സോജൻ, തോപ്പിൽ 10000.00
42. ഫാ. ഫ്രാൻസിസ് നെൽസൺ ലിബേര 10000.00
43. പുലരി, എസ്.എച്ച്.ജി, തേവര 1000.00
44. ഇടവക വൈദികർ, റോസറി ചർച്ച്, എളംങ്കുന്നപ്പുഴ 100000.00
45. ഇടവക വൈദികർ, ഫീസ്റ്റ് പ്രസിഡന്റ്സ്, സെന്റ് ജൂഡ് ചർച്ച്, യുദാപുരം 50000.00
46. ഫാ. ജോംസൺ ജോർജ്ജ്, പഴനിലത്ത് 9000.00
47. ക്യാറ്റിക്കിസം ഡിപ്പാർട്ട്മെന്റ്, ഔവർ ലേഡി ഓഫ് റാൻസം, വല്ലാർപാടം 10000.00
48. ഇടവക വൈദികർ, സെന്റ്. ജൂഡ് തദ്ദേവൂസ് ചർച്ച്, എട്ടേക്കർ 200000.00
49. ഇടവക വൈദികർ, സെന്റ്. ജൂഡ് ചർച്ച്, കുരീക്കാട് 25000.00
50. ഫാ. ഫ്രാൻസിസ് നെൽസൺ ലിബേര 10000.00
51. ക്യാറ്റിക്കിസം ഡിപ്പാർട്ട്മെന്റ്, ഔവർ ലേഡി ഓഫ് റാൻസം, വല്ലാർപാടം 10000.00
52. വി.കെ. ജോൺ, വലിയപറമ്പിൽ, എരൂർ 5000.00
53. ഫാ. ലിജോ ഓടത്തക്കൽ 10000.00
54. ക്രിസി ജോൺ, ചക്കാലക്കൽ, വടുതല 5000.00
55. ഫാമിലി യൂണിറ്റ്, നം. 21, സെന്റ്. ജോർജ്ജ് ചർച്ച്, വാടേൽ 1700.00
56. ഫാമിലി യൂണിറ്റ്, നം. 13 ബി, സെന്റ്. ജോർജ്ജ് ചർച്ച്, വാടേൽ 1350.00
57. ഫാമിലി യൂണിറ്റ്, നം. 29 ബി, സെന്റ്. ജോർജ്ജ് ചർച്ച്, വാടേൽ 3500.00
58. ഇടവക വൈദികർ, സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, പോണേൽ 40560.00
59. ഇടവക വൈദികർ, ഔവർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ ചർച്ച്, മാമംഗലം 140000.00
60. ഇടവക വൈദികർ, ക്രൈസ്റ്റ് ദ കിംഗ് ചർച്ച്, പുതുവൈപ്പ് 30000.00
61. ഫാ. ലിജോ പീറ്റർ, കണ്ണോത്ത് 50000.00
62. ഫാമിലി യൂണിറ്റ്, നം. 33 എ, സെന്റ്. ജോർജ്ജ് ചർച്ച്, വാടേൽ 3000.00
63. ഫാമിലി യൂണിറ്റ്, നം. 26 ബി, സെന്റ്. ജോർജ്ജ് ചർച്ച്, വാടേൽ 1000.00
64. ഇടവക വൈദികർ, മൗണ്ട് കാർമ്മൽ ചർച്ച്, മാമംഗലം 150000.00
65. ഇടവക വൈദികർ, മൗണ്ട് കാർമ്മൽ ചർച്ച്, മാമംഗലം 125000.00
66. ഫീസ്റ്റ് പ്രസിഡന്റ്സ്, നിത്യസഹായമാതാ ചർച്ച്, യു.സി. കോളേജ് 35002.00
67. ഇടവക വൈദികർ, സെന്റ്. സെബാസ്റ്റ്യൻസ് ചർച്ച്, ചളിക്കവട്ടം 45000.00
68. ഫാ. സെബാസ്റ്റ്യൻ ഓളിപ്പറമ്പിൽ 10000.00
69. ഫാ. ക്ലമന്റ് വള്ളുവശ്ശേരി 6500.00
70. ഫാ. പീറ്റർ അമ്പലത്തിങ്കൽ 9000.00
71. ഫാ. ജോജി കുത്തുകാട്ട് 10010.00
72. ഫീസ്റ്റ് പ്രസിഡന്റ്സ് (+2 വിദ്യാർത്ഥികൾ), ലൂർദ്ദ്മാതാ ചർച്ച്, എളമക്കര 10000.00
73. ബി.സി.സി. സെൻട്രൽ കമ്മിറ്റി, സെന്റ്. ഫ്രാൻസിസ് സേവ്യേഴ്സ് ചർച്ച്, കലൂർ 100000.00
74. ഇടവക വൈദികർ, സെന്റ് തോമസ് ചർച്ച്, കുറ്റിക്കാട്ടുകര 15000.00
75. പ്രസിഡന്റ്സ്, ക്രൈസ്റ്റ് ദ കിംഗ് ചർച്ച്, ആറാട്ടുവഴി 10000

Total 2434372

ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ.

ശ്രീ. ക്രിസ്റ്റഫർ തോപ്പിൽ, തിരുനാൾ പ്രസുദേന്തി, സെന്റ് ഫ്രാൻസീസ് സേവ്യേഴ്സ് ചർച്ച്, കലൂർ - 100000
തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ഫ്രാൻസീസ് സേവ്യേഴ്സ് ചർച്ച് - മഞ്ഞനക്കാട് - 15000
തിരുനാൾ പ്രസുദേന്തിമാർ, സെന്റ് അംബ്രോസ് ചർച്ച്- എടവനക്കാട് - 50000
തിരുനാൾ പ്രസുദേന്തിമാർ, സെന്റ് തോമസ് ചർച്ച് - കുറ്റിക്കാട്ടുകര - 10000
തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് ചർച്ച്, ആലുവ - 25000
തിരുനാൾ പ്രസുദേന്തിമാർ, അമലോത്ഭവ മാതാ ചർച്ച്, മഞ്ഞുമ്മേൽ - 100000
സുനിൽ ചക്കാലക്കൽ, കർത്തേടം 50000

N.B: ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതി ി ഈ പദ്ധതിയിലേക്ക് ഉള്ള ധനസഹായങ്ങൾ ഫെഡറൽ ബാങ്കിന്റെ എറണാകുളം നോർത്ത് ശാഖ 10040100182645 നമ്പർ (IFS Code FDRL0001004) വഴി നൽകാവുന്നതാണ്.

ഇ.എസ്.എസ്. എസ്. വാർത്തകൾ ജനുവരി 2019

ജനുവരി 3, 17 (വ്യാഴം) രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 മണിവരെ ആർദ്രം ഹെൽത്ത് ക്ലിനിക്ക്, ESSS Hall Ekm

ജനുവരി 6 ഞായർ, ഉച്ചയ്ക്ക് 2 മണിക്ക് കെ. എൽ.എം. ലീഡേഴ്സ് മീറ്റിംഗ്, ESSS Hall Ekm.

ജനുവരി 6 ഞായർ, ഉച്ചയ്ക്ക് 2 മണിക്ക് ഗാർഹിക തൊഴിലാളി മീറ്റിംഗ്, ESSS Hall Ekm

ജനുവരി 17 ഞായർ, ഉച്ചയ്ക്ക് 2 മണിക്ക് 'ദർശൻ' സാമൂഹ്യ ശുശ്രൂഷ കോർഡിനേറ്റേഴ്സ് ട്രെയിനിംഗ്, ESSS Hall Ekm

ESSS ആർദ്രം മൊബൈൽ പാലിയേറ്റീവ് കെയർ എല്ലാ വെള്ളിയാഴ്ച്ചയും വരാപ്പുഴ അതിരൂപത മേഖലയിൽ പ്രവർത്തിക്കുന്നു. സേവനത്തിന് ESSSമായി ബന്ധപ്പെടുക.(സേവനം സൗജന്യം) PH.0484-2390461,2396682.

ഫാ. ജോളി ജോൺ ഓടത്തക്കൽ

ഒരു നല്ല ടീച്ചറാവാൻ

ഓരോ കുട്ടിയുടെയും സ്വപ്നജോലിയിൽ ഒന്നാണ് ടീച്ചറാവുക എന്നത്. ചെറുപ്പം മുതൽ കണ്ടുമുട്ടുന്ന സ്നേഹം നിറഞ്ഞ അദ്ധ്യാപകരുടെ സ്വാധീനവും അവർക്ക് സമൂഹത്തിലുള്ള സ്വീകാര്യതയുമാകാം തങ്ങളും ഒരിക്കലൊരു ടീച്ചറാകുമെന്ന് സ്വപ്നം കാണാൻ കുട്ടികളെ പ്രേരിപ്പിക്കുന്നത്. അതിനാൽ എങ്ങനെ ഒരു ടീച്ചറാകാം എന്ന് നാം ഒരുമിച്ച് മനസ്സിലാക്കാം.

അദ്ധ്യാപകർ പലതരത്തിലുണ്ട്. സ്കൂളിലും കോളേജിലും സയൻസ് ഭാഷ തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർ, പാട്ടും ഡാൻസും, ക്രാഫ്റ്റുമൊക്കെ പഠിപ്പിക്കുന്ന അദ്ധ്യാപകർ, ഫുട്ബോളും ക്രിക്കറ്റുമൊക്കെ പഠിപ്പിക്കുന്ന കായികാദ്ധ്യാപകർ എന്നിങ്ങനെ. പ്രധാനമായ ഈ മൂന്നു വിഭാഗത്തിൽ ഏതാണ് എന്റെ മേഖലയെന്ന് തിരിച്ചറിയുകയാണ് ആദ്യപടി. പക്ഷേ ഈ തീരുമാനം സ്വതേ എളുപ്പമാണ്. പഠനവിഷയങ്ങളെ ആഴത്തിൽ മനസ്സിലാക്കി അവ പഠിച്ചൊരുങ്ങി അവതരിപ്പിക്കാനുള്ള കഴിവാണ് വിഷയങ്ങളും ഭാഷയും പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ പ്രഥമഗുണം. ഏതെങ്കിലും ഒരു കലയിലുള്ള പ്രാവീണ്യമാണ് കലാദ്ധ്യാപകർക്ക് വേണ്ടത്. നല്ല ഒരു കായികമികവ് ഉണ്ടായിരിക്കണമെന്നത് കായിക അദ്ധ്യാപകനു നിർബന്ധമാണ്. സ്വയം ഒന്ന് ചോദിക്കുക: ഞാൻ ആരാണ്? എന്റ് ശക്തി പഠനത്തിലാണോ? കലകളിലാണോ?, കളിയിലാണോ?. എന്നിട്ട് തീരുമാനമെടുക്കുക. ഞാൻ ഭാവിയിൽ ഏതെങ്കിലും ഒരു അദ്ധ്യാപകൻ ആയിരിക്കുമെന്നത്. അടുത്തമാസം ടീച്ചറാകാനുള്ള കോഴ്സുകൾ പരിചയപ്പെടുത്താം.

ഗെയിം

ബലൂൺ ബ്ലോ ഗെയിം

വീടിന്റെ അകത്തളത്തിൽ നടത്താവുന്ന ഗെയിം ആണിത്. രണ്ട് വലിയ ബലൂണുകൾ കൂട്ടികെട്ടണം. കൂടാതെ ചെറിയ ഒരു കല്ലും ഈ ബലൂണിൽ ഒരടി നീളമുള്ള നൂലിൽ കെട്ടിയിടണം. 5-10 മീറ്റർ ദൂരത്തിലുള്ള ഫിനിഷിംഗ് പോയിന്റിലേക്ക് ഈ ബലൂൺ സ്പർശിക്കാതെ ഊതിയൂതി തറയിലൂടെ എത്തിക്കണം. വളരെ എളുപ്പത്തിൽ ബലൂൺ നീങ്ങാതിരിക്കാനാണ് കല്ല് കെട്ടിയിടുക. ഒന്നിലധികം ടീമുകൾ മത്സരിച്ചാൽ കളി കൂടുതൽ ആവേശം നിറയും. റിലേ പോലെയും മത്സരം സംഘടിപ്പിക്കണം.

ദ റോബ്

ഒരിടത്തൊരിടത്തൊരു വികാരിയച്ചൻ.
സ്വന്തം കാര്യം മാത്രം നോക്കി ഇടവകക്കാർക്ക് ഗുണമോ ദോഷമോ ചെയ്യാതെ നിരുപദ്രവിയായി കഴിഞ്ഞുവരുന്നയാൾ...
എടുത്തു പറയേണ്ട രണ്ടു ഗുണവിശേഷങ്ങൾ അച്ചനുണ്ടായിരുന്നു.
ഒന്ന് അച്ചന്റെ ഇനിയും വികസനപ്രക്രിയ പൂർത്തിയാക്കാത്ത കുടവയറായിരുന്നു.
രണ്ടാമത്തേത് പിശുക്ക്.
അത് സ്വന്തം കാര്യത്തിൽ മാത്രമല്ല ഇടവക കാര്യത്തിലും അച്ചൻ പ്രദർശിപ്പിച്ചിരുന്നു.
പാന്റ്സോ ഷർട്ടോ ളോഹത്തുണിയോ കാശുകൊടുത്ത് വാങ്ങുന്നത് പരമ നഷ്ടമാണ് എന്നായിരുന്നു അച്ചന്റെ ഒരു വിചാരം. അതുകൊണ്ട് അതൊന്നും അച്ചൻ കാശുകൊടുത്തു വാങ്ങുമായിരുന്നില്ല.
പാന്റ്സിന്റെ തുണിയോ ളോഹത്തുണിയോ സമ്മാനമായി കിട്ടിയാൽ തയ്യൽക്കാശ് കൊടുക്കേണ്ടി വരുമല്ലോ എന്നോർത്ത് അച്ചനത്, അലമാരയിൽ അടുക്കിവയ്ക്കുകയാണ് ചെയ്തിരുന്നത്.
അച്ചന്റെ ളോഹകൾ കാലപ്പഴക്കത്താലും ഉപയോഗത്താലും മങ്ങിമഞ്ഞളിപ്പു ബാധിച്ചവയായിരുന്നു.
ഷർട്ടുകളും പാന്റ്സുകളും നിറംകെട്ട് പഴന്തുണിക്ക് സമാനമായവ...
ഇടവക തിരുനാൾ കഴിഞ്ഞിട്ട് അധികമായിട്ടില്ലാത്തതിനാൽ അച്ചന്റെ കുടവയർ അക്കാലത്ത് സാരമായ ഒരു മുന്നേറ്റം നടത്തിയിരുന്നു.
സദാ വികസ്വരമായ ആ കുടവയർ നിമിത്തം അച്ചന്റെ പാന്റ്സുകളൊന്നും അരയിൽ എത്തുമായിരുന്നില്ല. ആയതിനാൽ ചന്ദ്രലേഖ സിനിമയിലെ ശ്രീനിവാസനെപ്പോലെ അച്ചനത് ചരടോ കയറോ ഉപയോഗിച്ച് അരയിൽ കെട്ടിനിറുത്തുകയായിരുന്നു പതിവ്.
ഇടവക കാര്യങ്ങളൊക്കെ നോക്കി അച്ചൻ ഇടവകയിൽ സമാധാനമായി കഴിഞ്ഞുവരവെയാണ് ആ സംഭവമുണ്ടായത്.
ഒരു ഞായറാഴ്ച ഒന്നാമത്തെ കുർബാന ചൊല്ലി... നിങ്ങൾക്ക് സമാധാനം എന്നുപറഞ്ഞ് ജനത്തെ നോക്കി കുമ്പിട്ട അച്ചന്റെ പാന്റിന്റെ കെട്ടുപൊട്ടിപ്പോയത്.
ഞൊട്ടറ്റാൽ കടയ്ക്കൽ എന്ന പ്രമാണപ്രകാരം അച്ചന്റെ പാന്റ്സ് അദ്ദേഹത്തിന്റെ അരക്കെട്ടുമായിട്ടുള്ള എല്ലാ ബന്ധവും വിച്ഛേദിച്ച് താഴെ പതിച്ചു.
അച്ചൻ ഞെട്ടിപ്പോയി.
അങ്ങനെ ഒരു സംഭവവികാസം അച്ചൻ പ്രതീക്ഷിച്ചതല്ല. ളോഹയും, ളോഹയ്ക്കു മുകളിൽ കുർബ്ബാന കുപ്പായവുമുള്ളതിനാൽ നഗ്നത വെളിവാകുന്ന പ്രശ്നമില്ല...കുർബ്ബാനയ്ക്ക് കയറുമ്പോൾ ളോഹയ്ക്കു മുകളിൽ ആൽബ ധരിക്കേണ്ടത് വളരെ അത്യാവശ്യമായ കാര്യമാണെന്നത് അച്ചന് അന്നാണ് ബോധ്യപ്പെട്ടത്.
കുർബ്ബാനയ്ക്ക് കൊടുക്കാനുള്ള നേരമാവുകയാണ്. പാന്റ്സു ധരിക്കാതെ ജനക്കൂട്ടത്തിനിടയിൽ ഇറങ്ങി നടക്കാൻ അച്ചന് ഒരു വിഷമം. തന്നെയുമല്ല, ചത്തപാമ്പിനെപ്പോലെ.... പാന്റ്സ് അച്ചന്റെ കാൽച്ചുവട്ടിൽ കിടക്കുന്നു. അത് അവിടെനിന്നു നീക്കം ചെയ്യണം...
അച്ചൻ പാന്റ്സിൽനിന്നും പുറത്തിറങ്ങി മാറിനിന്ന് അത് അൽപ്പം തട്ടിമാറ്റിയിട്ടു.
കപ്യാരെ അച്ചൻ ആംഗ്യം കാണിച്ചു വിളിച്ചു. അച്ചന്റെ സൈൻ ലാംഗ്വേജ് നന്നായി വശമുള്ള കപ്യാർ ഉടനടി അച്ചന്റെ അരികത്തെത്തി.
കണ്ണിന്റെ ഒരു ചലനംകൊണ്ട് താഴെക്കിടക്കുന്ന വസ്തു എടുത്തുകൊണ്ടുപോകാൻ അച്ചൻ കപ്യാരോട് ആവശ്യപ്പെട്ടു. കാര്യം മനസ്സിലായെങ്കിലും താഴെക്കിടക്കുന്ന പഴകി കൂറ പിടിച്ച ആ പഴന്തുണി അവിടെ എങ്ങനെ വന്നു എന്ന് കപ്യാർക്ക് ഒരു പിടിത്തവും കിട്ടിയില്ല.
സംശയത്തോടെ അടുത്തുവന്ന കപ്യാർക്ക് തന്റെ വിദഗ്ധ നീരീക്ഷണത്താൽ താഴെ കിടക്കുന്ന വസ്തു അച്ചന്റെ അരയിൽനിന്നും അഴിഞ്ഞു

ഞൊട്ടറ്റാൽ കടയ്ക്കൽ എന്ന പ്രമാണപ്രകാരം അച്ചന്റെ പാന്റ് അദ്ദേഹത്തിന്റെ അരക്കെട്ടുമായിട്ടുള്ള എല്ലാ ബന്ധവും വിച്ഛേദിച്ച് താഴെ പതിച്ചു. അച്ചൻ ഞെട്ടിപ്പോയി. അങ്ങനെ ഒരു സംഭവവികാസം അച്ചൻ പ്രതീക്ഷിച്ചതല്ല. ളോഹയും, ളോഹയ്ക്കു മുകളിൽ കുർബ്ബാന കുപ്പായവുമുള്ളതിനാൽ നഗ്നത വെളിവാകുന്ന പ്രശ്നമില്ല...

വാട്സ്അപ്പ്

ഫാ. ബാബു വാവക്കാട്ട്

പോന്ന പഴയ പാന്റ്സ് ആണ് എന്ന സത്യം പെട്ടെന്ന് ബോധ്യപ്പെട്ടു. അയാളുടെ ഇത്രയും കാലമുള്ള കപ്യാർ ജീവിതത്തിൽ ആദ്യമായിരുന്നു ഇത്തരത്തിൽ ഒരു സംഭവം. ആ നിർണ്ണായക സന്ധി എങ്ങിനെ തരണം ചെയ്യണമെന്ന് അയാൾക്ക് ഒരു രൂപവും കിട്ടിയില്ല. അച്ചൻ കപ്യാരെ ആംഗ്യംകൊണ്ട് കുറച്ചുകൂടി അടുത്തുവിളിച്ച് എടുത്തുകൊണ്ട് പോടോ അത് എന്ന് ആരും കേൾക്കാതെ മുരണ്ടു.
അച്ചന്റെ കോപത്തിന് ഇടയ്ക്കിടെ പാത്രീഭൂതനാകാറുള്ള കപ്യാർ ഉടൻതന്നെ സങ്കീർത്തിയിലേക്ക് പാഞ്ഞുപോയി. പെസഹാ വ്യാഴാഴ്ച കാലുകഴുകൽ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന വലിയ തളികയാണ് അയാൾക്ക് കയ്യിൽ കിട്ടിയത്. അയാൾ അതുമായി തിരികെ അൾത്താരയിൽ വന്ന് ഭയഭക്തിയോടെ മുട്ടുകുത്തി നിന്ന് അച്ചന്റെ അടിവസ്ത്രം കൂടി അതിൽ പെട്ടിട്ടുണ്ടോ എന്ന് വിദഗ്ധ പരിശോധന നടത്തിയ ശേഷം അരക്കച്ച ആ തളികയിൽ നിക്ഷേപിച്ചു. ജെറമിയാ പ്രവാചകന്റെ പുസ്തകത്തിൽ പ്രവാചകന്റെ അരക്കച്ച യൂഫ്രട്ടീസ് നദിക്കരയിലെ പാറയിടുക്കിൽ കൊണ്ടുപോയി ഒളിച്ചുവയ്ക്കാൻ ദൈവം കല്പിച്ചതു പോലെ അച്ചനും വല്ല പ്രതീകാത്മക പ്രവൃത്തിയിൽ ഏർപ്പെടുകയാണോ എന്ന ദിവ്യമായ ഒരു സന്ദേഹവും അദ്ദേഹത്തിന് അപ്പോൾ ഉണ്ടാകാതിരുന്നില്ല.
തളിക കയ്യിലെടുത്ത് അച്ചനെ ഒന്നകൂടി കുമ്പിട്ടിട്ട് അയാൾ അതു കയ്യിലേന്തി ബഹുമാനം ഒട്ടും കുറയ്ക്കാതെ സങ്കീർത്തിയിലേക്ക് നടകൊണ്ടു. പ്രസ്തുത ഭാഗ്യത്തിന് ദൃക്സാക്ഷിയായ ചെമ്മദോറിനോടും അൾത്താര ബാലനോടും അത് ആരോടും പറയരുതെന്ന് കപ്യാർ പ്രത്യേകം നിർദ്ദേശിക്കയുണ്ടായി. അരക്കച്ച രഹസ്യം താൻവഴിയാണ് പുറത്തായതെന്നറിഞ്ഞാൽ അച്ചൻ തന്നെ പൊരിക്കുമെന്ന് അറിയാമായിരുന്നതിനാലാണ് കപ്യാർ അപ്രകാരം ചെയ്തത്. എന്നാൽ സഭാവാർത്തകൾ പ്രചരിപ്പിക്കുന്നതിൽ പ്രത്യേക വൈഭവമുള്ള ചെമ്മദോറും അൾത്താര ബാലകരും. അതു ഉടനെതന്നെ ഇടവക മുഴുവൻ പ്രചരിപ്പിക്കുകയുണ്ടായി.
അങ്ങനെയാണ് ഞാനും ഈ അരക്കച്ച രഹസ്യം അറിയാനിടയായത്.

.കുളി

നഗരത്തിൽ ആയിടെ ഉദ്ഘാടനം ചെയ്ത പുതിയ ഷോപ്പിംഗ് മാളിൽ ആദ്യത്തെ സന്ദർശനം നടത്തിയപ്പോഴാണ് ഞാനത് വാങ്ങിയത്.
കുളിക്കുമ്പോൾ ദേഹം തേച്ചുരച്ചു കഴുകാനുള്ള അതിലോലമായ ഒരു പ്ലാസ്റ്റിക് ചകിരി. രണ്ടു മുഷ്ടികൾ ചേർത്തുവച്ചാലുള്ള വലിപ്പമുണ്ടായിരുന്നു അതിന്. ഇളം റോസ് നിറത്തിൽ ഒരു പൂവുപോലെ... അതിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. നീളമുള്ള ഒരു പിടിയുടെ അറ്റത്തായിരുന്നു അത് പിടിപ്പിച്ചിരുന്നത് എന്നതായിരുന്നു അത്.
ഇളം ചുവപ്പുനിറത്തിൽ ഒരുമുഴം നീളമുള്ള ഒരു പ്ലാസ്റ്റിക് പിടിയുടെ അറ്റത്ത് മൃദുലമായ ആ പ്ലാസ്റ്റികനെറ്റിൽ സോപ്പു പതപ്പിച്ച് മുതുകത്ത് കയ്യെത്താത്ത സ്ഥലത്തൊക്കെ തേച്ചുകുളിക്കാം.

അങ്ങനെ എന്റെ കുളിജീവിതം വളരെ ഫ്രഷായി ഉത്സാഹത്തോടെ മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കവേയാണ് ഒരു കാര്യം എന്റെ ശ്രദ്ധയിൽപെട്ടത്. തണ്ടിന്റെ അറ്റത്തുള്ള എനിക്കു പ്രിയപ്പെട്ട പ്ലാസ്റ്റിക് റോസാപ്പൂ ദിനംതോറും നിറംമങ്ങി ശോഷിച്ചു വരുന്നു...

അഃിന്റെ കൂടെ പിയേഴ്സിന്റെ ലികിഡ് സോപ്പുകൂടെ ഞാൻ വാങ്ങി. അങ്ങനെയൊക്കെയാണല്ലോ ഒരു മനുഷ്യൻ പരിഷ്കാരിയായിത്തീരുന്നത്.
പ്ലാസ്റ്റിക് ചകിരിയും ലികിഡ് സോപ്പും എന്റെ എല്ലാ കുളികളേയും ഉന്മേഷഭരിതമാക്കി. സോപ്പിന്റെ പരസ്യത്തിൽ പറയുമ്പോലെ ഓരോ കുളിയിലും നവോന്മേഷം. ഇലകളില്ലാത്ത ഒരു തണ്ടിന്റെ അറ്റത്തുള്ള ഒറ്റപ്പെട്ട ഒരു റോസാപ്പൂവുപോലെ തോന്നിച്ചു ആ പ്ലാസ്റ്റിക് ചകിരി...
ആണിയടിച്ച് ഞാനത് ബാത്ത്റൂമിന്റെ ഭിത്തിയിൽ തലകീഴായി തൂക്കിയിട്ടു. അങ്ങനെ എന്റെ കുളിജീവിതം വളരെ ഫ്രഷായി ഉത്സാഹത്തോടെ മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കവേയാണ് ഒരു കാര്യം എന്റെ ശ്രദ്ധയിൽപെട്ടത്. തണ്ടിന്റെ അറ്റത്തുള്ള എനിക്കു പ്രിയപ്പെട്ട പ്ലാസ്റ്റിക് റോസാപ്പൂ ദിനംതോറും നിറംമങ്ങി ശോഷിച്ചു വരുന്നു...
ജീവനുള്ള ഒരു റോസാപ്പൂ അറുത്തെടുത്തുവച്ചാൽ അതിനുണ്ടാകുന്ന വാട്ടംപോലെ...
എനിക്കു വിഷമം തോന്നി.. എങ്കിലും നിരാശനാകാതെ അതേ നിറത്തിൽ മറ്റൊന്നുകൂടെ വാങ്ങാൻ ഞാൻ തീരുമാനമെടുത്തു. അപ്പോഴാണ് ബാത്ത്റൂം ക്ലീൻ ചെയ്യാൻ വരുന്ന ചേടത്തി പറഞ്ഞത് . ബാത്ത്റൂം ക്ലീൻ ചെയ്യാൻവേണ്ടി അച്ചൻ വാങ്ങിച്ചു വച്ചിരിക്കുന്ന പുതിയ ബ്രെഷില്ലേ.. ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്നത്. അതു ചീത്തയായി തുടങ്ങി പുതിയത് ഒന്നുകൂടെ വാങ്ങണം.
ഞാൻ സ്തംഭിച്ചിരുന്നുപോയി...
ഉച്ചത്തിൽ നിലവിളിക്കണമെന്ന് എനിക്കപ്പോൾ തോന്നി...
ആരോടും പറയാതെ വച്ചിരുന്ന ആ സത്യം ഇപ്പോൾ മാത്രമാണ് ഞാൻ വെളിപ്പെടുത്തുന്നത്.

January 6th

ഒന്നാം ഞായർ:
മത്തായി 2,1–2

ഉള്ളിന്റെയുള്ളിൽ നന്മയുടെ നീരോട്ടമുള്ള ജീവിതങ്ങൾക്കു മാത്രം സംഭവിക്കുന്ന ദൈവ ദർശന ഭാഗ്യമാണ് പ്രത്യക്ഷീകരണം എന്നു തോന്നിയിട്ടുണ്ട്. വേദപുസ്തകം അങ്ങനെ ചിന്തിക്കാൻ വല്ലാതെ പ്രേരിപ്പിക്കുന്നുണ്ട്. മണ്ണിന്റെ മനസ്സു തൊട്ടുരുമ്മി പിറവികൊണ്ട് ഒരു ദൈവത്തെ കാണുവാൻ ശാസ്ത്രത്തിന്റെ ലോജിക്കുകൾ കൂട്ടിക്കെട്ടി ഗണിച്ചെടുത്ത് കണ്ടെത്തിയ ഒരു നക്ഷത്രത്തിന്റെ വാലിനെ പിൻപറ്റി എത്തുന്ന പൂജ്യപ്പെട്ടവർ. അവർക്ക് ദൈവത്തെ കാണാൻ... പിറന്നുവീണ നന്മയെ പഴയനിയമത്തിൽ ഉപാസിക്കാൻ ആഗ്രഹിക്കുന്നവർ...വേറെയും ചിലരുണ്ട് ദൈവത്തെ കാണാൻ ആഗ്രഹം അഭിനയിക്കുന്നവർ... അവിശുദ്ധമായ ചില താല്പര്യങ്ങളുടെ അഴുക്കിനു മീതെ ദൈവദർശനമെന്ന് മോഹത്തിന്റെ മേല്മുണ്ട് പുതച്ചു ജീവിക്കുന്നവർ...

ഒരു കൂട്ടർ പിറവികൊണ്ട നന്മയെ രക്ഷയായി പുല്കുമ്പോൾ മറ്റൊരു കൂട്ടർ അധികാരത്തിനു കുറുകെ വീണ ഭീഷണിയുടെ നിഴലിനെ ഇല്ലാതാക്കാനുള്ള ശ്രമത്തിലാണ്. നന്മകൾ കാണാൻ പരുവപ്പെട്ട മനസ്സുകൾക്ക് ദൈവം കൊടുക്കുന്ന ദർശന പുണ്യമാണ് പ്രത്യക്ഷീകരണം. അങ്ങനെയൊരു നന്മയെ കുറിച്ചു ചിന്തിക്കാൻപോലും കഴിയാതെ പോയതുകൊണ്ടാവണം കൈയെത്തും ദൂരത്ത് അവൻ പിറന്നുവീണിട്ടും ഹേറോദേസ് അസ്വസ്ഥനാകുന്നതും, അവന് മാത്രം പ്രത്യക്ഷീകരണം കിട്ടാതെ പോകുന്നതും.

ഒന്നോർത്താൽ ഹേറോദേസിന്റെ കണക്ക് ഇടറുന്നവരാണ് പലരും. നോമ്പിന്റെ കാഠിന്യങ്ങളിൽ ആത്മീയതയെ രാകിമൂർച്ചപ്പെടുത്തുമ്പോഴും ക്രിസ്തുവിൽ നിന്നും അവന്റെ വാക്കുകളിൽനിന്നുമൊക്കെ എന്തുമാത്രമാണ് വ്യതിചലിച്ചുപോകുന്നത്. ചില ശീലങ്ങൾക്കുവേണ്ടി എത്ര തവണയാണ് ക്രിസ്തുവിന്റെ നേരെ മിഴിപൂട്ടി ഇരുട്ടാക്കുന്നത്. എന്തുമാത്രം നന്മകളെയാണ് ഞാൻ അവഗണിക്കുന്നത്.

ഭീഷണികൾ തീർക്കുന്ന അസ്വസ്ഥതകൾക്കപ്പുറം, ഈ ഭൂമിയിലെ നന്മകൾക്കു നേരെ മിഴിതുറക്കുമ്പോൾ സഹോദരനിലെ ദൈവമെന്ന രക്ഷയെ സ്നേഹിച്ചു തുടങ്ങുമ്പോൾ നിന്റെ തലയ്ക്കു മീതെയും ഒരു നക്ഷത്രം തെളിയും... അവനിലേക്ക് നയിക്കുന്ന അതേ വാൽനക്ഷത്രം.

January 13th

രണ്ടാം ഞായർ:
ലൂക്കാ 3,15–16; 21–22

നദിയുടെ ഹൃദയംതൊട്ട് മുങ്ങിനിവരുന്ന ഒരു മനുഷ്യനെ നോക്കി ദൈവം പുഞ്ചിരിക്കുന്നു. "എന്റെ പ്രിയപുത്രൻ... ഞാൻ പ്രസാദിച്ചിരിക്കുന്നു..." ഭൂമിയിലെ ഒരു മനുഷ്യനെപ്പറ്റിയും സ്വർഗ്ഗം ഇത്ര കണ്ടങ്ങ് അഹങ്കരിച്ചു കാണില്ലെന്ന് തോന്നുന്നു. ജ്ഞാനസ്നാന നീരുറവ നെറുകത്തല തണുപ്പിച്ച എല്ലാ മനുഷ്യരുടെ നേരെയും ഒരു വെല്ലുവിളിയുടെ മുന നീളുന്നുണ്ട് സുവിശേഷത്തിൽ. സ്വർഗ്ഗത്തിന് അഹങ്കാരപ്പെടാൻ തക്കവിധം എന്നാണ് എന്റെ ജീവിതപരിസരങ്ങൾ കൃപ നിറഞ്ഞു തുടങ്ങുക. ദൈവത്തിന് മാത്രം സാധ്യമായ കാര്യങ്ങളെന്നൊക്കെ പറഞ്ഞ് ഒരുവനുപോലും ഒഴിഞ്ഞുമാറാനാവില്ല. കാരണം ദൈവികത്വത്തിന്റെ ധന്യത പേറുന്ന മാലാഖയായിട്ടല്ല, മറിച്ച് പച്ച മാംസത്തിന്റെ പ്രലോഭനങ്ങളും വേദനകളും അതിജീവിച്ച മനുഷ്യനായിട്ടാണ് അവനും ഈ ഭൂമിയിൽ വാഴുന്നത്.

എന്തിനധികം എത്രയെത്ര വിശുദ്ധ ജീവിതങ്ങളാണ് നമുക്ക് മുന്നേ പറക്കുന്നത്. തീർച്ചയായും അവരെക്കുറിച്ചൊക്കെ ദൈവം അതേ കമന്റടിച്ചുകാണും... ഞാൻ പ്രസാദിച്ച എന്റെ പ്രിയ പുത്രൻ... നിന്റെ പാതകൾ നേരെയാക്കണം..കുന്നുകൾ നികത്തപ്പെടണം... താഴ്വരകൾ നികത്തപ്പെടണം... കാണെക്കാണെ നിന്റെ ജീവിതം വിശുദ്ധീകരിക്കപ്പെടും. ഒടുവിലൊരുനാൾ ഇരുകരങ്ങളും വിരിച്ച് സ്വർഗ്ഗം അഹങ്കാരത്തോടെ നിന്നെ സ്വീകരിക്കും. "ഞാൻ പ്രസാദിച്ച എന്റെ പുത്രൻ..."

January 20th

മൂന്നാം ഞായർ:
യോഹ 2,1-11

കലവറക്കാരന്റെ കോംപ്ലിമെന്റ് തീർച്ചയായും ക്രിസ്തുവിനു അവകാശപ്പെട്ടതാണെന്നു തോന്നുന്നു. കാരണം നല്ല വീഞ്ഞിന്റെ നാഥൻ അവനാണല്ലോ. പങ്കു ചോദിക്കുന്നവർക്കൊക്കെ ഏറ്റവും നല്ലതു വിളമ്പുന്നവനാണ് ക്രിസ്തു.

ജീവിതത്തിന്റെ ഏറ്റവും നല്ലത് പകുത്തു കൊടുക്കാൻ കഴിഞ്ഞവരാണ്. ചരിത്രത്തിൽ ഇന്നോളം ഭൂമിയെ അത്ഭുതപ്പെടുത്തിയിട്ടുള്ളതെന്ന ചിന്തയുണ്ട്. ഇനിയും എന്റെ സമയമായിട്ടില്ല എന്ന് പറയുന്നവൻ അനിവാര്യമായ അത്ഭുതത്തിലേക്ക് നടന്നു കയറിയപ്പോൾ പണയം വച്ചത് അവന്റെ തന്നെ ജീവിതമായിരിക്കുമല്ലോ എന്ന് പലപ്പോഴും സംശയിച്ചിട്ടുണ്ട്. ആയിരിക്കാനാണ് സാധ്യത. അതുകൊണ്ടായിരിക്കണം അവന്റെ ആദ്യ അദ്ഭുതത്തിലൂടെ കണ്ണോടുമ്പോഴൊക്കെ ഉള്ള് ത്രസിക്കുന്നത്.

കുടുംബമെന്ന ക്രിസ്മസ് കൂട്ടിൽ മാതാപിതാക്കൾ ഏറ്റവും നല്ലതു കൊടുക്കുമ്പോൾ മകന്റെ ജീവിതത്തിൽ അദ്ഭുതം പൂവിടും. ജീവിതത്തിന്റെ ഏറ്റവും നല്ലത് പരസ്പരം പങ്കിടുമ്പോൾ ദാമ്പത്യം അത്ഭുതമാകും. മക്കളുടെ ഏറ്റവും നല്ലത് പകുത്തുകൊടുക്കുമ്പോൾ മാതാപിതാക്കൾക്ക് വാർദ്ധക്യം അനുഗ്രഹമാകും.

ദൈവംപോലും അങ്ങനെയായിരുന്നല്ലോ... തനിക്കേറ്റവും പ്രിയപ്പെട്ടതിനെ തന്നിൽനിന്ന് പറിച്ച് വേർപെടുത്തി ലോകത്തിനു കൊടുക്കുന്നു. ഭൂമിയിലെ ഓരോ പുല്ക്കൂടിനുള്ളിലും മനുഷ്യൻ ക്രിസ്തുവിന്റെ വരവ് ആഘോഷിക്കുന്നു.

ക്രിസ്മസ് ദൈവത്തിന് എന്തായിരിക്കും...

തീർച്ചയായും മകനെ നഷ്ടപ്പെട്ടുപോയ ഒരപ്പന്റെ നൊമ്പരമായിരിക്കണം...

ജീവിതത്തിന്റെ ഏറ്റവും നല്ലതുകളിൽ നിന്നും അദ്ഭുതങ്ങൾ വിരിയട്ടെ.

January 27th

നാലാം ഞായർ:
ലൂക്കാ 1,1-4. 4,14-21

വചനത്തിലൂടെ വായിച്ചറിഞ്ഞ നിയോഗത്തെയും നിയോഗത്തിന്റെ സാക്ഷാത്കാരത്തെയും തിരിച്ചറിയുന്ന ക്രിസ്തുവാണ് വേദഗ്രന്ഥത്തിന്റെ വരികൾക്കിടയിലെ പ്രമേയം. ഏല്പിക്കപ്പെട്ട നിയോഗങ്ങൾക്കുവേണ്ടി നിലകൊള്ളുവാനും ജീവൻ നഷ്ടപ്പെടുത്തുവാനും മടികാണിക്കാതെ ചരിത്രത്തെ ധന്യമാക്കി മണ്ണോടു ചേർന്നുപോയ ജീവിതങ്ങളുടെ ഓർമ്മപ്പെടുത്തലുകളാണ് വേദഗ്രന്ഥത്തിലുടനീളം.

നിയോഗങ്ങൾക്കു രണ്ടു മാനങ്ങളുണ്ട്. മനുഷ്യൻ ദാനമായി ജീവിക്കുന്ന സമൂഹം ഏല്പിച്ചുകൊടുക്കുന്ന നിയോഗം. എല്ലാ മനുഷ്യരും അതിനോടു പ്രതിപത്തി പുലർത്തുന്നുണ്ട്. കാരണം അത്തരം നിയോഗത്തിന്റെ സാക്ഷാത്കാരമാണ് അവനെ സമൂഹത്തിന്റെ ഭാഗമാക്കുന്നതും അവന്റെ ജീവിതത്തിന് കളമൊരുക്കുന്നതും. അതുകൊണ്ടാണ് കപ്പം ചോദിക്കുന്നവനുപോലും അവൻ അത് നിഷേധിക്കാത്തത്.രണ്ടാമത്തേത് ദൈവികമാണ്. ജീവിതംകൊണ്ട് മനുഷ്യൻ നേടിയെടുക്കേണ്ട സാക്ഷാത്കാരം. നിന്റെ ജീവിതംകൊണ്ട് ദൈവം എന്ത് ഉദ്ദേശിക്കുന്നുവോ അതാണ് നിന്റെ ദൈവിക നിയോഗം. മറുതലിച്ചു നില്ക്കാനും മറന്നുകളയാനുമൊക്കെയാണ് മനുഷ്യന് ഇഷ്ടം. യോനായെപ്പോലെ... പിടികൊടുക്കാതെ ഓടിത്തുടങ്ങും... അമ്മയുടെ കൈവിരൽത്തുമ്പ് വിട്ട് തൊടിയിലേക്കിറങ്ങിയോടുന്ന കുട്ടിയെപ്പോലെ... എല്ലാറ്റിനും ഒടുവിൽ അതേ കൈവിരൽതേടി അവനെത്തും.

ദൈവിക നിയോഗങ്ങളോട് മറുതലിച്ചു നിന്ന് നഷ്ടങ്ങളുടെ ചരിത്രമായല്ല... മറിച്ച് അതേ നിയോഗത്തിന്റെ സാക്ഷാത്കാരമായി ജീവിതം മാറട്ടെ.

വിശ്വാസം അലങ്കരിക്കുവാനുള്ളതല്ല ജീവിക്കാനുള്ളതാണ്

ഡോ. സ്റ്റാൻലി മാതിരപ്പള്ളി

യേശു തന്റെ പരസ്യജീവിതം ആരംഭിച്ചത് ഗലീലി എന്ന സ്ഥലത്താണ്; അവസാനിപ്പിച്ചത് ജറുസലേമിലും. ഗലീലിയിൽനിന്ന് ജറുസലേമിലേക്കുള്ള യാത്രാമധ്യേ യേശു തന്റെ ശിഷ്യന്മാരെയും അനുയായികളെയും ഒത്തിരിയേറെ കാര്യങ്ങൾ പഠിപ്പിച്ചു. അതിൽ ചില കാര്യങ്ങളാണ് ഈ സുവിശേഷഭാഗത്ത് ലൂക്കാ വിവരിക്കുന്നത്. ഇവിടെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശിഷ്യന്മാർക്കുവേണ്ടി മാത്രമുള്ളതല്ല, വിശ്വാസികളായ നമുക്കോരോരുത്തർക്കും വേണ്ടിയുള്ളതാണ്.

നാലുകാര്യങ്ങളാണ് പ്രധാനമായും യേശു ഇവിടെ പഠിപ്പിക്കുന്നത്.

1.നിങ്ങൾ മറ്റുള്ളവർക്ക് ദുർമ്മാതൃക നല്കരുത്. ക്രിസ്തുവിശ്വാസികളായ നമുക്കെല്ലാവർക്കും മാതൃകയാകേണ്ടത് ക്രിസ്തുവിന്റെ ജീവിതമാണ്. മറ്റുള്ളവർക്ക് നല്ല മാതൃക നല്കേണ്ട നാം അത് നല്കാതിരിക്കുന്നത് പാപമാണ്. മറ്റുള്ളവരെ സ്നേഹിക്കുകയും അവരുടെ ദുഃഖങ്ങളിൽ പങ്കുചേരുകയും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരുമായി നമുക്കുള്ളത് പങ്കിടുകയുമൊക്കെയാണ് നാം ചെയ്യേണ്ടത്. എന്നാൽ അത് ചെയ്യാതിരിക്കുക പാപമാണെന്നിരിക്കേ നാം ദുർമ്മാതൃകകൂടി നല്കിയാലോ? അത് നമ്മുടെ വിശ്വാസത്തിനെതിരാണ്. ഇതാണ് യേശു നല്കുന്ന ഒന്നാമത്തെ പാഠം.

2.കൂടെയുള്ളവർ തെറ്റുചെയ്താൽ അവരോടു ക്ഷമിക്കണം എന്നതാണ് രണ്ടാമത്തെ പാഠം. മറ്റുള്ളവരോട് വെറുപ്പും പകയും വച്ചു ജീവിക്കുന്നത് ക്രിസ്തീയ വിശ്വാസത്തിനെതിരാണ്. മറ്റുള്ളവരുടെ തെറ്റുകൾ ചൂണ്ടിക്കാട്ടാം. എന്നാൽ അവരോട് ക്ഷമിക്കാതിരിക്കുന്നത് ശരിയല്ല.

3.ഉറച്ച വിശ്വാസമാണ് നമുക്കുള്ളതെങ്കിൽ ചോദിക്കുന്നതെന്തും കർത്താവു തരും. നാം എല്ലാക്കാര്യത്തിലും ആദ്യം ആശ്രയിക്കേണ്ടത് ദൈവത്തിലാണ്. ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം നാം മറ്റെന്തിൽ ആശ്രയിച്ചാലും അത് പരാജയത്തിലും നിരാശയിലും കലാശിക്കും. പിതാവേ എന്റെ ഹിതമല്ല അങ്ങയുടെ ഹിതം നിറവേറട്ടെ എന്നാണ് യേശു ഗത്സമനിയിൽ പ്രാർത്ഥിച്ചത്. ഇതാ കർത്താവിന്റെ ദാസി നിന്റെ വചനംപോലെ എന്നിൽ നിറവേറട്ടെ എന്നാണ് മറിയം പറഞ്ഞത്. ഉറച്ച വിശ്വാസത്തോടെ കർത്താവിൽ മാത്രം ആശ്രയിക്കണം.

4.പ്രതിഫലം ഇച്ഛിക്കാതെ നന്മ ചെയ്യണം എന്നതാണ് യേശു പഠിപ്പിക്കുന്ന നാലാമത്തെ കാര്യം. ദൈവകൃപ കൂടാതെ നമുക്ക് നമ്മുടെ ചെറുവിരൽപോലും അനക്കാനാവില്ല എന്നിരിക്കേ നാം എന്തിന് അഹങ്കരിക്കണം. എന്തു കാര്യം നാം ചെയ്താലും അത് ദൈവനാമത്തിൽ ചെയ്യണം. മഹത്വം തമ്പുരാനുള്ളതാണ്. ദൈവകൃപയാൽ നമ്മെ നിരന്തരം നടത്തുന്നതിൽ അവിടുത്തേക്ക് നന്ദിപറയണം. മറ്റുള്ളവർക്ക് നല്ലതു ചെയ്യുന്നതിൽ സദാ ഉത്സുകരാകണം. ഒരു നല്ല ക്രിസ്തുവിശ്വാസി ആയിത്തീരാൻ നമുക്ക് ഇക്കാര്യങ്ങൾ ശ്രദ്ധിക്കാം.

ഒരു നല്ല ക്രിസ്തീയകുടുംബം രൂപപ്പെടുത്താനും ഇക്കാര്യങ്ങൾ നമ്മെ സഹായിക്കും. നമ്മുടെ വിശ്വാസം വെറുതെ ആഘോഷങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രം ഒതുക്കാനുള്ളതല്ല. അത് ദൈവത്തിനും സമൂഹത്തിനുമായി ജീവിക്കാനുള്ളതാണ്.

ചോദ്യങ്ങൾ

1. നമ്മുടെ വിശ്വാസജീവിതം ക്രിസ്തുവിനുള്ള സാക്ഷ്യമാക്കി മാറ്റാൻ നമുക്കെന്തെല്ലാം ചെയ്യാനാവും?

2. കുടുംബയൂണിറ്റിലെ സാമൂഹ്യ ശുശ്രൂഷാസംവിധാനങ്ങൾ ഉപയോഗിച്ച് മറ്റുള്ളവർക്ക് എങ്ങനെ സഹായഹസ്തം നല്കാനാവും?

3. വിശ്വാസികൾ തമ്മിൽത്തമ്മിലും കുടുംബങ്ങൾ തമ്മിലുമൊക്കെയുള്ള വഴക്കുകൾ മാറ്റി അനുരഞ്ജനത്തിന്റെ വഴികൾ എങ്ങനെ സാധ്യമാക്കാനാവും?

ഓച്ചന്തുരുത്ത്
നിത്യസഹായമാതാ
ദൈവാലയത്തിൽ

പരിശുദ്ധ നിത്യസഹായമാതാവിന്റെ തിരുനാൾ

2019 ജനുവരി 30 മുതൽ
ഫെബ്രുവരി 3 വരെ

നവനാൾ ദിനങ്ങൾ

2019 ജനുവരി 21 മുതൽ 29 വരെ

ഫാ. റോണി ജോസഫ് മനക്കിൽ (വികാരി) / ഫാ. മിഥുൻ ജോസഫ് ചെള്ളായത്ത് (സഹവികാരി) / പ്രസുദേന്തിമാർ

Book 01 - Vol 09 - Jeevadeepthi -
January 2019 (44 pages)

ഭവനനിർമ്മാണ സഹായ വിതരണം

പാലാരിവട്ടം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവകയിൽ നിന്നും സമാഹരിച്ച 25 ലക്ഷം രൂപ മുട്ടിനകം, പാനായികുളം, പള്ളിപ്പുറം, നസ്രത്ത്, പുതുവൈപ്പ്, കടമക്കുടി, ആലുവ, പാലാരിവട്ടം, വല്ലാർപാടം ഇടവകകളിൽ നിന്നുള്ള കുടുംബങ്ങൾക്ക് **വരാപ്പുഴ അതിരൂപത മെത്രാപ്പോലിത്ത ജോസഫ് കളത്തിപ്പറമ്പിൽ** വിതരണം ചെയ്യുന്നു.

ഷിബു ഫ്രാൻസിസ് ചമ്മിണിക്കോടത്ത്, മംഗലത്ത് ഷിബു, ഷാബു, നെൽസൻ, കൊബ്രേര തുടങ്ങിയവർക്ക് പ്രത്രേക നന്ദി.

St. John the Baptist Church
Palarivattom
Archdiocese of Verapoly
Ph: 0484-2344287 E-mail: johnbaptistpalarivattom@gmail.com

ESSS-ലേക്ക് കുടുംബയൂണിറ്റുകൾ വഴി സംഭാവനകൾ നൽകിയതിനും വെള്ളപ്പൊക്കത്തിൽപ്പെട്ട പള്ളികളെ സാമ്പത്തികമായി സഹായിച്ചതിനും 25 ലക്ഷം രൂപ ഭവനനിർമ്മാണസഹായം നൽകിയതിനും പാലാരിവട്ടം ഇടവകയ്ക്ക് അഭിനന്ദനങ്ങൾ. (KLCA-പാലാരിവട്ടം)

Printed, published and owned by Fr. Antony Arackal and printed at Sterling print house, Kochi - 682 017 and published at Ashirbhavan, Cochin - 682 018.
Editor Fr. Jenson Livera. Tel: 0484 2397918